**നിയമ നിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും:

(i) 2025-ലെ കേരള വന (ഭേദഗതി) ബിൽ

(ii) 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഈ ബില്ലുകൾ അവതരിപ്പിക്കുമ്പോൾ പ്രതിപക്ഷ എം.എൽ.എ.-മാർ ഇവിടെയുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. നിയമനിർമ്മാണ സഭയിലേയ്ക്കാണ് ജനങ്ങൾ നമ്മളെ തിരഞ്ഞെടുത്ത് അയച്ചിരിക്കുന്നത്. ആ

സഭയിൽ നിയമനിർമ്മാണവുമായി സഹകരിക്കുകയെന്നത് ജനങ്ങൾക്ക് നമ്മൾ നൽകിയ വാഗ്ദാനങ്ങളിൽ സുപ്രധാനമാണ്. പക്ഷേ ആ വാഗ്ദാനത്തെ പൂർണ്ണമായും മറന്നുകൊണ്ട് തുടർച്ചയായി നിയമനിർമ്മാണ പ്രക്രിയയിൽനിന്നും വിട്ടുനിൽക്കുന്ന പ്രതിപക്ഷത്തെയാണ് നമുക്ക് ഇവിടെ കാണാൻ സാധിക്കുന്നത്. ഇത് പാർലമെന്ററി ഡെമോക്രസിയോടുള്ള അവഹേളനവും വെല്ലുവിളിയുമാണെന്ന് പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്. നമ്മുടെ നിയമസഭാ സാമാജികരെല്ലാം ഈ നിയമനിർമ്മാണ പ്രക്രിയയിൽ പങ്കെടുക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നതുകൊണ്ടാണ് ഇതുപറയുന്നത്. കേരളത്തിലെ ജനസംഖ്യയുടെ മൂന്നിലൊന്ന് ഭാഗം വരുന്ന ജനങ്ങളെ പ്രത്യേകിച്ചും, മറ്റ് പ്രദേശങ്ങളിലെ ജനങ്ങളെ പൊതുവെയും ഗുരുതരമായി ബാധിക്കുന്ന വനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇന്ന് നിലനിൽക്കുന്നുണ്ട്. അതിന് പരിഹാരം കാണുന്നതിന് തടസ്സമായി നിൽക്കുന്നത് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ 1972-ലെ വന്യജീവി (സംരക്ഷണം) നിയമമാണ്. ആ നിയമത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ചും അന്നത്തെ നിയമത്തിൽ

കാലോചിതമായ പരിഷ്കാരം വേണമെന്നാവശ്യപ്പെട്ടുകൊണ്ടും കേരളത്തിലെ ജനങ്ങൾ പലതവണ പ്രക്ഷോഭസമരങ്ങളിലൂടെയും എം.എൽ.എ.-മാർ നിയമസഭയിലായാലും നിയമസഭയൊട്ടാകെയും ആവശ്യപ്പെടുകയും ഒന്നിലേറെ തവണ കേന്ദ്രമന്ത്രിമാരെ നേരിൽക്കണ്ട് ഈ ആവശ്യം മുന്നോട്ടുവയ്ക്കുകയും ചെയ്തിരുന്നു. ദൗർഭാഗ്യവശാൽ ഞങ്ങളുടെ പരിശ്രമങ്ങളെല്ലാം ദയനീയമായി പരാജയപ്പെട്ടുവെന്ന് ബോധ്യമായ പശ്ചാത്തലത്തിലാണ്...., ഇതൊരു കേന്ദ്ര നിയമമായതിനാൽ ആ നിയമത്തിന്റെ പരിമിതിയിൽനിന്നുകൊണ്ടാണ് ഇത്തരത്തിലുള്ള നിയമം ജനങ്ങളുടെ രക്ഷയ്ക്കുവേണ്ടി കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചത്. ഈ ബില്ലുകളുടെ അവതരണഘട്ടത്തിൽ ലഭിച്ച നല്ല പിന്തുണ ഇനിയുമുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്.

വന്യജീവികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കണമെന്നും ആപത്ഘട്ടം വരുമ്പോൾ സംസ്ഥാന ഗവൺമെന്റുകൾക്ക് അതിലിടപെടാനുള്ള സ്വാതന്ത്ര്യമുണ്ടാകണമെന്നും ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങളിലൂന്നിക്കൊണ്ടാണ്

നിയമനിർമ്മാണവുമായി മുന്നോട്ടുവന്നത്. നിയമത്തിലെ നിബന്ധനകളിൽ ഇളവുവരുത്താനുള്ള അവകാശം അതതുകാലത്തെ സംസ്ഥാന ഗവൺമെന്റുകൾക്ക് ഉണ്ടായിരിക്കണമെന്നതാണ് ഈ ബില്ലിന്റെ പൊരുൾ. അതിനോട് എല്ലാ ബഹുമാനപ്പെട്ട സാമാജികരും യോജിച്ചതായാണ് ഞാൻ കാണുന്നത്. നമ്മുടെ സംസ്ഥാനത്ത് 1961-ൽ പാസ്സാക്കിയ കേരള വന നിയമമാണ് ഇപ്പോഴും പ്രാബല്യത്തിലുള്ളത്. വന നിയമത്തിന്റെ ഭാഗമായി ചന്ദനമരം മുറിക്കുക തുടങ്ങിയ കാര്യങ്ങളിൽ വലിയ പ്രതിബന്ധങ്ങളാണുണ്ടായിട്ടുള്ളത്. അത്തരം പ്രതിബന്ധങ്ങൾ നീക്കി കർഷകന് സ്വന്തം പുരയിടത്തിൽ സ്വമേധയാ വളരുകയോ വച്ചുപിടിപ്പിക്കുകയോ ചെയ്തിട്ടുള്ള ചന്ദനമരങ്ങൾ മുറിക്കാനും വിൽക്കാനുമുള്ള പൗരന്റെ അവകാശം സംരക്ഷിക്കുകയെന്നതാണ് രണ്ടാമത്തെ ബില്ലിലെ ഏറ്റവും പ്രസക്തമായ ഭാഗം. ഈ രണ്ട് ബില്ലുകളും കേരളത്തിലെ കർഷക സമൂഹത്തിൽ ആവേശം നൽകുന്ന തീരുമാനമായിരിക്കുമെന്നാണ് ഞാൻ കരുതുന്നത്. കേരളത്തിലെ ജനങ്ങൾ ഈ ബിൽ പാസ്സാക്കുന്നതിന് കാതോർക്കുകയാണ്. അവരുടെ ആഗ്രഹാഭിലാഷങ്ങൾക്കനുസരിച്ച് ഉയർന്ന്

പ്രവർത്തിക്കാനും പ്രതിബദ്ധതയോടുകൂടി അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുമുള്ള ഗവൺമെന്റിന്റെ എളിയ ശ്രമമാണ് ഈ ബില്ലിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. ഈ രണ്ട് ബില്ലുകളും പാസ്സാക്കിത്തരണമെന്ന് ഞാൻ സഭയോട് സ്നേഹപൂർവം അഭ്യർഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ട് ബില്ലുകളുടെയും ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്.

(2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾക്ക് വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

ശ്രീ. പി. ടി. എ. റഹീം: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള വന (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നാം ഒരുപാട് തവണ മനുഷ്യ-വന്യമൃഗ സംഘർഷത്തെപ്പറ്റി ചർച്ച ചെയ്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ വലിയ രീതിയിൽ ചർച്ചകളും പ്രക്ഷോഭങ്ങളും നടത്തിയിട്ടുള്ള വിഷയത്തിന്മേൽ എങ്ങനെ പരിഹാരം കണ്ടെത്താൻ കഴിയുമെന്ന ചിന്തയിൽനിന്നാണ് ഇത്തരമൊരു നിയമനിർമ്മാണം വന്നിട്ടുള്ളത്. മലയോരമേഖലയിലെ ജനതയ്ക്കും സംസ്ഥാനത്തെ കർഷകർക്കും ആശ്വാസമാകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഈ ബിൽ ഇപ്പോൾ വന്നിട്ടുള്ളത്. ബില്ലിനെ സംബന്ധിച്ചിടത്തോളം സംസ്ഥാന സർക്കാരിന്റെ അധികാരപരിധി വളരെ തുച്ഛമാണെന്ന് ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ജനങ്ങൾ നേരിടുന്ന വന്യമൃഗ ആക്രമണങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിനും നിലവിലുള്ള കേന്ദ്രനിയമത്തിലെ അപ്രായോഗിക വ്യവസ്ഥകൾ ചൂണ്ടിക്കാട്ടിയും നിരവധി തവണ നേരിട്ടും അല്ലാതെയും കേന്ദ്രഗവൺമെന്റിനെ ബോധ്യപ്പെടുത്തിയിട്ടുള്ളതാണ്. കേന്ദ്ര

നിയമം കാലാനുസൃതമായി ഭേദഗതി ചെയ്യണമെന്ന് സംസ്ഥാന നിയമസഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

വനമേഖലയിൽനിന്നും വളരെ വിദൂരത്താണ് എന്റെ നിയോജകമണ്ഡലം സ്ഥിതിചെയ്യുന്നത്. എന്നാൽ അവിടെപോലും കാട്ടുപന്നികൾ വാഴ ഉൾപ്പെടെയുള്ള കൃഷികൾ നശിപ്പിക്കുന്ന സ്ഥിതിയാണുള്ളത്. അതിനാൽ ഒരു കൃഷിയും സംരക്ഷിക്കാൻ സാധിക്കുന്നില്ല. കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും നിഷേധാത്മകമായ നിലപാടുണ്ടാകുകയും നിയമം ഭേദഗതി ചെയ്യാൻ യാതൊരു കാരണവശാലും തയ്യാറാകില്ലെന്ന് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിലാണ് സംസ്ഥാന ഗവൺമെന്റ് ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവരാൻ തീരുമാനിച്ചത്. അക്രമകാരികളായ വന്യമൃഗങ്ങളെ ഉടനടി വെടിവച്ച് കൊല്ലാനുള്ള അധികാരം ചീഫ് വൈൽഡ് ലൈഫ് വാർഡനുണ്ടെന്നാണ് ചിലർ പ്രചരിപ്പിക്കുന്നത്. പക്ഷേ നിയമത്തിലെ വ്യവസ്ഥകൾ പരിശോധിച്ചാൽ അങ്ങനെയൊരു അധികാരമില്ലെന്ന വസ്തുതയാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഏതെങ്കിലുമൊരു മൃഗത്തെ

വെടിവച്ചതായി നമുക്കറിയില്ല. "വേലി കെട്ടിയിട്ട് കാര്യമില്ല; കാരണം അതിനെ ആന പൊളിക്കുന്നു. ട്രഞ്ച് ഉണ്ടാക്കിയിട്ട് കാര്യമില്ല; കാരണം അതിൽ ആന മണ്ണിട്ടിട്ട് അപ്പുറം കടക്കുന്നു. മതിൽ കെട്ടിയാൽ ആന അത് തകർക്കുന്നു. വൈദ്യുതി ലൈനുകൾ സ്ഥാപിക്കുകയെന്നുള്ളതാണ് ഇനിയുള്ള ഒറ്റകാര്യം" എന്നാണ് പഴയ യു.ഡി.എഫ്.-ന്റെ വനം വകുപ്പുമന്ത്രി പറഞ്ഞിട്ടുള്ളത്. അത് വലിയ അപകടകരമായ ഒരു സാഹചര്യമാണെന്ന് നമുക്കറിയാം. പക്ഷേ കാട്ടുപന്നി പോലുള്ള വന്യമൃഗങ്ങളെ തടയുന്നതിന് ഇതൊന്നും പര്യാപ്തമല്ല. അവർ കൃഷിയിടങ്ങളിൽ വിളയാടുകയാണെന്ന് നമുക്ക് അറിയാം. കേന്ദ്രസർക്കാർ പോലും സമ്മതിച്ച ഒരു വിഷയമാണ്, ചില ആളുകൾ തെറ്റിധാരണ പരത്തിക്കൊണ്ട്, ഇവിടെത്തന്നെ ഇതിനൊക്കെയുള്ള നിയമമുണ്ട്, നമുക്ക് ഇതൊക്കെ ഇവിടെത്തന്നെ ചെയ്യാമെന്ന് പ്രചരിപ്പിക്കുന്നത്. ചീഫ് വൈൽഡ് ലൈഫ് വാർഡന് ജനവാസമേഖലകളിലും കൃഷിസ്ഥലങ്ങളിലും ഇറങ്ങുന്ന അക്രമകാരികളായ വന്യമൃഗങ്ങളെ വെടിവച്ച് കൊല്ലാൻ അധികാരമുണ്ടെന്നാണ് ഇപ്പോഴും ചില ആളുകൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. പഴയ വനം വകുപ്പുമന്ത്രിതന്നെ

ഇക്കാര്യം പരസ്യമായി വ്യക്തമാക്കിയിട്ടുള്ളതാണെന്ന് ഞാൻ നേരത്തെ പറഞ്ഞതാണ്. പ്രസ്തുത നിയമവുമായി ബന്ധപ്പെട്ട സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവർ ഉൾപ്പെടെ സൂക്ഷമമായി പരിശോധിച്ചാൽ ചീഫ് വൈൽഡ് ലൈഫ് വാർഡന് അങ്ങനെയൊരു അധികാരമില്ലെന്ന വസ്തുത മനസ്സിലാക്കാൻ സാധിക്കുന്നതാണ്. തെറ്റായ വാദങ്ങൾ ഉന്നയിക്കുന്ന ആളുകൾ നിയമത്തിന്റെ 11-ാം വകുപ്പിന്റെ ആദ്യ ഖണ്ഡിക മാത്രം വായിച്ചിരിക്കാനാണ് സാധ്യത. അതിന്റെ ബാക്കിയുള്ള കാര്യങ്ങളൊന്നും വായിക്കാത്തതുകൊണ്ടാണ് അവർ ഇത്തരമൊരു പ്രചരണം നടത്തുകയും സമരം നടത്തുകയുമൊക്കെ ചെയ്യുന്നത്. ഏതായാലും ഇങ്ങനെയൊക്കെയുള്ള വിഷയങ്ങൾ വന്നപ്പോഴാണ് ഇതുപോലൊരു നിയമനിർമ്മാണവുമായി ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി നിയമസഭയ്ക്ക് മുമ്പിൽ വന്നിട്ടുള്ളത്. പ്രൊവൈസോകളിലും വിശദീകരണത്തിലും പറഞ്ഞ പ്രകാരം അപകടകാരികളായ വന്യമൃഗങ്ങളെ പിടികൂടുകയോ മയക്കുവെടി വയ്ക്കുകയോ മറ്റ് സ്ഥലത്തേക്ക് മാറ്റുകയോ ചെയ്യണം, അവയെ തടവിൽ വയ്ക്കാനോ കൂട്ടിൽ അടയ്ക്കാനോ പാടില്ല, മറ്റ് സ്ഥലത്തേക്ക് മാറ്റുമ്പോൾത്തന്നെ അതിന്

യാതൊരു പരുക്കും പറ്റാതെ നോക്കണമെന്നാണ്. വ്യവസ്ഥകൾ വീണ്ടും കർശനമാക്കുന്നതിന് കേന്ദ്ര സർക്കാർ സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവർ പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു ആനയെ നമ്മൾ പിടിച്ചാൽ, ആ ആനയെ നമ്മൾ ലോറിയിൽ കയറ്റി ദൂരെസ്ഥലത്തേക്ക് കൊണ്ടുപോകണം. വനത്തിനുള്ളിൽ അതിർത്തിയില്ല. അതുകൊണ്ട് അവ പിന്നെയും ഈ പ്രദേശത്തേയ്ക്കുതന്നെ വരും. മാത്രമല്ല, സംസ്ഥാനത്തിന്റെ അതിർത്തിയും കാട്ടിനുള്ളിൽ പരിമിതമല്ല. അതുകാരണം അയൽ സംസ്ഥാനങ്ങളുടെ അതിർത്തിയിലൊക്കെ വനമുള്ളതുകൊണ്ട് നമുക്ക് ഇക്കാര്യത്തിലൊന്നും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നില്ല എന്നുള്ളത് വസ്തുതയാണ്. ചിലർ പറയുന്നതുപോലെ ആക്രമണകാരികളായ വന്യമൃഗങ്ങളെ ഉടനടി കൊല്ലാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരമുണ്ടെങ്കിലും ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ യു.ഡി.എഫ്.-ന്റെ കാലത്ത് അങ്ങനെയൊന്നും കൊന്നതായി നമുക്ക് മനസ്സിലാക്കാൻ സാധിക്കില്ല. ഈ വിഷയങ്ങളൊക്കെ മനസ്സിലാക്കിയാണ് ഇങ്ങനെയൊരു നിയമം നിയമസഭയുടെ മുമ്പിൽ കൊണ്ടുവന്നത്. ഈ നിയമം

സംസ്ഥാന നിയമസഭ പാസ്സാക്കിയാലും കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. എങ്കിലും ഇക്കാര്യത്തിൽ നമ്മളൊരു ശ്രമം നടത്തുകയാണ് എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട മൂന്ന് വ്യവസ്ഥകളാണ് ഈ ബില്ലിൽ ഉൾപ്പെടുത്തിട്ടുള്ളത്. ഏത് സാഹചര്യത്തിലാണ് ഒരു വന്യമൃഗം മനുഷ്യന് അപകടകാരിയാകുന്നതെന്ന് ബില്ലിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്ര നിയമത്തിൽ അങ്ങനെയൊരു വ്യക്തതയില്ല.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, വളരെ രൂക്ഷമായ മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിന്, 1972-ൽ അന്ന് കേന്ദ്രം ഭരിച്ചിരുന്ന കോൺഗ്രസ് സർക്കാർ കൊണ്ടുവന്ന വളരെ കർക്കശമായ വ്യവസ്ഥകളോടുകൂടിയ 1972-ലെ വന്യജീവി (സംരക്ഷണം) നിയമം കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ഉന്നയിച്ചുകൊണ്ട് ഞാൻ മുമ്പൊരു ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിരുന്നു. അതുപോലെ വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്ത് മനുഷ്യ-വന്യജീവി സംഘർഷത്തിന് അറുതി വരുത്താൻ ഉപകരിക്കത്തക്ക നിലയിൽ

ആക്രമണകാരികളായ വന്യമൃഗങ്ങൾ ജനവാസ മേഖലകളിലെത്തിയാൽ വെടിവച്ച് കൊല്ലുന്നതിനടക്കമുള്ള നടപടികൾ സുതാര്യമാക്കുകയും വേഗത്തിലാക്കുകയും ചെയ്യണമെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ച് നിയമം ഭേദഗതി ചെയ്യണമെന്നുള്ള ഒരു ഉപക്ഷേപം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഔദ്യോഗികമായി കേന്ദ്രത്തോട് പലതവണ ആവശ്യപ്പെടുകയും കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് പലതവണ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടും കേന്ദ്ര ഗവൺമെന്റ് അത് നിഷ്കരുണം തള്ളിക്കളയുകയുമൊക്കെ ചെയ്ത സാഹചര്യത്തിൽ ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം ഇപ്രകാരം വന്യജീവി സംരക്ഷണ നിയമത്തിൽ ജനോന്മുഖമായ ഒരു ഭേദഗതി കേരളത്തിൽ കൊണ്ടുവന്നിരിക്കുന്നതെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, തീർച്ചയായും. ഈ നിയമസഭതന്നെ ഇതുസംബന്ധിച്ച ഉപക്ഷേപം ഐകകണ്ഠ്യേന പാസ്സാക്കിയിട്ടുള്ളതാണെന്ന് ഞാൻ നേരത്തെ പറഞ്ഞതാണ്. ഇന്ന് പ്രതിപക്ഷം ഇവിടെയില്ല. നേരത്തെ പറഞ്ഞതുപോലെ അവരുകൂടി ആവശ്യപ്പെടുന്നൊരു നിയമമാണ് ഇവിടെ

ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. പൊതുജനങ്ങൾ കൂടുന്ന ഒരു സ്ഥലത്തേക്ക് ഏതെങ്കിലും വന്യമൃഗം ഒരാളെ ആക്രമിച്ച് പരിക്കേൽപിച്ചാൽ ഉടൻതന്നെ ആ വന്യമൃഗത്തെ വെടിവച്ച് കൊല്ലുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരം നൽകാൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. പട്ടിക രണ്ടിൽ ഉൾപ്പെടുന്ന കാട്ടുപന്നികൾ, പുള്ളിമാനുകൾ തുടങ്ങിയ വന്യമൃഗങ്ങളുടെ എണ്ണം വർധിച്ചാൽ അവയുടെ ജനന നിയന്ത്രണം നടത്തൽ, മറ്റ് സ്ഥലങ്ങളിലേക്ക് നാട്ടുകടത്തൽ എന്നിവയും ബില്ലിൽ വ്യവസ്ഥയുണ്ട്. ഇങ്ങനെ ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമില്ലെന്ന് ഈ നിയമത്തിൽ പറയുന്നുണ്ട്. പട്ടിക രണ്ടിലെ ഏത് വന്യമൃഗത്തെയും അവയുടെ എണ്ണം അനിയന്ത്രിതമായി വർധിച്ചുവെന്ന് കണ്ടാൽ അവയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാൻ സംസ്ഥാന സർക്കാരിന് അധികാരം നൽകുന്ന വ്യവസ്ഥയും ബില്ലിലുണ്ട്. ക്ഷുദ്രജീവിയായി പ്രഖ്യാപിച്ചാൽ ആ മൃഗത്തെ ആർക്കും ഏതുവിധത്തിലും കൊല്ലാനും അതിന്റെ ഇറച്ചി ഭക്ഷിക്കുന്നതിനും തടസ്സമില്ല.

നാടൻ കുരങ്ങുകളെ പട്ടിക ഒന്നിൽനിന്ന് പട്ടിക രണ്ടിലേക്ക് മാറ്റാൻ ബില്ലിൽ വ്യവസ്ഥയുണ്ട്. ഇങ്ങനെ മാറ്റിയാൽ അവയെ വേണ്ടിവന്നാൽ ജനന നിയന്ത്രണത്തിന് വിധേയമാക്കാനോ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാനോ സാധിക്കുന്നതാണ്. നിയമത്തിന്റെ പരിധിയിലല്ലെങ്കിലും കാട്ടുപന്നിയെ കൊന്നാൽ അതിൽ മണ്ണെണ്ണ ഒഴിക്കുന്നോ അല്ലെങ്കിൽ വെളിച്ചെണ്ണ ഒഴിക്കുന്നോ എന്നുനോക്കി അതിന്റെ പിന്നാലെ നടക്കേണ്ടെന്നൊരു ആശയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെത്തന്നെ ജനങ്ങളുടെ മുമ്പിൽ വച്ചിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ ഒരു നയമാണ് അതുകൊണ്ട് വ്യക്തമാക്കുന്നത്. ഈ നിയമം അവതരിപ്പിക്കാൻ ഇത്രയും താമസം നേരിട്ടത് എന്തുകൊണ്ടാണെന്ന് ചിലർ ചോദിക്കാറുണ്ട്. നമുക്ക് വേണ്ടത്ര അധികാരമില്ലെങ്കിലും ഒരു പരീക്ഷണമെന്നുള്ള നിലയ്ക്കാണ് ഈയൊരു ബിൽ ഇവിടെ അവതരിപ്പിക്കുന്നത്. ഏതായാലും നേരത്തെ നിയമസഭ പാസ്സാക്കിയിട്ടുള്ള വലിയൊരു ഉപക്ഷേപത്തിന്റെകൂടി അടിസ്ഥാനത്തിലാണ് നിയമ നിർമ്മാണവുമായി നമ്മുടെ സഭ മുമ്പോട്ടുനീങ്ങുന്നത്.

പല ഫോറസ്റ്റ് കേസുകളിലും ഒരു മരം മുറിച്ചാൽ വലിയ ശിക്ഷയാണ് നേരിടേണ്ടി വരാറുള്ളത്. അതൊന്നും ഒത്തുതീർപ്പാക്കാൻ സാധിക്കാത്ത രീതിയിൽ വലിയ പ്രയാസം സൃഷ്ടിക്കുന്ന സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ 2025-ലെ കേരള വന (ഭേദഗതി) നിയമം സൂചിപ്പിച്ചു, സംസ്ഥാനത്തെ ഭൂവുടമകൾക്ക് അവരുടെ ഭൂമിയിലുള്ള ചന്ദനമരം മുറിച്ച് വില്പന നടത്താൻ അധികാരമില്ല. ഇതിനുമുമ്പ് തേക്കും ഈട്ടിയും മുറിക്കാൻ സാധിക്കില്ലായിരുന്നു. പിന്നീട് ചന്ദനമരം മാത്രമാണ് ബാക്കിയുണ്ടായിരുന്നത്. ഇപ്പോൾ അതിനുമൊരു പ്രൊവിഷൻ കൊണ്ടുവന്നിരിക്കുകയാണ്. എന്നാൽ ഉണങ്ങിയതും അപകടകരവുമായ ചന്ദനമരങ്ങളും സ്വന്തം ആവശ്യത്തിന് വീട് വയ്ക്കുന്ന സ്ഥലത്തുള്ള മരങ്ങളും മാത്രം മുറിക്കാനാണ് ഇപ്പോൾ ഈ നിയമത്തിൽ അനുമതി കൊടുക്കുന്നത്. അതിനുതന്നെ ഒരു സമിതി പരിശോധിച്ച് ശിപാർശ ചെയ്താൽ മാത്രമാണ് അനുവാദം നൽകുന്നത്. നമ്മുടെ പൊതുആവശ്യങ്ങൾക്കുവേണ്ടി റോഡുകൾ നിർമ്മിക്കുന്ന അവസരത്തിൽ ആളുകൾ വിട്ടുതരുന്ന സ്ഥലത്തുള്ള/സർക്കാരിന്റെ സ്ഥലത്തുള്ള ചെറിയ മരങ്ങൾപോലും മുറിക്കാൻ

വനം വകുപ്പിനെ ആശ്രയിച്ചാൽ വലിയ പ്രയാസങ്ങളും താമസങ്ങളുമൊക്കെയുണ്ടാകുന്നുണ്ട്. അക്കാര്യത്തിൽ കൂടി ഏതെങ്കിലും വ്യവസ്ഥകൾ കൊണ്ടുവരണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, വനം-വന്യജീവി സംരക്ഷണ വകുപ്പ് എന്നാണ് നമ്മുടെ വകുപ്പിന്റെ പേര്. പക്ഷേ നിരന്തരമായുള്ള മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ ഭാഗമായി മനുഷ്യന്റെ ജീവൻ തന്നെ നഷ്ടമാകുന്നൊരു സാഹചര്യമുണ്ട്. അതുകൊണ്ട് വനം-വന്യജീവി-മനുഷ്യ സംരക്ഷണ വകുപ്പ് എന്ന് ഇതിന് പേര് നൽകണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. പി. ടി. എ. റഹീം: സർ, അതുസംബന്ധിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പരിശോധിക്കട്ടെ. ഇത് വളരെ നല്ലൊരു ശിപാർശയാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ, പൊതുആവശ്യങ്ങൾക്കായി റോഡുകൾ നിർമ്മിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട നടപടികളിൽ വലിയ കാലതാമസം നേരിടുകയാണ്. ഈ ബില്ലിലെ വ്യവസ്ഥകൾ വളരെ പ്രധാനപ്പെട്ടതാണ്. സ്വകാര്യ ഭൂമികളിൽനിന്ന് ചന്ദനമരങ്ങൾ

മുറിക്കുന്നതിനുള്ള നിയന്ത്രണങ്ങളിൽ ഇളവ് വരുത്താനും ഭൂവുടമകൾക്ക് വനംവകുപ്പ് മുഖേന അവരുടെ ചന്ദനമരങ്ങൾ വില്പന നടത്താനും പ്രസ്തുത ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. മുറിച്ച് വിൽക്കുന്ന ചന്ദനമരത്തിന്റെ വില കർഷകനുതന്നെ ലഭിക്കുന്നു. ഇപ്പോൾ സ്വന്തം ഭൂമിയിൽനിന്ന് ചന്ദനമരം മോഷണം പോയാലും സ്ഥലമുടമയ്ക്കെതിരെ കേസ്സെടുക്കേണ്ടിവരുന്നു. എന്റെ മണ്ഡലത്തിലെ ഒരു പള്ളിപ്പറമ്പിൽനിന്ന് ചന്ദനമരം മോഷണം പോയപ്പോൾ പള്ളിക്കമ്മിറ്റിയുടെ പേരിലാണ് കേസ് വന്നത്. ഇത്തരത്തിലുള്ള ധാരാളം വിഷയങ്ങളുണ്ട്. റവന്യൂ വകുപ്പ് പതിച്ചുനൽകിയ ഭൂമിയിലുള്ള, സർക്കാരിലേക്ക് റിസർവ് ചെയ്ത ചന്ദനമരം മുറിക്കാൻ ബില്ലിൽ അനുവാദം നൽകുന്നില്ല. കോടതിയിലെത്തുന്ന വനം സംബന്ധമായ കുറ്റകൃത്യങ്ങൾ രാജിയാക്കാനുള്ള വ്യവസ്ഥയും ബില്ലിലില്ല. ഇതാണ് ഞാൻ നേരത്തെ പറഞ്ഞ വളരെ പ്രധാനമായ വിഷയം. കുറ്റങ്ങൾ പിഴയടച്ച് രാജിയാക്കുമ്പോൾ സർക്കാരിന് വരുമാനം വർധിക്കുകയും ജനങ്ങളുടെ ബുദ്ധിമുട്ട് കുറയുകയും ചെയ്യും. ഈ ബിൽ ശ്ലാഘനീയമാണ് എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള വന (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2025-ലെ കേരള വന (ഭേദഗതി) ബില്ലും 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബില്ലുമാണ് ഇന്ന് അവതരിപ്പിച്ചിരിക്കുന്നത്. ഈ ഭേദഗതികളിലൂടെ, വനമേഖലയിലെ ജനങ്ങൾ ദീർഘനാളായി ഉന്നയിച്ചുകൊണ്ടിരുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗങ്ങൾ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നു. പക്ഷേ നിർഭാഗ്യവശാൽ വനമേഖലയോട് ചേർന്ന മണ്ഡലങ്ങളിലെ എം.എൽ.എ.-മാർ ആ പ്രശ്നങ്ങൾ ചർച്ച ചെയ്യാതെ മാറിനിൽക്കുന്ന കാഴ്ചയാണ് കാണുന്നത്. ഈ സമ്മേളന കാലയളവിൽ ഗവൺമെന്റ് നടത്തുന്ന പല നിയമനിർമ്മാണങ്ങളും ജനങ്ങളെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ടതും അവർക്ക് സഹായകമാകുന്നവയുമാണ്. അത് തടസ്സപ്പെടുത്താനുള്ള വലിയ പരിശ്രമമാണ് കേരള നിയമസഭയിൽ നടന്നത് എന്നുള്ളത് തീർച്ചയായും നാം ഓർമ്മിക്കേണ്ടതാണ്. വനമേഖലയിലെ

ജനങ്ങളും ജനപ്രതിനിധികളും എത്രയോ നാളുകളായി ആവശ്യപ്പെടുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരം ഗവൺമെന്റ് മുന്നോട്ടുവയ്ക്കുമ്പോൾ ആ മേഖലയിലെ ബഹുമാന്യരായ നിയമസഭാംഗങ്ങൾപോലും ഇന്നത്തെ ചർച്ചയിൽ പങ്കെടുക്കാതിരുന്നത് എത്രത്തോളം ഗൗരവത്തോടുകൂടിയാണ് അവർ ഈ വിഷയങ്ങളെ കാണുന്നത് എന്നുള്ളതിന്റെ തെളിവാണ്.

ചന്ദനമരങ്ങൾ നടുന്നതിന് പ്രോത്സാഹനം നൽകുകയെന്നതും ഈ നിയമനിർമ്മാണത്തിലൂടെ ഉദ്ദേശിക്കുന്നു. സ്വകാര്യ ഭൂമിയിൽനിന്നും ചന്ദനമരങ്ങൾ മുറിക്കുന്നതിനുള്ള നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുകയാണ്. ജനങ്ങൾ ആവശ്യപ്പെടുന്ന ഒരു വിഷയമാണിത്. വനനിയമ ലംഘനങ്ങളുമായി ബന്ധപ്പെട്ട കുറ്റങ്ങൾ കോടതിയുടെ അനുമതിയോടുകൂടി രാജിയാക്കുന്നതിനാവശ്യമായ ഭേദഗതികൂടി ഇതിന്റെ ഭാഗമായി വരികയാണ്. ഫോറസ്റ്റ് ഓഫീസറെ നിർവചിക്കുന്നതിനുള്ള ഇടപെടൽകൂടി ഇവിടെ നടത്തുന്നുണ്ട്. ഇത്തരം വിഷയങ്ങളിൽ നിരവധി ആളുകൾ പ്രയാസങ്ങൾ നേരിടുന്നു. ഫോറസ്റ്റ് ഓഫീസറെ നിർവചിക്കുന്നതിലൂടെ ചില ഉദ്യോഗസ്ഥർക്കുകൂടി ഫോറസ്റ്റ് ഓഫീസർ എന്ന നിലയിൽ വിഷയങ്ങളിൽ

ഇടപെടാനും മുന്നോട്ടുപോകാനും കഴിയുന്ന സാഹചര്യമുണ്ടാകും. വന്യമൃഗങ്ങളെ നേരിടാൻ 1972-ലെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിലെ വകുപ്പ് 11(1)(a) പ്രകാരം കർശന നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ആക്രമകാരിയായ കടുവയെ കൊല്ലണമെങ്കിൽ അത് നരഭോജിക്കടുവയാണെന്ന് തെളിവുവേണം. അതിനെ മയക്കുവെടി വയ്ക്കാൻ നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ നടപടിക്രമങ്ങൾ പാലിക്കണം. ഇങ്ങനെ ജനങ്ങൾക്ക് പ്രതികൂലമായിട്ടുള്ള നിരവധി കാര്യങ്ങൾ ഈ നിയമത്തിലുള്ളതുകാരണം അവർ വലിയ പ്രയാസം നേരിടുകയാണ്. പലപ്പോഴും ഉദ്യോഗസ്ഥർക്ക് സന്ദർഭത്തിനനുസരിച്ച് ഇടപെടാൻ കഴിയാത്ത നിലയിൽ ജനങ്ങൾ പ്രക്ഷോഭം നടത്തുന്ന സ്ഥിതി വരികയാണ്. ഇപ്പോൾ ഇത്തരം അക്രമങ്ങൾ ഉണ്ടാകുമ്പോൾ ടെലിവിഷൻ ലൈവായി അത് സംപ്രേക്ഷണം ചെയ്യുന്നു. അത്തരം സ്ഥലങ്ങളിൽ ജനങ്ങൾ സംഘടിക്കുകയും ജനപ്രതിനിധികളെ തടഞ്ഞുവയ്ക്കുകയും ചെയ്യുന്നു. നിയമങ്ങൾ പാലിച്ചുമാത്രമേ ഉദ്യോഗസ്ഥർക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ഈ പ്രശ്നത്തിനുംകൂടി പ്രസ്തുത

നിയമനിർമ്മാണ ഭേദഗതിയിലൂടെ പരിഹാരമുണ്ടാകുന്നു. ഞാൻ പ്രതിനിധാനം ചെയ്യുന്ന നിയമസഭാ മണ്ഡലത്തിൽ വനമില്ല. പക്ഷേ നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ ഞങ്ങൾ വനമേഖലയിലെ പല സ്ഥലങ്ങളിലും സന്ദർശനം നടത്തിയിരുന്നു. അവിടത്തെ ജനങ്ങൾ ഞങ്ങളോട് പങ്കുവച്ച പ്രയാസങ്ങൾക്ക് ഈ ഭേദഗതിയിലൂടെ പരിഹാരമുണ്ടാകും. ഇത്തരം നിർണ്ണായക വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ നമ്മുടെ ജനപ്രതിനിധികൾ കാണിക്കുന്ന മര്യാദകേട് കാണാതിരിക്കാൻ കഴിയില്ല. ഇന്ന് രാവിലെ നിയമസഭാ നടപടികൾ വീക്ഷിക്കുന്നതിനായി നിരവധി സ്കൂൾ വിദ്യാർത്ഥികളടക്കം നമ്മുടെ ഗ്യാലറിയിൽ വന്നിരുന്നു. പ്രതിപക്ഷ അംഗങ്ങളുടെ നേതൃത്വത്തിൽ സഭാ നടപടികളാകമാനം അലങ്കോലമാക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പോലും ആക്രമിക്കാൻ മുതിരുകയും ചെയ്യുന്ന കാഴ്ച ഇവിടെ നമ്മൾ കണ്ടതാണ്. പ്രതിപക്ഷം ഇത്തരം വിഷയങ്ങളിൽ നിയമസഭാ നടപടികൾ മര്യാദയോടുകൂടി മുന്നോട്ടുകൊണ്ടുപോകാൻ സഹായിക്കുകയല്ലേ വേണ്ടത്? അതത് മണ്ഡലങ്ങളിലെ പ്രശ്നങ്ങൾ നിയമസഭയുടെ മുമ്പിൽ കൊണ്ടുവരികയാണ്

നിയമസഭാംഗങ്ങളുടെ ചുമതല. അതിന് സഹായിക്കുന്ന ചോദ്യോത്തരവേളപോലും അലങ്കോലപ്പെടുത്തുന്ന നിലയിലേയ്ക്കാണ് അവർ കാര്യങ്ങൾ കൊണ്ടുപോയത്. ശബരിമല വിഷയവുമായി ബന്ധപ്പെട്ട്, ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു അന്വേഷണ സംഘത്തെ നിയോഗിക്കുകയും ആ അന്വേഷണ സംഘം കൃത്യമായി കാര്യങ്ങൾ പരിശോധിച്ച് കുറ്റക്കാരെ കണ്ടെത്താൻ പോകുകയുമാണ്. കുറ്റക്കാർക്കെതിരെ നടപടിയെടുക്കുന്നതിൽ ആർക്കും തടസ്സമില്ലെന്ന് ഗവൺമെന്റ് ആവർത്തിച്ച് വ്യക്തമാക്കുമ്പോഴും ഈ വിഷയത്തെ രാഷ്ട്രീയമായി ജനങ്ങൾക്ക് മുമ്പിൽ കൊണ്ടുവന്ന് വളച്ചൊടിച്ച് ഇല്ലാക്കഥകൾ മെനഞ്ഞ് ഗവൺമെന്റിനെ കുറ്റപ്പെടുത്താനുള്ള പരിശ്രമമാണ് നടത്തുന്നത്. ഇത് നാം കാണാതെ പോകരുത്. ദേവസ്വവുമായി ബന്ധപ്പെട്ട്, നമുക്കെല്ലാവർക്കുമറിയാമല്ലോ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇത് വനം-വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട ബില്ലാണ്; ദേവസ്വം വകുപ്പുമായി ബന്ധപ്പെട്ടതല്ല.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ആയിക്കോട്ടെ. എല്ലാവരും അങ്ങനെയാണോ ഇടപെടുന്നത്? ശബരിമല ക്ഷേത്രം വനത്തിലാണ് സ്ഥിതി ചെയ്യുന്നത്, വനസംരക്ഷകനാണ് അയ്യപ്പൻ. സഭയിൽ ഇത്രയും കോലാഹലമുണ്ടാക്കുമ്പോൾ അക്കാര്യം ഇവിടെ പരാമർശിക്കേണ്ടതല്ലേ; ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമങ്ങളല്ലേ ഇവിടെ നടത്തുന്നത്? നേരത്തെ ദേവസ്വം ബോർഡിൽ കോൺഗ്രസിന്റെ ജനപ്രതിനിധികൾ ഉണ്ടായിരുന്ന കാലത്തുള്ള അഴിമതികളെ സംബന്ധിച്ച് നമുക്കെല്ലാവർക്കുമറിയാം. തിരുവനന്തപുരത്തുള്ള ശ്രീ. വി. എസ്. ജയകുമാർ എന്നയാളെ നമുക്കെല്ലാവർക്കുമറിയാം. മുൻമന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന്റെ സഹോദരനാണ് അദ്ദേഹം. അദ്ദേഹത്തിന്റെ കാലത്ത് ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് നടന്ന അഴിമതിയെ സംബന്ധിച്ച് എല്ലാവർക്കുമറിയാം. നിയമനങ്ങളുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള അഴിമതികളെ സംബന്ധിച്ചും അറിവുള്ളതാണ്. ഈ അന്വേഷണ പരിധിയിൽ ഈ വിഷയവുംകൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, കഴിഞ്ഞ നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന്റെ സമയത്ത്, കാട്ടുപന്നിയുടെ ആക്രമണത്തെ ചെറുക്കാനായി സജ്ജീകരിച്ചിരുന്ന കെണിയിൽനിന്നുള്ള വൈദ്യുതി ഷോക്കേറ്റ് പത്താം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടി മരിക്കാനിടയായി. അതിനെപ്പോലും രാഷ്ട്രീയപരമായി ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരെ തിരിച്ചുവിട്ടു. വന്യമൃഗങ്ങളുടെ ആക്രമണവുമായി ബന്ധപ്പെട്ട് ഇത്തരം ഒരു നിയമനിർമ്മാണം നടത്തുമ്പോൾ നിലമ്പൂരിലെ എം.എൽ.എ.-യെങ്കിലും ഇവിടെയുണ്ടാകേണ്ടതല്ലേ; ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ശ്രീ. വി. കെ. പ്രശാന്ത് വളരെ പ്രസക്തമായ നിലയിലാണ് ഈ ബില്ലിനെ ശബരിമലയുമായി ബന്ധപ്പെട്ട് കോർത്തിണക്കിയത്. വന സംരക്ഷണവും വന്യജീവി സംരക്ഷണവും നമ്മുടെ ഉത്തരവാദിത്വംതന്നെയാണ്. വന സംരക്ഷണത്തിന് ഏറ്റവും ഗുണകരമായ രീതിയിലുള്ള നിലപാടെടുക്കുന്ന നിലയിലാണ് ആഗോള അയ്യപ്പസംഗമം ഉൾപ്പെടെ നടത്തിയത്. സ്വാഭാവിക വനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്ര

ഭൂമിയാണ് അയ്യപ്പന്റെ ഭൂമി. അത്തരത്തിലുള്ള സ്വാഭാവിക വനങ്ങൾ നശിപ്പിക്കുന്ന നിലയിലേയ്ക്ക് തേക്ക് പ്ലാന്റേഷനും ഒരു ഘട്ടത്തിൽ മാഞ്ചിയം പ്ലാന്റേഷനും ഉൾപ്പെടെയുള്ള പല പ്ലാന്റേഷൻ നടപടികളും ബ്രിട്ടീഷ് കാലഘട്ടത്തിൽത്തന്നെ നടന്നിരുന്നു. വനത്തെ നശിപ്പിക്കുന്ന നിലപാടുകളായിരുന്നു അവ. കേന്ദ്ര വനം വകുപ്പിന്റെ നിർദേശപ്രകാരമാണ് അതിന് നേതൃത്വം നൽകിയത്. വനത്തെ സംരക്ഷിക്കാൻ ബാധ്യതപ്പെട്ട വകുപ്പ് പല ഘട്ടങ്ങളിലായി സ്വാഭാവിക വനത്തെ നശിപ്പിച്ചു. അത് ആഗോളതാപനത്തിന് ഇടയാക്കുകയും പ്രകൃതിയെ നശിപ്പിക്കുന്ന നിലയിലേക്ക് എത്തിച്ചേരുകയും ചെയ്തു. വന്യജീവികളുടെ സംരക്ഷണം നമ്മുടെ ഉത്തരവാദിത്വംതന്നെയാണ്; അക്കാര്യത്തിൽ തർക്കമൊന്നുമില്ല. മനുഷ്യന്റെ സംരക്ഷണത്തിനുവേണ്ടിയാണല്ലോ മനുഷ്യന്റെ ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ലോകം ചിന്തിക്കുന്നതും അത്തരം നിലപാടുകളെടുക്കുന്നതും. അതുപോലെ, വന്യജീവികളുടെ സംരക്ഷണത്തിനുവേണ്ടി ആ ജീവജാലങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന പെരുപ്പം നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. പ്രകൃതിദത്തമായ നിയമം

നടപ്പാക്കപ്പെടണമെങ്കിൽ അത് അനിവാര്യമാണ്. ആ നിലയിൽ നാം അതിനെ കാണണം.

മറ്റൊരുകാര്യം സൂചിപ്പിക്കാനുള്ളത്, പദപ്രയോഗത്തിൽ മാറ്റം വരുത്തണമെന്നുള്ളതാണ്. 'മനുഷ്യ-വന്യജീവി സംഘർഷ'മെന്ന പദപ്രയോഗം ശരിയല്ല. മനുഷ്യൻ ഒരു സംഘർഷത്തിനും പോകുന്നില്ല. മനുഷ്യരും വന്യജീവികളും തമ്മിൽ യുദ്ധപ്രഖ്യാപനവും നടത്തിയിട്ടില്ല. നിരവധി മനുഷ്യർ വനത്തിനുള്ളിൽ താമസിക്കുന്നുണ്ട്. അവരാരെങ്കിലും സംഘർഷമോ യുദ്ധപ്രഖ്യാപനമോ നടത്തുന്നുണ്ടോ? വന്യജീവി ആക്രമണം നിയന്ത്രിക്കാൻ കഴിയണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ഡി. പ്രസേനന്റെ അഭിപ്രായത്തോട് ഞാനും യോജിക്കുകയാണ്. വനവും വേണം, മനുഷ്യനും വേണം. രണ്ടിനെയും സന്തുലിതമായി കൊണ്ടുപോകുകയെന്നുള്ളതാണ് നമുക്ക് ചെയ്യാൻ കഴിയുന്നത്. എന്റെ വകുപ്പിന്റെ ഉത്തരവാദിത്വം വന്യമൃഗങ്ങളെയും വനത്തെയും സംരക്ഷിക്കുകയെന്നുള്ളതാണെന്ന് വനം-വന്യജീവി വകുപ്പുമന്ത്രി

മുമ്പൊരിക്കൽ സൂചിപ്പിക്കുകയുണ്ടായി. ഇതോടൊപ്പംതന്നെ മനുഷ്യരെയും സംരക്ഷിച്ചുകൊണ്ടുപോകാൻ നമുക്ക് സാധിക്കും. കേരളത്തിൽ മാത്രമല്ല, ലോകത്ത് വിവിധ സ്ഥലങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടുകയാണ്. ജനപ്പെരുപ്പമുണ്ടാകുന്നതിന്റെ ഭാഗമായി നമുക്ക് സ്ഥലം അധികമായി വേണ്ടിവരികയാണ്. ഇതുകാരണം കാടിനുള്ളിൽ ഭക്ഷണം ലഭിക്കാത്ത സാഹചര്യമുണ്ടാകുമ്പോഴാണ് പലപ്പോഴും വന്യമൃഗങ്ങൾ നാട്ടിലേക്ക് വരുന്നത്. ഇതെല്ലാം ഫലപ്രദമായി ചെറുക്കാനാണ് ഇത്തരം നിയമനിർമ്മാണങ്ങളിലൂടെ ഗവൺമെന്റ് പരിശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായി സർക്കാർ കേരളത്തിൽ ഏകദേശം 273 പഞ്ചായത്തുകൾ ഹോട്ട്സ്പോട്ടായി പരിഗണിച്ചിട്ടുണ്ട്. 12 പ്രത്യേക പ്രദേശങ്ങളും ഇതിന്റെ ഭാഗമായി ഉൾപ്പെടുന്നു. ഇത്തരത്തിലുള്ള പ്രശ്നബാധിത പ്രദേശങ്ങളിൽ 1250 കിലോമീറ്റർ സോളാർ വേലി നിർമ്മിക്കുന്നതിനും ചുറ്റുമതിൽ നിർമ്മിക്കുന്നതിനുമെല്ലാം ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെ, ഒൻപത് ദ്രുതകർമ്മ സേന ഉൾപ്പെടെ 28 സ്ഥിരം ദ്രുതകർമ്മ സേനകൾ രൂപീകരിച്ചിട്ടുണ്ട്. 891 വാച്ചർമാരെ താൽക്കാലികമായി നിയമിച്ച്

പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പരിശ്രമിക്കുകയാണ്. ആയിരം സോളാർ ലൈറ്റുകളും ആറ് ഹൈമാസ്റ്റ് ലൈറ്റുകളും ഉൾപ്പെടെ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്.

ഈ സർക്കാർ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ആദിവാസി വിഭാഗത്തിൽനിന്നും ഏകദേശം 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ പി.എസ്.സി. മുഖാന്തരം നിയമിച്ചു. വളരെ പ്രധാനപ്പെട്ട ഒരു ചുവടുവയ്പാണിത്. ആ മേഖലയിലെ ചെറുപ്പക്കാർക്ക് തൊഴിൽ നൽകാനും വനത്തെക്കുറിച്ചുള്ള അവരുടെ അറിവ് പ്രയോജനപ്പെടുത്തി ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനുമാണ് ഗവൺമെന്റ് ഇതുവഴി ശ്രമിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും വനം-വന്യജീവി വകുപ്പുമന്ത്രിയെയും ഈ അവസരത്തിൽ ഞാൻ പ്രത്യേകമായ അഭിനന്ദനം അറിയിക്കുകയാണ്. കേരളം, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായി യോജിച്ച് അയൽ സംസ്ഥാന സഹകരണത്തിനുള്ള അന്തർസംസ്ഥാന ധാരണാപത്രം 2024-ൽ സർക്കാർ ഒപ്പുവയ്ക്കുകയുണ്ടായി. പ്രതിരോധത്തിന് ആധുനിക സാങ്കേതികവിദ്യകളടക്കം

ഗവൺമെന്റ് പ്രയോജനപ്പെടുത്തുന്നുണ്ട്. ആധുനിക ANIDERS (Animal Intrusion Detection and Repellent System) അലാറം സിസ്റ്റം ഇതിന്റെ ഭാഗമാണ്. പത്ത് മിഷനുകളും ഇതിന്റെ ഭാഗമായി രൂപീകരിച്ചു. ഇങ്ങനെയുള്ള നിരവധി കാര്യങ്ങൾ വനം വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നത് അഭിനന്ദനാർഹമാണ്. അതിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, വന്യമൃഗശല്യം ഏറ്റവും രൂക്ഷമായിട്ടുള്ള ഒരു മണ്ഡലത്തിലെ ജനപ്രതിനിധിയാണ് ഞാൻ. കഴിഞ്ഞ ഒമ്പത് വർഷങ്ങളിലായി ഈ രണ്ട് സഭയുടെ വിവിധ സമ്മേളനങ്ങളിൽ ചോദ്യങ്ങളായും സബ്മിഷനുകളായുമൊക്കെ ഞാൻ ഏറ്റവും കൂടുതൽ ഉന്നയിച്ചിട്ടുള്ളതും എന്റെ മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളിൽ നേരിടുന്ന രൂക്ഷമായ വന്യമൃഗശല്യവുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ നിരന്തരമായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടും അതൊന്നും മുഖവിലയ്ക്കെടുക്കാത്ത

ഒരു സാഹചര്യം വന്ന ഘട്ടത്തിലാണ് കേരളം ഒരു സംസ്ഥാന ഗവൺമെന്റ് എന്ന പരിമിതിക്കകത്തുനിന്നുകൊണ്ട് ഈ വിഷയത്തിൽ എങ്ങനെ ഇടപെടാമെന്നുള്ളത് രാജ്യത്തിന് കാണിച്ചുകൊടുക്കുന്നത്. അത്തരമൊരു ശ്രദ്ധേയമായ ഇടപെടലാണ് ഇപ്പോൾ നടത്തിയിട്ടുള്ളത്. എന്റെ മണ്ഡലത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ കുട്ടമ്പുഴ, പിണ്ടിമന, കീരംപാറ, കോട്ടപ്പടി, കവളങ്ങാട് ഉൾപ്പെടെയുള്ള അഞ്ച് പഞ്ചായത്തുകളിൽ ഇപ്പോഴും രൂക്ഷമായ വന്യമൃഗശല്യം തുടരുകയാണ്. നിരവധി ജീവനുകൾ ഇതിനകം നഷ്ടപ്പെടുകയും ഒരുപാട് പേർക്ക് ഗുരുതരമായ പരിക്കുകളേൽക്കുന്നതടക്കമുള്ള സാഹചര്യമുണ്ടായിട്ടുണ്ട്. അതുപോലെതന്നെ എന്റെ തൊട്ടടുത്ത മണ്ഡലങ്ങളായ മൂവാറ്റുപുഴ, പെരുമ്പാവൂർ, തൊടുപുഴ, ഇടുക്കി എന്നിവയുടെ കുറെ ഭാഗങ്ങൾ ഉൾപ്പെടെ മലയോര മേഖലയിൽ ജീവിക്കുന്ന മുപ്പത് ലക്ഷത്തിലേറെ വരുന്ന ജനങ്ങളുടെ വലിയൊരു ജീവിത പ്രശ്നമാണിത്. അതിൽ പരമാവധി ഇടപെടാൻ ഇപ്പോൾ ഗവൺമെന്റ് നടത്തിയിട്ടുള്ള ശ്രദ്ധേയമായ പരിശ്രമത്തെ ഞാൻ ഈ അവസരത്തിൽ പ്രത്യേകമായി അഭിനന്ദിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചോദ്യത്തിലേക്ക് വരൂ.

ശ്രീ. ആന്റണി ജോൺ: സർ, അതോടൊപ്പംതന്നെ ഇവിടെ ഒരു കാര്യം നാം പ്രത്യേകമായി കാണേണ്ടത് പലപ്പോഴും ഇത്തരം വിഷയങ്ങൾ ഉയർന്നുവരുമ്പോൾ ഇതിന് ആധാരമായ പ്രശ്നം 1972-ലെ വന്യജീവി (സംരക്ഷണ) നിയമം ആണെന്നുള്ളത് പലരും പറയാൻ തയ്യാറാകുന്നില്ല എന്നതാണ്. എന്നുമാത്രമല്ല, ആ നിയമത്തിനകത്ത് പിന്നീട് നിരവധി തവണ ഭേദഗതികൾ കൊണ്ടുവന്നപ്പോൾ ആ ഭേദഗതികളൊന്നും ജനപക്ഷത്തുനിന്ന് ആയിരുന്നില്ലെന്നും അതെല്ലാം മൃഗങ്ങളുടെ പക്ഷത്തുനിന്നായിരുന്നു എന്നുമുള്ളത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. വി. കെ. പ്രശാന്ത്: സർ, അക്കാര്യമാണ് ഞാനും ഇവിടെ ശ്രദ്ധയിൽകൊണ്ടുവന്നത്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്ന് കേരള ഗവൺമെന്റ് നിരവധി തവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതും അതുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകൾ നടത്തിയതുമാണ്. എന്നാൽ അതിനൊന്നും ഒരു ശ്രദ്ധ കൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടില്ല എന്നുള്ളത് നമ്മളെ

സംബന്ധിച്ച് നിരാശാജനകമായ കാര്യമാണ്. വനത്തിന്റെ കാര്യത്തിൽ മാത്രമല്ല, നിരവധി കാര്യങ്ങളിൽ കേന്ദ്ര സർക്കാരിന്റെ അവഗണന നമ്മൾ നേരിടുകയാണ്. അതിനൊക്കെ ഒരു പരിഹാരമെന്ന നിലയ്ക്കാണ് 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ ഗവൺമെന്റ് മുന്നോട്ടുവച്ചിരിക്കുന്നത്. ആ ഭേദഗതി ബിൽ മുന്നോട്ടുവച്ച ഗവൺമെന്റിനെ അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ ചർച്ച അവസാനിപ്പിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1എ നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ സഭയുടെ പതിനഞ്ചാം സമ്മേളനം വളരെ പ്രധാനപ്പെട്ട ചില നിയമനിർമ്മാണങ്ങൾ ലക്ഷ്യംവച്ചുകൂടി വിളിച്ചുചേർത്ത ഒരു സമ്മേളനമാണ്. ദൗർഭാഗ്യവശാൽ, പ്രധാനപ്പെട്ട നിയമനിർമ്മാണ വേളകളിൽ എല്ലാവരും ചർച്ച ചെയ്ത് പാസ്സാക്കേണ്ട പല നിയമങ്ങളും ചർച്ച കൂടാതെ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും സബ്ജക്ട് കമ്മിറ്റിയിൽനിന്നും തിരിച്ചുവന്ന ബില്ലുകൾ

മതിയായ ചർച്ചയില്ലാതെ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്കെടുക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമാണുണ്ടായത്. 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ ചർച്ച കൂടാതെയാണ് സബ്ജക്ട് കമ്മിറ്റിക്ക് അയച്ചത്. അതുപോലെ 2025-ലെ കേരള പൊതു സേവനാവകാശ ബിൽ, 2025-ലെ കേരള സർവകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലുകൾ തുടങ്ങി ഇപ്പോൾ ചർച്ച ചെയ്യുന്ന 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ എന്നിവയൊക്കെ എല്ലാവരുംകൂടി ഒരുമിച്ച് ചർച്ച ചെയ്യേണ്ട വിഷയങ്ങളാണ്. ഇതിൽ പ്രധാനമായും രണ്ട് കാരണങ്ങളാണ് ഞാൻ പറയുന്നത്. ഒന്ന്, പ്രായോഗികമായി ഈ നാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന വലിയൊരു ബുദ്ധിമുട്ടിനെ അഡ്രസ്സ് ചെയ്യാൻ സംസ്ഥാന സർക്കാരിന്റെ പരിമിതികളുള്ളിൽനിന്നുകൊണ്ട് ചെയ്യാൻ സാധിക്കുന്ന പരമാവധി കാര്യങ്ങൾ ചെയ്യാനുള്ള പരിശ്രമമാണ് ഇവിടെ നടത്തുന്നത്. ആ പരിശ്രമത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും ഒരുമിച്ച് നിൽക്കേണ്ടതാണ്. രണ്ടാമത്, നിയമപരമായി വളരെയധികം സങ്കീർണ്ണതകളുള്ള ഒരു

പ്രക്രിയയിലാണ് നമ്മൾ ഇപ്പോൾ ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. 1972-ൽ പാർലമെന്റ് ഈ നിയമം പാസ്സാക്കി കേന്ദ്ര നിയമമായി മാറിയപ്പോൾ വനവും വന്യജീവി സംരക്ഷണവും ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സ്റ്റേറ്റ് ലിസ്റ്റിലായിരുന്നു ഉണ്ടായിരുന്നത്. സ്റ്റേറ്റ് ലിസ്റ്റിലുള്ള വിഷയങ്ങളെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് നിയമം നിർമ്മിക്കാനുള്ള അധികാരം നൽകുന്നത് ഭരണഘടനയുടെ 252-ാം അനുച്ഛേദപ്രകാരമാണ്. രണ്ടോ മൂന്നോ സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടാൽ ആ സംസ്ഥാനങ്ങളെ ബാധിക്കുന്ന രൂപത്തിൽ സംസ്ഥാന ലിസ്റ്റിലുള്ള ഒരു വിഷയത്തെ സംബന്ധിച്ച് പാർലമെന്റ് നിയമം പാസ്സാക്കണമെന്ന് 252-ാം അനുച്ഛേദം പറയുന്നത് അനുസരിച്ചാണ് പാർലമെന്റ് ആ നിയമം പാസ്സാക്കിയത്. അതിനുശേഷം സ്റ്റേറ്റ് ലിസ്റ്റിൽനിന്ന് ഇത് കൺകറന്റ് ലിസ്റ്റിലേക്ക് വരുന്നത് 1976-ൽ അടിയന്തരാവസ്ഥ കാലത്തെ 42-ാം ഭരണഘടനാ ഭേദഗതി പ്രകാരമാണ്. ഇപ്പോൾ കൺകറന്റ് ലിസ്റ്റിലുള്ള വനം, വന്യജീവി

സംരക്ഷണം എന്ന വിഷയം സ്റ്റേറ്റ് ലിസ്റ്റിലായിരുന്ന കാലത്ത് കേന്ദ്രം പാസ്സാക്കിയ ഒരു നിയമത്തെ സംബന്ധിച്ചാണ് നമ്മൾ ഇപ്പോൾ സംസ്ഥാനത്ത് ഒരു ഭേദഗതി കൊണ്ടുവരുന്നത്. സ്വാഭാവികമായും ഇപ്പോൾ കൺകറന്റ് ലിസ്റ്റിലായതുകൊണ്ട് സംസ്ഥാനത്തിന് ഒരു ഭേദഗതി നിയമം പാസ്സാക്കാമെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമം കൊണ്ടുവരുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചപോലെ legal complexity ഉള്ളതും അതേസമയംതന്നെ പ്രായോഗികമായി ഈ നാട്ടിലെ ജനങ്ങൾ അനുഭവിക്കുന്നതുമായ ഒരു പ്രശ്നത്തെ കേന്ദ്രത്തിനുമുമ്പിൽ അംഗീകാരത്തിനുവേണ്ടി സമർപ്പിക്കുമ്പോൾ കേരളം ഈ വിഷയത്തിൽ ഒറ്റക്കെട്ടാണ് എന്ന ഒരു സന്ദേശം നൽകാൻ കഴിയാതെ പോകുന്നത് ഏറ്റവും ദൗർഭാഗ്യകരമാണ്. കുറഞ്ഞപക്ഷം ഇന്നത്തെ ഈ നിയമനിർമ്മാണ വേളയിലെ ചർച്ചകളിലെങ്കിലും പ്രതിപക്ഷം പങ്കെടുക്കേണ്ടതായിരുന്നു. വനാതിർത്തി പങ്കിടുന്ന പല മണ്ഡലങ്ങളിലുമുള്ള അംഗങ്ങൾ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുണ്ട്. വനാതിർത്തി എന്നൊരു അതിർത്തി ഇപ്പോഴില്ല, വന്യജീവികളെല്ലാം നാട്ടിൻപുറങ്ങളിലേക്ക് വരിയാണ്... അതുകൊണ്ട്

ഇക്കാര്യത്തിൽ ഒരുമിച്ചുനിന്നുകൊണ്ട് കേരളം ഈ നാട്ടിലെ ജനങ്ങൾക്കുവേണ്ടി ഒരു യുദ്ധത്തിൽ ഏർപ്പെടുന്നു അല്ലെങ്കിൽ അവർക്കുവേണ്ടി ഒരു വിഷയം മുന്നോട്ടുവയ്ക്കുന്നു എന്ന സന്ദേശം കേന്ദ്ര സർക്കാരിലെത്തിലെത്തിക്കാൻ കഴിയുന്ന ഒരു നിലപാട് പ്രതിപക്ഷം സ്വീകരിക്കാത്തത് അങ്ങേയറ്റം ദൗർഭാഗ്യകരം എന്നാണ് എനിക്ക് ആദ്യമേ സൂചിപ്പിക്കാനുള്ളത്.

1972-ൽ ഈ നിയമം കേന്ദ്ര ഗവൺമെന്റ് പാസ്സാക്കുന്ന സമയത്ത് സ്റ്റേറ്റ് ലിസ്റ്റിലായിരുന്ന വനവും വന്യജീവി സംരക്ഷണവും എന്ന വിഷയം 1976-ൽ കൺകറന്റ് ലിസ്റ്റിലേക്ക് മാറ്റി. എന്നാൽ അതിനിടയിൽ 1973 ജൂൺ 1 മുതൽ കേരളത്തിൽ ഈ നിയമം പ്രാബല്യത്തിൽവന്നു. ഒരുപക്ഷെ അന്നത്തെ സംസ്ഥാന നിയമസഭ ആവശ്യപ്പെട്ടതുകൊണ്ടായിരിക്കാം അങ്ങനെ വന്നത്. എനിക്ക് അതുസംബന്ധിച്ച് കൃത്യമായി അറിയില്ല. അല്ലാതെ വരില്ല. അങ്ങനെ 1973-ൽ ഈ നിയമം കേരളത്തിൽ പ്രാബല്യത്തിൽവന്നു. അന്നത്തെ സാഹചര്യങ്ങളിൽ അത്തരത്തിലൊരു നിയമനിർമ്മാണത്തെ ന്യായീകരിക്കാനുള്ള എല്ലാ കാരണങ്ങളും

നമുക്കുണ്ടായിരുന്നു. വലിയതോതിൽ വന്യജീവികളുടെയും പക്ഷികളുടെയും വംശനാശം സംഭവിച്ചുകൊണ്ടിരുന്ന ആ സാഹചര്യത്തിൽ അവയുടെ വംശം നിലനിർത്തുന്നതിനാവശ്യമായ സംരക്ഷണ വ്യവസ്ഥകൾ ഈ നാട്ടിൽ നിയമരൂപത്തിൽ കൊണ്ടുവരണം എന്ന വലിയ താൽപര്യത്തിന് തീർച്ചയായും സാമൂഹ്യപ്രതിബദ്ധതയും ജൈവവൈവിധ്യത്തെ നിലനിർത്തണമെന്ന ഉദ്ദേശ്യവുമുണ്ടായിരുന്നു. അതുകൊണ്ട് ആ കാലഘട്ടത്തിലാണ് ആ നിയമം വന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ച പശ്ചാത്തലത്തിൽ പതിനൊന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടത് അനുസരിച്ചാണ് 1972-ൽ ആ നിയമം കൊണ്ടുവരികയും 1973-ൽ കേരളത്തിൽ നടപ്പാക്കുകയും ചെയ്തത്. 1976-ൽ അത് കൺകറന്റ് ലിസ്റ്റിലേക്ക് മാറ്റി. ആ കാലഘട്ടത്തിൽ ഇത്തരത്തിൽ ഒരു നിയമം കൊണ്ടുവരുന്നതിന് എല്ലാ ന്യായീകരണങ്ങളും ഉണ്ടായിരുന്നു എന്നതാണ് എന്റെ വിശ്വാസം. എന്നാൽ പിന്നീട് സാഹചര്യങ്ങൾ മാറിവന്നു. വന്യജീവികളെ സംരക്ഷിക്കാൻ വേണ്ടിയുള്ള കടുത്ത നടപടികൾ ഭരണകൂടങ്ങൾ സംസ്ഥാന അടിസ്ഥാനത്തിൽ സ്വീകരിക്കുകയും

കേന്ദ്രഗവൺമെന്റ് കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തി കേന്ദ്ര നിയമത്തിന്റെ ഭാഗമാക്കുകയും ചെയ്തശേഷം വനത്തിനുള്ളിലെ വന്യജീവികളുടെ എണ്ണം വലിയ തോതിൽ പെരുകുകയാണുണ്ടായത്. അതിന്റെ പ്രശ്നങ്ങളാണ് നാമിവിടെ കണ്ടുകൊണ്ടിരിക്കുന്നത്. അന്നത്തെ സാഹചര്യങ്ങൾ മാറിയിരിക്കുകയാണ്. വനത്തിനുള്ളിലെ ജീവികൾ നാട്ടിൻപുറങ്ങളിലേക്ക് എത്തുന്നത് ഒരുപക്ഷെ വനത്തിലെ വിഭവങ്ങളുടെയും കുടിവെള്ളത്തിന്റെയും ലഭ്യതക്കുറവും അല്ലെങ്കിൽ ചില പ്രത്യേക വന്യജീവികൾക്ക് നിർണ്ണയിക്കപ്പെടുന്ന അവരുടെ ആവാസകേന്ദ്രങ്ങൾക്ക് ഭൂവിസ്തൃതിയില്ലാതെ വന്നതുകൊണ്ടുമാകാം. ഇത്തരത്തിൽ വന്യജീവികൾ നാട്ടിലേക്ക് ഇറങ്ങുമ്പോൾ മനുഷ്യജീവനുകൾ വലിയ തോതിൽ അപകടത്തിൽപ്പെടുന്നു എന്ന സാഹചര്യം ഇവിടെ സംജാതമായിരിക്കുകയാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, വിദേശ രാജ്യങ്ങളിൽ carrying capacity പരിശോധിച്ചുകൊണ്ട് മൃഗങ്ങളുടെ എണ്ണം നിയന്ത്രിക്കുന്ന രീതിയുണ്ട് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: സർ, മനുഷ്യജീവൻ അപകടത്തിൽപ്പെടുന്നു എന്നത് മാത്രമല്ല നമ്മുടെ മലയോരമേഖലകളിൽ വന്യജീവികളുടെ സാന്നിധ്യംമൂലം കൃഷി നടത്താൻ കഴിയാത്ത ഒരു സാഹചര്യം സംജാതമായിട്ടുണ്ട്. പലരും കൃഷി ഉപേക്ഷിച്ച് പോകുന്ന നിലപോലും ഉണ്ടായിട്ടുണ്ട്. വളരെ ഗൗരവമേറിയ ഒരു വിഷയമാണിത്. അതിനാൽ ആ വിഷയമടക്കം നമുക്ക് അഡ്രസ്സ് ചെയ്യാൻ കഴിയണ്ടേ?

ശ്രീ. മാത്യു ടി. തോമസ്: സർ, അതുകൊണ്ടാണ് ഞാൻ പറഞ്ഞത് 1972 ലെയും 1973-ലെയും സാഹചര്യങ്ങൾ മാറിയിരിക്കുന്നുവെന്ന്. വന്യമൃഗങ്ങളുടെ ജനസംഖ്യാ നിയന്ത്രണത്തിനുവേണ്ടി മറ്റു രാജ്യങ്ങൾ നടപ്പാക്കുന്ന തന്ത്രങ്ങൾ സ്വീകരിക്കുന്നതിനോടൊപ്പം നമ്മുടെ നാട്ടിലെ കൃഷി സംരക്ഷിക്കാനുള്ള ഉത്തരവാദിത്വവും നമുക്കുണ്ട്. അതിൽ വേണ്ടരീതിയിൽ ഇടപെടൽ നടത്തേണ്ടതുണ്ട്. ഒരുപക്ഷെ നമ്മൾ ഇപ്പോൾ കൊണ്ടുവരുന്ന ഭേദഗതി സമ്പൂർണ്ണമായും അതിന് പര്യാപ്തമാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അക്രമസക്തമായ ഒരു വന്യജീവി വന്നാൽ, ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുവാദം വാങ്ങി അതിനെ വെടിവച്ച്

കൊല്ലാമെന്ന് നിയമത്തിൽ ഇളവ് നൽകുന്നുണ്ടെങ്കിൽപോലും പ്രായോഗികമായി ചിന്തിച്ചാൽ, ഒരു കടുവ മുന്നിൽ വന്നുനിൽക്കുമ്പോൾ അവിടെ നിൽക്ക്, ഞാൻ അനുവാദം വാങ്ങി വരട്ടെ എന്നുപറയാൻ കഴിയില്ലല്ലോ? അങ്ങനെയുള്ള പരിമിതിയുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ നിയമത്തിൽ മാറ്റങ്ങൾ ആവശ്യമാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ, 'ഓർമ്മ ശരിയാണെങ്കിൽ' എന്ന വാക്ക് പ്രയോഗിക്കാൻ പാടില്ലെങ്കിലും ഉപയോഗിക്കുകയാണ്. മൻമോഹൻ സിങ് ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ശ്രീ. ജയറാം രമേശ് ഇക്കാര്യത്തിൽ കൂടുതൽ കടുത്ത വ്യവസ്ഥകൾ കൊണ്ടുവന്നിരുന്നു. ആ കാലഘട്ടത്തിൽ അത്തരമൊരു വ്യവസ്ഥ കൊണ്ടുവരാൻ പാടില്ലായിരുന്നു. 1972-ലെ കാലഘട്ടമായിരുന്നില്ല, 2004 മുതൽ 2014 വരെയുള്ള കാലഘട്ടം. വന്യജീവികളുടെ ശല്യം നാട്ടിൻപുറങ്ങളിൽ അനുഭവപ്പെട്ടുതുടങ്ങിയശേഷവും വന്യജീവികളെ സംരക്ഷിക്കാനും മനുഷ്യജീവന് ആപത്തുണ്ടായാൽപോലും അവയെ നിലനിർത്താനുംവേണ്ടി നിയമഭേദഗതി കർക്കശമാക്കി കൊണ്ടുവന്നത് യാതൊരു വിധത്തിലും അംഗീകരിക്കാൻ കഴിയുമായിരുന്നില്ല. അതെല്ലാം

നടപ്പാക്കി കഴിഞ്ഞു. നമ്മുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഇതിനെ അഡ്രസ്സ് ചെയ്യാൻ ഒരു പരിശ്രമമാണ് വന്യജീവി സംരക്ഷണം (കേരള ഭേദഗതി) നിയമത്തിലൂടെ മുന്നോട്ട് വയ്ക്കുന്നത്. 1976 മുതൽ ഈ വിഷയം കൺകറന്റ് ലിസ്റ്റിലാണ്, അതിനാൽ സ്വാഭാവികമായും ബഹു. രാഷ്ട്രപതിയുടെ അംഗീകാരം വേണ്ടിവരുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അംഗീകാരം നേടിയെടുക്കാൻ നമ്മൾ ഒറ്റക്കെട്ടായി നിൽക്കേണ്ടതല്ലേ? നിർണ്ണായകമായ ചർച്ച നടക്കുന്നിടത്ത് പ്രതിപക്ഷത്തിന്റെ അസാന്നിധ്യം ഈ നാടിന്റെ താൽപര്യത്തിനെതിരാണ്, ജനങ്ങളോടുള്ള വലിയ വെല്ലുവിളിയാണ് എന്നാണ് ഞാൻ പറയാൻ ശ്രമിക്കുന്നത്. പ്രത്യേകിച്ചും വനാതിർത്തി പങ്കിടുന്ന മേഖലകളിൽനിന്നും വരുന്ന എം.എൽ.എ.-മാർ ഈ സഭയിൽ ഇരുന്ന് ഈ നിയമത്തെ അനുകൂലിച്ചുകൊണ്ട് കൈപൊക്കി ബിൽ പാസ്സാക്കുന്ന സാഹചര്യം നഷ്ടപ്പെടുത്തിക്കളഞ്ഞു എന്നത് വലിയ സങ്കടകരമാണ്.

ഞാനൊക്കെ സ്കൂളിൽ പഠിക്കുന്ന കാലത്ത് 'ഇന്ന് സമരമാണെന്ന്' കേട്ടിട്ടുണ്ട്. അന്ന് കെ.എസ്.യു, എസ്.എഫ്.ഐ എന്നൊന്നും

വിളിക്കാറില്ല..... 5, 6 ക്ലാസ്സുകളിൽ പഠിക്കുമ്പോൾ ഞാൻ ഒരു പഠിപ്പിസ്റ്റായിരുന്നു. അടിയന്തരാവസ്ഥ കാലത്താണ് എനിക്ക് സംഘടനാപ്രവർത്തനത്തിൽ താൽപര്യം വന്നത്..... സമരം ചെയ്യുമ്പോൾ മാറി നിൽക്കും, എന്തിനാണ് സമരം എന്ന് ഞങ്ങൾക്ക് അറിയില്ല. 'വിദ്യാർഥി ഐക്യം സിന്ദാബാദ്' എന്നായിരുന്നു അന്നത്തെ മുദ്രാവാക്യം. ഇവിടത്തെ പ്രതിപക്ഷത്തിന്റെ സമരവും അങ്ങനെയാണ്. ഇവിടെ നോട്ടീസുണ്ടോ; ഡിമാന്റുണ്ടോ എന്തെങ്കിലും കാര്യത്തിനായുള്ള ആവശ്യമുണ്ടോ; ആവശ്യങ്ങൾ എന്താണെന്ന് കൃത്യമായി പറയട്ടെ. സി.ബി.ഐ. അന്വേഷിക്കണമെന്ന് ഇവിടെ ഒരു ബോർഡ് കാണിച്ചു. കേരളത്തിലെ പ്രതിപക്ഷത്തിന് ഹൈക്കോടതിയേക്കാൾ വിശ്വാസം ബി.ജെ.പി. നിയന്ത്രിക്കുന്ന സി.ബി.ഐ.-യെ ആണോ? ശത്രുവിന്റെ ശത്രു മിത്രം ആണ്. ബി.ജെ.പി. എൽ.ഡി.എഫ്.-ന്റെ ശത്രു ആണെന്ന് സമ്മതിച്ചല്ലോ; യു.ഡി.എഫ്.-ന്റെ ശത്രു എൽ.ഡി.എഫ്., എൽ.ഡി.എഫ്.-ന്റെ ശത്രു ബി.ജെ.പി. അതുകൊണ്ട് ബി.ജെ.പി. നിയന്ത്രിക്കുന്ന സി.ബി.ഐ. ആണ് ഹൈക്കോടതിയേക്കാൾ ഞങ്ങൾക്ക് വിശ്വാസം എന്ന

പ്രഖ്യാപനമാണ് ഈ ദിവസം പ്ലക്കാർഡ് പിടിച്ച് പ്രതിപക്ഷം നടത്തിയത്. ന്യായമായ രീതിയിൽ വ്യവസ്ഥാപിത മാർഗത്തിലൂടെ ആവശ്യങ്ങൾ ഉന്നയിക്കാതെ, ജനങ്ങളെ ബാധിക്കുന്ന പ്രധാനപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്യുമ്പോൾ അതിൽ പങ്കെടുക്കാതെ ജനങ്ങളെ വെല്ലുവിളിക്കുന്ന പ്രതിപക്ഷത്തോട് ജനങ്ങൾ ചോദിക്കട്ടെ എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ലിന്റോ ജോസഫ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ‘ 2 ബി' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഏറ്റവും ചരിത്രപരമായ നിയമ ഭേദഗതിക്കാണ് സംസ്ഥാന ഗവൺമെന്റും വകുപ്പും തയ്യാറായിരിക്കുന്നത്. അതിന്റെ ഭാഗമായാണ് കേന്ദ്രസർക്കാരിന്റെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമം ഭേദഗതി ചെയ്ത് സംസ്ഥാന ഗവൺമെന്റ് 2025-ലെ വന്യജീവി സംരക്ഷണം (കേരള

ഭേദഗതി) ബിൽ ഇവിടെ അവതരിപ്പിക്കുന്നത്. 1972-ൽ കൊണ്ടുവന്ന വന്യജീവി (സംരക്ഷണ) നിയമം ഒമ്പത് തവണ ഭേദഗതി ചെയ്യേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. ഓരോ തവണയും ഭേദഗതി ചെയ്യുമ്പോൾ കൂടുതൽ കർക്കശമാക്കുന്ന ഒരു നിലയാണ് നിയമത്തിലുണ്ടായത്. ഇളവുകൾ യാതൊന്നും ജനങ്ങൾക്ക് അനുകൂലമാകുന്ന സാഹചര്യത്തിലുണ്ടായിട്ടില്ല. ഏറ്റവും അവസാനം 2022-ൽ കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് കൊണ്ടുവന്ന ഭേദഗതിയുടെ ഭാഗമായിട്ടാണ് ഷെഡ്യൂളിൽ താഴെക്കിടന്ന നാടൻ കുരങ്ങ് ഷെഡ്യൂൾ I-ലേയ്ക്ക് മാറുന്ന സാഹചര്യം പോലുമുണ്ടായതെന്ന് നമുക്കറിയാം. ഈ സാഹചര്യങ്ങളെല്ലാം മനസ്സിലാക്കിക്കൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് ഏറ്റവും അനിവാര്യമായ ഒരു നിയമനിർമ്മാണം നടത്താൻ ആവശ്യമായ തീരുമാനമെടുത്തത്. പ്രത്യേകിച്ചും കേരളത്തിലെ മലയോര മേഖലയിൽ താമസിക്കുന്ന കർഷകരെ സംബന്ധിച്ചിടത്തോളം ഏറ്റവും ആശ്വാസകരമായ ഒരു നിയമഭേദഗതിയാണ് സംസ്ഥാന ഗവൺമെന്റ് ഇവിടെ അവതരിപ്പിക്കുന്നത്. 2024 ഫെബ്രുവരി മാസം 14-ാം തീയതി ഇതുമായി ബന്ധപ്പെട്ട് നിയമസഭ ഐക്യകണ്ഠേന ഒരു പ്രമേയം

പാസ്സാക്കുന്ന സഹാചര്യമുണ്ടായി. 1972-ലെ വന്യജീവി (സംരക്ഷണ) നിയമം ഭേദഗതി ചെയ്യണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടുകൊണ്ട് നമ്മുടെ സംസ്ഥാന നിയമനിർമ്മാണ സഭ ഐക്യകണ്ഠേന പ്രമേയം പാസ്സാക്കി നൽകിയതാണ്. പക്ഷേ കേന്ദ്രഗവൺമെന്റ് അതിനെ ഗൗനിക്കുന്ന സാഹചര്യമുണ്ടായിട്ടില്ല. അതിനിടയിലാണ് നാട്ടിലിറങ്ങി ആക്രമണം കാണിക്കുന്ന കാട്ടുപന്നികളെ അല്ലെങ്കിൽ മനുഷ്യജീവന് അപകടകരമായി പ്രവർത്തിക്കുന്ന ഇപ്പോൾ നാട്ടു പന്നികളായി മാറിയിട്ടുള്ള കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിനുള്ള ഉത്തരവിറക്കാനുള്ള ഓണററി വൈൽഡ് ലൈഫ് വാർഡന്റെ ചുമതല പഞ്ചായത്ത് പ്രസിഡന്റുമാർക്ക് നൽകിക്കൊണ്ട് ഇന്ത്യയിൽ ആദ്യമായി ചരിത്രപരമായ ഒരു തീരുമാനം സംസ്ഥാന ഗവൺമെന്റ് എടുത്തത്. കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും യാതൊരുവിധ സഹായവും ലഭ്യമാകുന്നില്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ, വന്യജീവി ആക്രമണത്തെ ഒരു സംസ്ഥാന ദുരന്തമായി കണ്ട് കൂടുതൽ നഷ്ടപരിഹാരവും ആനുകൂല്യങ്ങളുമൊക്കെ നൽകുന്നതിനുവേണ്ടി ക്രിയാത്മകമായ ഇടപെടൽ

സംസ്ഥാന ഗവൺമെന്റ് നടത്തിയിട്ടുണ്ട്. എന്താണ് നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ പ്രധാനപ്പെട്ട ആവശ്യം; രാജ്യത്തെ മുഴവൻ വനങ്ങളെയും വന്യമൃഗങ്ങളെയും ഒറ്റ യൂണിറ്റായി പരിഗണിച്ചുകൊണ്ട് അതിന്റെ ഭാഗമായിട്ടുള്ള നിയമനിർമ്മാണങ്ങളും മറ്റു കാര്യങ്ങളുമാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്. പക്ഷെ കേരളം പോലുള്ള കൊച്ചു സംസ്ഥാനം...... നമ്മുടെ കേരളത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 29.5 ശതമാനം വനമാണെന്ന് നമുക്കറിയാം. 2011-ലെ സെൻസസ് പ്രകാരം 859 persons per square kilometres പോപ്പുലേഷൻ ഡെൻസിറ്റിയുള്ള ഒരു സംസ്ഥാനമാണ് നമ്മുടെ സംസ്ഥാനം. വനം മേഖലയിലേയ്ക്ക് അതിർത്തി പങ്കിടുന്ന മേഖലയിലേക്ക് ആളുകൾ കൂടുതലായി തിങ്ങി പാർക്കുന്ന ഒരു സ്ഥലമാണ്. 'ആഴ്ചയിൽ ഒരാൾ വീതം കർണ്ണാടകയിൽ കാട്ടനയുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നുവെന്ന്' 2024-ലെ മലയാളമനോരമ പത്രത്തിൽ കർണ്ണാടക സ്റ്റേറ്റുമായി ബന്ധപ്പെട്ട് വന്ന ഒരു വാർത്തയുണ്ട്. കർണ്ണാടക സംസ്ഥാനത്തിന്റെ പോപ്പുലേഷൻ ഡെൻസിറ്റി 326 persons per square kilometres ആണ്. അവിടത്തെ വനത്തിന്റെ ആകെ ഭൂവിസ്തൃതി

20.11 ശതമാനമാണ്. കേരളത്തേക്കാൾ വലിയ സ്റ്റേറ്റാണ്, അവിടെ പോപ്പുലേഷൻ ഡെൻസിറ്റി കുറവാണ്. എന്നാൽ അവിടെ വനത്തിന്റെ അളവ് കുറവാണ്. പക്ഷെ നമ്മുടെ സംസ്ഥാനത്തിനും രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്കും ഒരേ നിയമമാണ് എന്നതാണ് ഒരു പ്രത്യേകത. നമ്മുടെ കേരളത്തേക്കാൾ മൂന്നോ നാലോ ഇരട്ടി വലുപ്പമുള്ള, നമ്മുടെ തൊട്ടടുത്തുള്ള സ്റ്റേറ്റാണ് തമിഴ്നാട്. 2011-ലെ സെൻസസ് പ്രകാരം തമിഴ്നാട്ടിലെ പോപ്പുലേഷൻ ഡെൻസിറ്റി 656 persons per square kilometres ആണ്. അവിടത്തെ ആകെ വനത്തിന്റെ ഭൂവിസ്തൃതി എന്നുപറയുന്നത് 21 ശതമാനമാണ്. നമ്മുടെ രാജ്യത്തിന്റെ ആകെ പോപ്പുലേഷൻ ഡെൻസിറ്റി 382 persons per square kilometres ആണ്, വനത്തിന്റെ ആകെ ഭൂവിസ്തൃതി 21.76 ശതമാനമാണ്. നമ്മുടെ തൊട്ടടുത്തുള്ള സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ സംസ്ഥാനത്തിന് പോപ്പുലേഷൻ ഡെൻസിറ്റി കൂടുതലാണ്. വനമേഖല കൂടുതലാണ്. അതിനാൽ സ്വാഭാവികമായും വന്യജീവികളും മനുഷ്യരും തമ്മിലുള്ള സംഘർഷം വർധിക്കും. ഒരു രാജ്യം നിയമനിർമ്മാണമുണ്ടാക്കുമ്പോൾ സംസ്ഥാനത്തെ

ജനങ്ങൾക്ക് ദോഷകരമായി ബാധിക്കാതെ, സ്റ്റേറ്റിനെ ഒരു യൂണിറ്റായി പ്രഖ്യാപിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തേണ്ടത് അനിവാര്യമാണ്. ഇക്കാര്യം അഭ്യർത്ഥിച്ചുകൊണ്ടാണ് നമ്മുടെ സംസ്ഥാന സർക്കാർ ഇപ്രകാരം ഒരു നിയമനിർമ്മാണം നടത്താനാവശ്യമായ തീരുമാനമെടുത്തിട്ടുള്ളത്. ആ നിയമനിർമ്മാണത്തെ പാസ്സാക്കി കൊണ്ടുവരുന്നതിനുവേണ്ടിയുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്.

<u>ശ്രീ. എ. രാജ</u>: സർ, എന്റെ നിയോജകമണ്ഡലമുൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഏറ്റവും കൂടുതൽ വന്യമൃഗാക്രമണങ്ങൾ നേരിടുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഇന്നലെ രണ്ട് ജീവനുകളാണ് വന്യമൃഗാക്രമണംമൂലം നഷ്ടപ്പെട്ടത്. അതിലൊരാൾ എന്റെ മണ്ഡലത്തിന്റെ തൊട്ടടുത്ത മണ്ഡലത്തിലെ വേലുച്ചാമി എന്ന ആളായിരുന്നു. അദ്ദേഹം കർഷകനാണ്. ഇന്നലെ അദ്ദേഹം ജോലിക്ക് പോയിരുന്ന സമയത്താണ് ചക്കക്കൊമ്പൻ എന്ന് ഓമനപേരിട്ട് വിളിക്കുന്ന ആന ആക്രമിച്ച് കൊലപ്പെടുത്തിയത്. ഇത്തരത്തിൽ തുടർച്ചയായി വന്യമൃഗാക്രമണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സാധാരണഗതിയിൽ വന്യമൃഗാക്രമണം നടന്ന്

ഏതെങ്കിലും ഒരാൾ മരണപ്പെട്ട് കഴിഞ്ഞാൽ അതിനെ രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്നതിനുവേണ്ടിയാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. 1972-ലെ കാലഹരണപ്പെട്ടൊരു നിയമത്തിന് ഭേദഗതികൊണ്ടുവരുന്നതിനുവേണ്ടി 2025-ലാണ് സംസ്ഥാന സർക്കാർ തീരുമാനമെടുക്കുന്നത്. അത്തരമൊരു തീരുമാനമെടുക്കുമ്പോൾ ഒറ്റക്കെട്ടായി നിന്നുകൊണ്ട് അതിൽ അഭിപ്രായം പറഞ്ഞ് നിയമം പാസ്സാക്കേണ്ട ആളുകൾ, അവരുടെ നിലപാട് എന്താണെന്ന് വ്യക്തമാക്കേണ്ടതുണ്ട്. തുടർച്ചയായി വന്യമൃഗാക്രമണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വരുമ്പോൾ ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് അതിനെ തടയിടാൻ കഴിയും. കഴിഞ്ഞ വർഷം എന്റെ നിയോജകമണ്ഡലത്തിൽ മാത്രം എ.ഐ. സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ട് വന്യമൃഗാക്രമണം കുറയ്ക്കുന്നതിനായി 50 ലക്ഷം രൂപയാണ് എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും നൽകിയിട്ടുള്ളത്.

എന്റെ നാട്ടിൽ ആനക്കുളം എന്നുപറയുന്ന സ്ഥലമുണ്ട്. കഴിഞ്ഞ രണ്ടുമൂന്ന് മാസങ്ങൾക്കുമുമ്പ് ഹംഗേറിയയിലെ പ്രസിഡന്റ് ആനക്കുളത്തെ

ആനകളെ കാണുന്നതിനായി വന്നു. ഒരു ദിവസം അമ്പത് മുതൽ അറുപത് ആനകൾ വരെ വൈകുന്നേരങ്ങളിൽ ഇറങ്ങിവന്ന് അവിടെനിന്നും വെള്ളം കുടിച്ച് തിരിച്ചുപോകുകയാണ് ചെയ്യുന്നത്. വെള്ളം കുടിക്കുന്നതിനുവേണ്ടി മാത്രമാണ് ആനകൾ അവിടേയ്ക്ക് ഇറങ്ങിവരുന്നത്. അതിനാൽ കാട്ടിനകത്ത് അവയ്ക്കാവശ്യമായ ഭക്ഷണം, വെള്ളം എന്നിവയെല്ലാം ഒരുക്കികൊടുത്താൽ ഒരുപരിധിവരെ ഇവ നാട്ടിൻപ്രദേശങ്ങളിലേക്ക് ഇറങ്ങുന്നത് തടയുന്നതിന് കഴിയും. അതുമാത്രമല്ല, തോട്ടം മേഖലകളിൽ നിരന്തരമായി പുലിയുടെയും കടുവയുടെയുമെല്ലാം സാന്നിധ്യം വർധിച്ചുകൊണ്ടിരിക്കുകയാണ്. എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, നിലവിൽ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ പെർമിഷൻ വാങ്ങിക്കൊണ്ട് മാത്രമെ നമുക്കൊരു കൂടുപോലും സ്ഥാപിക്കാൻ കഴിയുള്ളൂ. ആദ്യം വന്യമൃഗങ്ങളുടെ സാന്നിധ്യം കണ്ടെത്തി ക്യാമറ സ്ഥാപിക്കണം. ക്യാമറയിൽ വന്യമൃഗത്തിന്റെ സാന്നിധ്യം ആ പ്രദേശങ്ങളിലുണ്ടെന്ന് കണ്ടെത്തിയാൽ മാത്രമെ പിന്നീട് ആ സ്ഥലങ്ങളിൽ കൂട് സ്ഥാപിച്ച് അതിനെ പിടികൂടി മറ്റുസ്ഥലത്തേക്ക് മാറ്റാൻ കഴിയുകയുള്ളൂ. ഇങ്ങനെയെല്ലാം

വരുമ്പോൾ സ്വാഭാവികമായും വലിയ ബുദ്ധിമുട്ടുണ്ടാകും. ഈ വിഷയങ്ങളെല്ലാം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. ജി. സ്റ്റീഫൻ: സർ, വനമേഖലയുള്ള മണ്ഡലങ്ങളെ ഏറ്റവും കൂടുതൽ ബാധിക്കുന്ന വിഷയമാണ് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചത്. എനിക്ക് ചൂണ്ടിക്കാണിക്കാനുള്ള പ്രധാനപ്പെട്ട വിഷയം, നിലവിൽ വനം വകുപ്പ് ആനകൾ നാട്ടിലേക്ക് ഇറങ്ങാതിരിക്കുന്നതിനുവേണ്ടി കിടങ്ങുകൾ കുഴിക്കാറുണ്ട്. ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി സാമാന്യം നല്ലരീതിയിലാണ് വനം വകുപ്പ് അത് ചെയ്തിട്ടുള്ളത്. പക്ഷേ ഒന്നോ രണ്ടോ മഴ പെയ്ത് കഴിയുമ്പോഴേയ്ക്കും വനത്തിൽനിന്ന് മണ്ണൊലിപ്പുണ്ടാകുന്നതിന്റെ ഭാഗമായി ട്രഞ്ചുകളെല്ലാം മൂടപ്പെട്ടുപോകുന്ന സാഹചര്യമുണ്ട്. മറ്റൊന്ന്, നമ്മൾ നിർമ്മിക്കുന്ന ഫെൻസിങ്ങുകൾ കുറച്ചുകാലം കഴിയുമ്പോൾ കാട്ടുവള്ളികൾ പടർന്നുപിടിച്ച് അതിന്റെ എർത്ത് സംവിധാനത്തിലുണ്ടാകുന്ന കുറവ് കാരണം പ്രയോജനകരമല്ലാതെയാകുന്നുണ്ട്. ഇവ രണ്ടും മെയിന്റനൻസ് ചെയ്യുന്നതിനുവേണ്ടി വനം വകുപ്പിന്റെ ഭാഗത്തുനിന്നും കാലാകാലങ്ങളിൽ ഒരിടപെടലുണ്ടായാൽ കുറച്ചുകൂടി വന്യമൃഗങ്ങളുടെ ശല്യം നാട്ടിലേക്ക്

ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും. വനത്തിനകത്തുള്ള ആദിവാസികളുടെ സഹായത്തോടെ വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് ഇറങ്ങുന്ന ചില പ്രത്യേക ആ സ്ഥലങ്ങളെ പോയിന്റ് ഔട്ട് ചെയ്ത് അവിടങ്ങളിൽ മാത്രം ഇത്തരത്തിലുള്ള നിർമ്മാണങ്ങൾ നടത്തിയാൽ ഇന്നുണ്ടാകുന്ന വന്യമൃഗങ്ങളുടെ ആക്രമണം ഒരുപരിധിവരെ തടയുന്നതിനായി കഴിയും. അതിനുള്ള നടപടികൾകൂടി ഇതിന്റെ ഭാഗമായി സ്വീകരിക്കുമോ?

ശ്രീമതി ശാന്തകുമാരി കെ.: സർ, സമഗ്രമായ Man-animal conflict-ന് പരിഹാരം കണ്ടെത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയാണ് സർക്കാർ ശ്രമിക്കുന്നത്. കോങ്ങാട് നിയോജകമണ്ഡലത്തിലെ കരിമ്പ, തച്ചമ്പാറ, കാഞ്ഞിരപ്പുഴ തുടങ്ങിയ പ്രദേശങ്ങളുൾപ്പെടെ ഹൈറേഞ്ചാണ്. അവിടെയെല്ലാം ആദിവാസി ജനവിഭാഗങ്ങളുൾപ്പെടെയുള്ളവർ താമസിക്കുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെടുന്ന പാവപ്പെട്ട മനുഷ്യർ അധിവസിക്കുന്ന പ്രദേശങ്ങളെ സംരക്ഷിക്കാനും അവിടെ കടന്നുവരുന്ന വന്യമൃഗങ്ങളുമായി ഏറ്റുമുട്ടി.......... ഇന്നലെതന്നെ അട്ടപ്പാടിയിലെ ഒരാൾ മരണപ്പെട്ട സംഭവത്തിൽ

നടുറോഡിൽ പരസ്യമായി ആളുകൾ പ്രതിഷേധിക്കുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. പൊതുവെ നിയമത്തിലെ പരിമിതികൾ അല്ലെങ്കിൽ നിയമത്തിൽ ശാശ്വതമായ പരിഹാരം കണ്ടെത്താൻ സാധിക്കാത്തതിന്റെ വിഷയമാണിത്. അതോടൊപ്പംതന്നെ  ആദിവാസി ജനവിഭാഗങ്ങളുടെ ഭൂമി സംരക്ഷിക്കുന്നതിന് കൃത്യമായ ധാരണ നമുക്കുണ്ടാകേണ്ടതുണ്ട്. ആദിവാസി ജനവിഭാഗങ്ങളോട് വനം വകുപ്പ് നല്ലരീതിയിലുള്ള സമീപനം സ്വീകരിക്കാത്തതിന്റെ ഭാഗമായുണ്ടായ വിഷയത്തിൽ ഇടപെട്ടതിന്റെ പേരിൽ എന്റെ നിയോജകമണ്ഡലത്തിലെ മുൻ എം.എൽ.എ.-ആയിരുന്ന കെ. വി. വിജയദാസിനെതിരെ വരെ കേസെടുത്ത സംഭവം വരെയുണ്ടായിട്ടുണ്ട്. അത് കഴിഞ്ഞ കാലമാണെങ്കിൽ  ആയിക്കോട്ടെ. ജനങ്ങളുമായി പ്രത്യേകിച്ചും ആദിവാസി ജനങ്ങളുമായി ഏറ്റവുമടുത്ത ബന്ധം സ്ഥാപിച്ചുകൊണ്ട് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുൾപ്പെടെയുള്ള സമഗ്രമായ വീക്ഷണം ഈ നിയമത്തിലുണ്ടാകില്ലേ?

ശ്രീ. പി. എസ്. സുപാൽ: സർ, കാട്ടുപന്നിയുടെ ഇറച്ചി വളരെ രുചികരമാണെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട ചെയറോ, മന്ത്രിയോ, അംഗങ്ങളോ അത് കഴിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് കഴിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: സർ, അല്ല, ഞാനത് സംബന്ധിച്ച് പറയുകയാണ്. കാരണം ഇത് മണ്ണെണ്ണ ഒഴിച്ച് കത്തിച്ചുകളയുകയാണ് ചെയ്യുന്നത്. അതിന്റെ ആവശ്യമുണ്ടോ? വെളിച്ചെണ്ണയോ മണ്ണെണ്ണയോ ഒഴിച്ച് കത്തിക്കുന്നതിനെ സംബന്ധിച്ച് അന്വേഷിക്കുന്നതിനായി ഉദ്യോഗസ്ഥർ പോകേണ്ടതില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പറഞ്ഞത്. മന്ത്രിയാണെങ്കിലും സർക്കാരാണെങ്കിലും ചില ഉയർന്ന ഉദ്യോഗസ്ഥരാണെങ്കിലും ഇത്തരം വിഷയങ്ങളിൽ കർഷകർക്ക്/ജനങ്ങൾക്ക് അനുകൂലമായ സമീപനം സ്വീകരിക്കുമ്പോൾ, ചില ഉദ്യോഗസ്ഥർ ഇതിന്റെ പുറകെപോയി ഗവേഷണം നടത്തി പരാതികൾ കിട്ടിയില്ലെങ്കിൽ എവിടെനിന്നെങ്കിലും പരാതികൾ വാങ്ങി ആളുകളെ കൈയാമം വച്ച് അതിനുപുറകെ പോകുന്നൊരു സമീപനമാണ് സ്വീകരിക്കുന്നത്. അത്

സർക്കാർ എടുക്കുന്ന പൊതുനിലപാടിന് വിരുദ്ധമായിട്ടുള്ളതല്ലേ; ഇത്തരം ആളുകളെ നിയന്ത്രിക്കേണ്ടതല്ലേ? അതുമാത്രമല്ല, പന്നിയിറച്ചി കരിച്ചുകളയുന്നതിനുപകരം ഭക്ഷ്യയോഗ്യമാണെന്ന് കണ്ടുകൊണ്ട് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയല്ലേ ചെയ്യേണ്ടത്?

ശ്രീ. ലിന്റോ ജോസഫ്: ബഹുമാനപ്പെട്ട അംഗങ്ങൾ മലയോര മേഖലയിലെ ജനങ്ങളുടെ വികാരമാണ് ഇവിടെ സൂചിപ്പിച്ചത്. പ്രതിപക്ഷം ബഹിഷ്കരിക്കുമ്പോൾ ഭരണപക്ഷത്തുള്ള അംഗങ്ങൾ ജനങ്ങൾക്കുവേണ്ടി ക്രിയാത്മകമായി ഇടപെടുന്നതിന്റെ സൂചനയാണിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ശ്രീ. പി. എസ്. സുപാൽ, എം.എൽ.എ. സൂചിപ്പിച്ച കാര്യം ഈ നിയമത്തിന്റെ ഭാഗമായി വരുന്നുണ്ട്. വെർമിനായി പ്രഖ്യാപിച്ചുകഴിഞ്ഞാൽ സ്വഭാവികമായും കാട്ടുപന്നിയുടെ ഇറച്ചി ഭക്ഷിക്കാൻ കഴിയുന്നതാണെന്നത് നിയമനിർമ്മാണത്തിന്റെ ഭാഗമായി വരുന്നുണ്ട്. ശ്രീമതി ശാന്തകുമാരി കെ., ശ്രീ. ജി. സ്റ്റീഫൻ, ശ്രീ. എ. രാജ എന്നീ എം.എൽ.എ.-മാർ സൂചിപ്പിച്ചതുപോലെ, ആദിവാസി വിഭാഗങ്ങളെക്കൂടി വനത്തിന്റെ സംരക്ഷണം ഏൽപ്പിച്ച് അവരെ വിശ്വാസത്തിലെടുത്തുകൊണ്ട്

വനത്തിനുള്ളിൽ നടത്തേണ്ട പ്രവർത്തനങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകളുണ്ടാകേണ്ടത് ഏറ്റവും അനിവാര്യമായ കാര്യമാണ്. ഞാൻ സംസാരിച്ചുവന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം കാടിനുൾക്കൊള്ളാൻ കഴിയുന്നതിനെക്കാൾ മൃഗങ്ങൾ കാടിനകത്തുണ്ട് എന്നതാണ്. വയനാട് സംരക്ഷണ കേന്ദ്രത്തിൽ 84-ലധികം കടുവകളുണ്ടെന്നാണ് ഔദ്യോഗികമായ പല കണക്കുകളും സൂചിപ്പിക്കുന്നത്. എന്നാൽ ആ ഭൂപ്രദേശത്ത് ഉൾക്കൊള്ളാൻ കഴിയുന്ന കടുവകളുടെ എണ്ണം 20 ആണെന്നാണ് പറയുന്നത്. സ്വഭാവികമായും ഉൾക്കൊള്ളാൻ കഴിയുന്നതിനെക്കാൾ കൂടുതൽ കടുവകൾ വനമേഖലയിലുണ്ടാകുമ്പോൾ അവയ്ക്ക് ഇരയും ഭക്ഷണവുമൊക്കെ ലഭ്യമാകാതെ വരികയും അവ നാട്ടിലേക്കിറങ്ങുന്ന സാഹചര്യവുമുണ്ടാകാറുണ്ട്. അതിനാൽ നമ്മൾ വിദേശ മാതൃകകൾ സ്വീകരിക്കണം. കങ്കാരു ഓസ്ട്രേലിയയുടെ ദേശീയമൃഗമാണ്. പക്ഷേ ഓസ്ട്രേലിയയിൽ കങ്കാരു പെറ്റുപെരുകുന്ന ഘട്ടത്തിൽ അവയെ ഹണ്ടിങ് നടത്തുന്നതിന് നിശ്ചിതമായ ഇടവേളകൾ അനുവദിച്ച്, അതിന്റെ എണ്ണം കൃത്യമായി നിയന്ത്രിച്ച് പ്രകൃതിക്കും മനുഷ്യനുമൊന്നും ദോഷകരമായി

ബാധിക്കാത്ത നിലയിലേക്ക് ക്രമീകരിക്കുന്ന നിയമനിർമ്മാണങ്ങൾ വിദേശ രാജ്യങ്ങളിലുണ്ട്. അത്തരം മാതൃകകൾ നമ്മുടെ രാജ്യത്ത് സ്വീകരിക്കുകയും..............

ശ്രീ. ഇ. കെ. വിജയൻ: സർ, ബഹുമാനപ്പെട്ട ലിന്റോ ജോസഫ് വന്യമൃഗാക്രമണത്തെ സംബന്ധിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. രണ്ട് ദിവസം മുമ്പ് വളയം പഞ്ചായത്തിന്റെ മലയോര മേഖലയിൽ 16 ആനകളാണ് വന്നിറങ്ങിയത്. പതിനാറ് ആനകളിറങ്ങിയാൽ എത്രമാത്രം കൃഷിനശിക്കുമെന്നത് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. കുട്ടികളുൾപ്പടെ കൂട്ടകുടുംബമായാണ് അവയിറങ്ങുന്നത്. അവ വലിയതോതിലുള്ള നാശനഷ്ടമാണുണ്ടാക്കിയിട്ടുള്ളത്. അതോടൊപ്പം വന്യമൃഗത്തിന്റെ കൂട്ടത്തിലാണ് കാട്ടുപന്നികളെ രേഖപ്പെടുത്തുന്നതെന്നാണ് മനസ്സിലാക്കുന്നത്. ഇപ്പോൾ കാട്ടിലുള്ളതിനെക്കാൾ കാട്ടുപന്നികൾ നാട്ടിലാണുള്ളത്. ആർക്കും കൃഷിചെയ്യാൻ കഴിയുന്നില്ല. പത്ത് വർഷമായ തെങ്ങിൻതൈകളെയും വാഴകളെയും പൂർണ്ണമായും നശിപ്പിക്കുകയാണ്. മറ്റ് കായ്കനികളായ ചേന, ചേമ്പ് തുടങ്ങിയവയെല്ലാം നശിപ്പിക്കുകയാണ് ചെയ്യുന്നത്. അതിനാൽ

കർഷകരായ മനുഷ്യർ എങ്ങനെ ജീവിക്കും? ഇത്തരം വിഷയങ്ങൾ നമ്മുടെ പൊതുവിഷയമാണെന്ന നിലയ്ക്ക് കൈകാര്യം ചെയ്യുന്നതിന് മന്ത്രി ഏറെ തൽപ്പരനാണ്. അതിന്റെ ഭാഗമായാണ് നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിക്കുന്നത്. പണ്ടുകാലത്ത് നമ്മുടെ നാട്ടിലൊക്കെതന്നെ നായാട്ടുമായി ബന്ധപ്പെട്ട് ഇവയെല്ലാം ഭക്ഷിക്കുമായിരുന്നു. എന്നാൽ ഇടക്കാലത്ത് ആ പ്രവണത നിന്നതിന്റെ ഫലമായി മൃഗങ്ങളുടെ എണ്ണം വർധിച്ചു. ജനസംഖ്യയുടെ എണ്ണം വലിയതോതിൽ കുറയുമ്പോൾ....... കാട്ടുപന്നിയുടെ ഒരു പ്രസവത്തിൽതന്നെ പത്തുംപതിനഞ്ചും കുഞ്ഞുങ്ങളാണ് ജനിക്കുന്നത്. അതിന്റെ എണ്ണം പെരുകുന്നത് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. മനുഷ്യരുടെ എണ്ണം വല്ലാതെ കുറയുന്നു. വിവാഹംതന്നെ വേണ്ടെന്നാണ് പുതിയതലമുറ ആലോചിക്കുന്നത്. എന്നാൽ വന്യമൃഗത്തിന്റെ കാര്യത്തിൽ പ്രത്യേകിച്ച് പന്നികളുടെ എണ്ണം വലിയതോതിലാണ് വർധിക്കുന്നത്. ആനകളുടെ എണ്ണവും വർധിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഇത് ഭക്ഷ്യ യോഗ്യമാണെന്ന് തീരുമാനിക്കുന്നതായിരിക്കും നല്ലത്. അത് നല്ലരീതിയിൽ പാകം ചെയ്യണം.

കാരണം ഇവയുടെ നെയ്യിലെ അംശത്തിൽ വലിയതോതിൽ വിരശല്യമൊക്കെയുണ്ടാകാനുള്ള സാധ്യതയുണ്ട്. അതിനാൽ നല്ലരീതിയിൽ വേവിച്ച് കഴിഞ്ഞാൽ ഏറ്റവും നല്ല മാംസാഹാരമാക്കി ഇതിനെ മാറ്റിയെടുക്കാൻ കഴിയും. ഈ വിഷയത്തിൽ തിരുവമ്പാടി മണ്ഡലത്തെപോലെതന്നെ നാദാപുരം മണ്ഡലവും ഏറ്റവും പ്രയാസമനുഭവപ്പെടുന്ന ഒരു മണ്ഡലമാണ്. ഈ വിഷയം ഗൗരവമായി പരിഗണിക്കേണ്ടതല്ലേയെന്ന് ഞാൻ സൂചിപ്പിക്കുന്നു.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, കോന്നി നിയോജകമണ്ഡലത്തിൽ ഇന്നലെ ഒരു കടുവ കുഞ്ഞുമോൻ എന്ന വാച്ചറെ കൊലപ്പെടുത്തുകയുണ്ടായി. പന്നിയും ആനയുമെല്ലാം ഗേറ്റ് തുറന്ന് വീടുകൾക്കുള്ളിലേക്ക് കയറിച്ചെല്ലുന്ന ഒരവസ്ഥ നമ്മുടെ മലയോരമേഖലയിലെല്ലാമുണ്ട്. ആ ഘട്ടത്തിലാണ് ഇങ്ങനെയൊരു നിയമനിർമ്മാണത്തെ സംബന്ധിച്ച ചർച്ച നടന്നുക്കൊണ്ടിരിക്കുന്നത്. മലയോര മേഖലയെ സംബന്ധിച്ചിടത്തോളം ഇന്ന് ജനങ്ങളേറെ പ്രതീക്ഷിക്കുന്ന ഒരു ദിവസമാണ്. കേന്ദ്ര നിയമത്തിന്റെ ഭേദഗതിയായതുകൊണ്ട് കേരള നിയമസഭയിലെ ഈ ബില്ലിന്റെ ചർച്ചയിൽ

പ്രതിപക്ഷംകൂടി ചേർന്ന് ഈ ബിൽ ഐകകണ്ഠ്യേന പാസ്സാക്കേണ്ടതായിരുന്നു. ദൗർഭാഗ്യവശാൽ അവർ വിട്ടുനിൽക്കുകയാണ്. മലയോര മേഖലയിലെ ജനങ്ങളോടുള്ള വെല്ലുവിളിയാണ് പ്രതിപക്ഷം ഉയർത്തുന്നത്. സോളാർ വേലി ഉൾപ്പെടെ ധാരാളം മാർഗങ്ങൾ സർക്കാർ സ്വീകരിച്ചു വരികയാണെന്ന് നമുക്കറിയാം. വനത്തിനുള്ളിലേക്ക് വന്യമൃഗങ്ങൾക്ക് ഭക്ഷണസാധനങ്ങൾ എത്തിച്ചുകൊടുക്കുന്ന പദ്ധതികളുൾപ്പെടെ നിരവധി പദ്ധതികളുണ്ട്. ഇതെല്ലാം വനം വകുപ്പിന്റെ നേതൃത്വത്തിലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പലപ്പോഴും ഇതിൽക്കാണുന്ന ഒരു പരിമിതി, ആ സ്ഥലത്തെ ജനങ്ങളുടെ പിന്തുണയോടുകൂടി ഇതെല്ലാം സംഘടിപ്പിക്കാതിരിക്കുന്നതിന്റെ പോരായ്മ മലയോര മേഖലയിലെല്ലാമുണ്ട്. സോളാർ വേലികളുടെ സംരക്ഷണത്തിന്റെ കാര്യത്തിലും വിത്തുകളെല്ലാം വനപ്രദേശത്തിനുള്ളിലേക്ക് നിക്ഷേപിക്കുന്ന കാര്യത്തിലും വനമേഖലയുമായി ബന്ധപ്പെട്ട് നിൽക്കുന്ന പ്രശ്നങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആ പ്രദേശത്തെ

ജനങ്ങളുടെയുംകൂടി പിന്തുണ ഉറപ്പാക്കുന്ന പ്രവർത്തനംകൂടി വനംവകുപ്പിന്റെ ഭാഗത്തുനിന്നും കൂടുതലായി ഉണ്ടാകണമെന്ന് നിർദ്ദേശിക്കുകയാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, സിംഹമൊഴിച്ച് ബാക്കിയുള്ള എല്ലാ വന്യമൃഗങ്ങളും പ്രത്യക്ഷപ്പെട്ട ഒരു മണ്ഡലമാണ് മലമ്പുഴ മണ്ഡലം. എട്ട് പഞ്ചായത്തുകളാണ് എന്റെ മണ്ഡലത്തിലുള്ളത്. അതിൽ ആറ് പഞ്ചായത്തുകളിലും വന്യമൃഗശല്യമുണ്ട്. ഏറ്റവും കൂടുതൽ മനുഷ്യ ജീവൻ പൊലിഞ്ഞതും അതുപോലെ കാർഷികവിള നഷ്ടപ്പെട്ടതും ഈ വന്യമൃഗങ്ങളുടെ കടന്നാക്രമണത്തിന്റെ ഭാഗമാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് അത് അറിയാവുന്നതും അദ്ദേഹം പലതവണ അവിടെ വന്നിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. യു. ജനീഷ് കുമാർ സൂചിപ്പിച്ച വിഷയം എന്റെ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളെയും ജനങ്ങളെയുംകൂടി കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ഒരു പ്രതിരോധ പ്രവർത്തനം നടത്തുന്നുണ്ട്. അതിന് സാമ്പത്തികപരമായും നിയമപരമായും അംഗീകാരം നൽകുന്ന രീതിയിൽ ഒരു പ്രവർത്തനം നടത്തണം. 1972-ലെ വന്യജീവി (സംരക്ഷണ) നിയമവുമായി ബന്ധപ്പെട്ടാണ് സംസ്ഥാനത്ത് ഈ നിയമം

നിലവിൽ വരുന്നത്. സ്വാഭാവികമായും ഈ ബിൽ നിയമസഭ പാസ്സാക്കിക്കഴിഞ്ഞാൽ ഇതിനൊരു അംഗീകാരം ലഭിക്കുമോയെന്ന കാര്യത്തിൽ ഒരു സംശയം ഇല്ലാതില്ല. ഈ ബിൽ ഏതുവിധേനയും പ്രാവർത്തികമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ലിന്റോ ജോസഫ് ചർച്ച അവസാനിപ്പിക്കണം.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ചരിത്രപരമായ ഒരു നിയമനിർമ്മാണമാണ് വനം വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന സർക്കാർ കൊണ്ടുവരുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, വനമേഖലകളിൽ താമസിക്കുന്ന കർഷകർ വളരെ പ്രതീക്ഷയോടുകൂടിയാണ് ഈ ബില്ലിനെ നോക്കിക്കാണുന്നത്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഇത്രയും പ്രധാനപ്പെട്ടൊരു വിഷയം സഭയിൽ അവതരിപ്പിക്കുമ്പോൾ പ്രതിപക്ഷം ഈ സഭ ബഹിഷ്കരിക്കുന്നത് ശരിയായ നടപടിയല്ല. കഴിഞ്ഞ കുറച്ചുദിവസങ്ങളിലായി സഭയിൽ അലങ്കോലമുണ്ടാക്കാൻവേണ്ടിയുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്.

'ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കുത്തുക' എന്നൊരു പ്രയോഗമുണ്ട്. ആ പ്രയോഗത്തിന് തത്തുല്യമായനിലയിൽ എന്താണ് നിങ്ങൾക്ക് പറയാനുള്ളതെന്ന് ചോദിക്കുമ്പോൾ അത് പറയാതെ കേരളത്തിലെ ക്രിയാത്മകമായ നിയമനിർമ്മാണങ്ങൾ 'കേരള ഏക കിടപ്പാട സംരക്ഷണ ബിൽ' പോലെയുള്ള നിയമം, കേരളത്തിലെ വനമേഖലകളിൽ താമസിക്കുന്നവർക്ക് വന്യജീവി സംരക്ഷണം (കേരള ഭേദഗതി) നിയമം അവതരിപ്പിക്കുന്ന ഘട്ടത്തിൽ ഒന്നുമില്ലാതെ ഈ സഭയെ അലങ്കോലപ്പെടുത്താൻ ശ്രമിക്കുന്ന പ്രതിപക്ഷത്തിന്റെ നിലപാട് ദൗർഭാഗ്യകരമാണ്. കേരളത്തിലെ ജനങ്ങൾ ഏറ്റെടുക്കുന്ന, നിയമനിർമ്മാണം നടത്തുന്ന ഒരു സഭയായി ഈ സഭ മാറുകയാണ്. അതിന് നേതൃത്വം നൽകുന്ന സർക്കാരിനെയും പ്രത്യേകിച്ച് വനം വകുപ്പിനെയും ഈ അവസരത്തിൽ പ്രത്യേകം പ്രശംസിച്ചുകൊണ്ട് ഈ ഭേദഗതി ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു ബില്ലായതുകൊണ്ടും ഈ വിഷയം വളരെയേറെ ചർച്ച

ചെയ്യപ്പെടുന്നതായതുകൊണ്ടും ഇടുക്കി ജില്ലയുൾപ്പെടെയുള്ള മലയോര പ്രദേശങ്ങളിലെ ജനങ്ങളിൽനിന്നും വലിയതോതിൽ അഭിനന്ദനം നേടിയ ഒരു ബില്ലാണിത്. പക്ഷേ ഈ ബില്ലിൽ ചില ആശങ്കകൾ രൂപപ്പെടുന്നു എന്ന നില വരുത്തിത്തീർത്ത് ഇതിലെ ഉദ്ദേശ്യശുദ്ധിയെപ്പോലും ഒരുപക്ഷേ മനസ്സിലാക്കാൻ സാധിക്കാത്തവിധത്തിൽ തെറ്റിദ്ധാരണാജനകമായി നടത്തിയിട്ടുള്ള ചില സ്റ്റേറ്റുമെന്റുകളെല്ലാം നമ്മൾ കണ്ടു. എന്നാൽ ഈ ബില്ല് പൈലറ്റ് ചെയ്തുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സംസാരിക്കുമ്പോഴും ചർച്ച ചെയ്യപ്പെട്ടപ്പോഴുമെല്ലാം മനസ്സിലാക്കാൻ സാധിച്ചത് 'വാച്ചർ' എന്നുള്ള പേര് 'ഫോറസ്റ്റ് ബീറ്റ് അസിസ്റ്റന്റ്' എന്നാക്കുന്നുവെന്നുള്ളതാണ്. അത് അറസ്റ്റ് ചെയ്യാനുള്ള അധികാരമല്ല. അത് കൃത്യമായി ഈ ബില്ലിൽ സൂചിപ്പിക്കുന്നുണ്ട്. അത് അവർക്ക് അറിയുകയും ചെയ്യാം. പക്ഷേ അതിന്റെ പേരിൽത്തന്നെ പുകമറ സൃഷ്ടിക്കാനായിട്ടുള്ള ശ്രമം നടന്നു. ഇന്നിപ്പോൾ കേരളത്തിൽ പൊലീസ് കോൺസ്റ്റബിൾസ് ഇല്ല. സിവിൽ പൊലീസ് ഓഫീസറാണുള്ളത്. ആ നിലയിൽ കാലങ്ങളായി ജോലി ചെയ്യുന്ന നിരവധി തസ്തികകളിൽപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്ക് ഒരു

അംഗീകാരം നൽകുന്ന സ്ഥിതി പോസിറ്റീവായി ചിന്തിക്കേണ്ടതിനുപകരം അത് ജനങ്ങളിൽ ആശങ്ക പരത്താനും അത് അറസ്റ്റ് ചെയ്യാനുള്ള കുറെയാൾക്കാരെ രൂപപ്പെടുത്തിക്കൊണ്ടുവരുന്നു എന്നുള്ള നിലയിലും സഭയ്ക്ക് പുറത്ത് ധാരാളം ചർച്ചകൾ നടത്തിയെന്നുള്ളത് പൊതുസമൂഹം കണ്ടതാണ്. പക്ഷേ ഇന്ന് ഈ ബിൽ പാസ്സാകുന്നതോടുകൂടി അതിന് പര്യവസാനമാകുകയാണ്. വളരെ കൃത്യമായിത്തന്നെ ഇക്കാര്യത്തിൽ ചെയ്തുകൊണ്ട് അറസ്റ്റ് ചെയ്യാനുള്ള അധികാരം അവർക്കില്ലായെന്ന് മാത്രമല്ല, കേരളത്തിൽ വന്യമൃഗങ്ങളിറങ്ങി ആരെയെങ്കിലും ഉപദ്രവിച്ച് മുറിവേൽപ്പിക്കുകയോ പരിക്കേൽപ്പിക്കുകയോ ചെയ്താൽ ആ മൃഗത്തെ വെടിവെയ്ക്കുവാനും കൊല്ലുവാനുമുള്ള അധികാരം നടപ്പാക്കുന്നതിനുള്ള റിപ്പോർട്ടിന് ജില്ലാകളക്ടറെക്കൂടി ചുമതലപ്പെടുത്തിയെന്നുള്ളത് സാധാരണക്കാരായ ആൾക്കാർക്ക് പെട്ടെന്ന് ആക്ഷനെടുക്കാൻ കഴിയുന്ന നിലയിലേക്ക് സർക്കാർ ചിന്തിച്ചതുകൊണ്ടാണ്. ഈ നല്ല ലക്ഷ്യങ്ങളെയെല്ലാം കണ്ടുകൊണ്ടും വനയോരമേഖലയിലും വനം-വന്യജീവി വിഷയങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന ചർച്ചയുടെ ഭാഗമായി

ഉരുത്തിരിഞ്ഞിട്ടുള്ള ആശങ്കകൾ പരിഹരിക്കാനുമുള്ള നല്ല നടപടികൾ സ്വീകരിക്കുകയും ചെയ്ത സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ ആശങ്ക പരിഹരിക്കാൻവേണ്ടി നടത്തിയിട്ടുള്ള ശ്രമത്തെയും ബഹുമാനപ്പെട്ട മന്ത്രിയെയും ഒരിക്കൽക്കൂടി അഭിനന്ദിക്കാനുമാണ് ഈ അവസരം വിനിയോഗിച്ചത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വളരെയേറെ ശ്രദ്ധേയമായ അഭിപ്രായ പ്രകടനങ്ങളാണ് ഒരുപക്ഷത്തുനിന്നുകൊണ്ടുമാത്രം നമുക്ക് കേൾക്കാൻ കഴിഞ്ഞത്. അങ്ങനെയാണെങ്കിൽ ഈ ബില്ലുകളെ ഗൗരവത്തിൽക്കണ്ട് അവയെ ആഴത്തിൽ പരിശോധിച്ച് അഭിപ്രായ പ്രകടനം നടത്തിയ എല്ലാ അംഗങ്ങളെയും എന്റെ നന്ദി അറിയിക്കുകയാണ്. എല്ലാവർക്കും അറിയാവുന്നതുപോലെ ഇത് കേന്ദ്ര നിയമവുമായി ബന്ധപ്പെട്ടതാണ്. തീർച്ചയായും നമുക്ക് ചില കടമ്പകൾ കടക്കേണ്ടിവരും. ആ കടമ്പകൾ കടക്കാൻ ഈ സഭ ഒറ്റക്കെട്ടാണെന്ന സന്ദേശം നൽകാൻ കഴിയുന്നില്ലെന്ന ദൗർബല്യമാണ് ഇതെല്ലാം കേട്ടപ്പോൾ എനിക്ക് തോന്നിയിട്ടുള്ളത്. എന്നാൽ

എല്ലാ ദൗർബല്യങ്ങളെയും മറികടന്ന് ജനങ്ങളുടെ ചേരിയിൽനിന്നുകൊണ്ട്, ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കാനുള്ള പ്രതിബദ്ധതയോടുകൂടി ഈ സർക്കാർ മുന്നോട്ടുപോകുമെന്ന് അത്തരക്കാരെയെല്ലാം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ, മലയോര മേഖലയിൽ വേദനിക്കുന്ന കർഷകന്റെ വികാരങ്ങളെ ആളിക്കത്തിച്ച് മുതലെടുപ്പ് രാഷ്ട്രീയം നടത്തിയ ആളുകളാണ് ദൗർഭാഗ്യവശാൽ ഇന്ന് അവിടെ അവരോടൊപ്പവും ഇവിടെ ഇവരോടൊപ്പവും എന്നുള്ള ഇരട്ടത്താപ്പാണ് പ്രതിപക്ഷം സ്വീകരിച്ചിരിക്കുന്നത്. ഈ ഇരട്ടത്താപ്പിനെ ആ മേഖലയിലെ എല്ലാ പ്രസ്ഥാനങ്ങളുടെയും നേതാക്കന്മാരും പാവപ്പെട്ട കർഷകരും തിരിച്ചറിയണമെന്നുകൂടി ഞാൻ അഭ്യർഥിക്കുകയാണ്. ഇപ്പോൾ ഈ ബില്ലുകൾ വന്ന ഘട്ടത്തിൽപ്പോലും തെറ്റിദ്ധാരണയുണ്ടാക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. വന്യജീവി ആക്രമണങ്ങൾ നേരിട്ടവർക്ക് നഷ്ടപരിഹാരത്തിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നീക്കിവച്ചത് 72 കോടി രൂപയാണെങ്കിലും ഫലത്തിൽ 1.72 കോടി രൂപ മാത്രമാണ് ചെലവഴിച്ചതെന്ന് ഇന്നലെ ഒരു

പ്രമുഖ പത്രത്തിൽ വാർത്ത വരികയുണ്ടായി. ഇത്രയേറെ തെറ്റിദ്ധാരണാജനകമായ ഒരു വാർത്ത എന്തിനാണ് അവർ കൊടുത്തതെന്നറിയില്ല. അനുവദിച്ച തുക 72 കോടി രൂപതന്നെയാണ്. ചരിത്രത്തിലാദ്യമായാണ് ഇത്രയേറെ തുക വന്യജീവി ആക്രമണം നേരിട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടി നീക്കിവച്ചത്. അതിൽ 75 ശതമാനം തുക ഇതിനകം ചെലവഴിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ രേഖകൾ ഹാജരാക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്. അത് നിയമസഭയിൽ പലപ്രാവശ്യം ഞാൻ വ്യക്തമാക്കിയിട്ടുള്ളതാണ്. വീണ്ടും ആ പ്രചരണം നടത്തുകയാണ് ചെയ്യുന്നത്. ഒരു നല്ല കാര്യം ചെയ്യുമ്പോൾ തെറ്റിദ്ധാരണ പരത്താൻ നടത്തുന്ന ശ്രമത്തിന്റെ ഭാഗമാണ് ഈ 'വാച്ചർ' ഇഷ്യൂവും. അത് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇവിടെ പല അംഗങ്ങളും ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിലെ മലയോര മേഖലയിലെ ജനങ്ങൾക്ക് പുതുജീവൻ നൽകുന്ന ആശ്വാസമാണുണ്ടാവുക. അതിനുവേണ്ടി സർക്കാർ നടത്തുന്ന ശ്രമങ്ങൾക്ക് എല്ലാവരുടെയും പിന്തുണയുണ്ടാകണം.

ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം നേടുന്നതിനും ഒറ്റക്കെട്ടായ പ്രവർത്തനം ഇവിടെ പ്രതിപക്ഷമില്ലെങ്കിലും ഈ സഭയിലൂടെ അവരോട് അഭ്യർഥിച്ചുകൊണ്ട് ഈ ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി.ടി.എ. റഹീം, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള വന (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി.ടി.എ. റഹിം: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള വന (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

(i) 2025-ലെ കേരള വന (ഭേദഗതി) ബിൽ

**രണ്ടാം വകുപ്പ്**

വനം-വന്യജീവി വകുപ്പുമന്ത്രി(ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

312. In section 2 C Proposed to be substituted in the Principal Act by clause 2 for the word ‘ Watcher’ the words ‘ Forest Beat Assistant’ shall be substitued.

Shri C. C. Mukundhan : Sir, I move the following amendment :

125. In section 2(c) proposed to be substituted in the principal Act by clause 2, before the word " holding" the words " by virtue of" shall be inserted.

Shri P. Balachandran : Sir, I move the following amendment :

129. In section 2(c) proposed to be substituted in the principal Act by clause 2, for the word " under" the words " as per" shall be substituted.

Shri T. P. Ramakrishnan : Sir, I move the following amendment :

137. In section 2(c) proposed to be substituted in the principal Act by clause 2, the words and symbols " Watcher (Except for the purpose of arrest)" shall be deleted.

Shri P. Mammikkutty : Sir, I move the following amendment :

140. In section 2(c) proposed to be substituted in the principal Act by clause 2, for the words " purpose of arrest" the words " power under section 63" shall be substituted.

Shri P. V. Sreenijin : Sir, I move the following amendment :

141. In section 2(c) proposed to be substituted in the principal Act by clause 2, for the word " purpose of arrest" the words " power under section 63" shall be substituted.

Shri Sebastian Kulathunkal : Sir, I move the following amendment :

142. In section 2(c) proposed to be substituted in the principal Act by clause 2 after the word " arrest" the words " under this Act" shall be inserted.

Shri K. Ansalan : Sir, I move the following amendment :

143. In section 2(c) proposed to be substituted in the principal Act by clause 2 after the word " arrest" the words " under section 63" shall be inserted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ശ്രീ. ചാണ്ടി ഉമ്മന്റെ 154-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

Uncorrected/Not for publication
08-10-2025

154. In section 2(c) proposed to be substituted in the principal Act by clause 2 for the word " rules" the word " rule" shall be substituted.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സി. സി. മുകുന്ദൻ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബാലചന്ദ്രൻ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജൻ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വകുപ്പ്**

Shri P. S. Supal : Sir, I move the following amendments :

157. In section 47B(2) proposed to be amended in the pricipal Act by clause 3(a) before the word " Forest" the word " Kerala" shall be inserted.

174. In section 47B(2) proposed to be amended in the principal Act by clause 3(a) for the word " bonafide" the words " bona fide" shall be substituted.

195. In the proviso to section 47 B(2) proposed to be substituted in the principal Act by clause 3(b) for the words " sandal trees" the words " sandal wood trees" shall be substituted wherever it occurs.

Shri V. Joy :Sir, I move the following amendment :

161. In section 47B(2) proposed to be amended in the pricipal Act by clause 3(a), for the words and symbols, " subject to the provisions of this Act and the rules made thereunder, for any other bonafide use, irrespective of the age of the tree," the words and symbols " or for any other bonafide use, irrespective of the age of the tree, subject to the provision of this Act and the rules made thereunder" shall be substituted.

Shri E. K. Vijayan : Sir, I move the following amendment :

177. In section 47B(2) proposed to be amended in the principal Act by clause 3(a) for the word " irrespective" the word " regardless" shall be substituted.

Shri G. S. Jayalal : Sir, I move the following amendments :

185. In the proviso to section 47B(2) proposed to be substituted in the principal Act by clause 3(b) for the word " bonafide" the words " bona fide" shall be substituted.

208. In the proviso to section 47B(2) proposed to be substituted in the principal Act, by clause 3(b) after the word " Government" the words " of Kerala" shall be inserted.

Shri A. C. Moideen : Sir, I move the following amendment :

198. In the proviso to section 47B(2), proposed to be substituted in the principal Act by clause 3(b) for the words, " if any" the words " in assigned lands, that is" shall be substituted.

Shri. C. C. Mukundhan : Sir, I move the following amendment :

202. In the proviso to section 47B(2) proposed to be substituted in the principal Act, by clause 3(b) before the words " reserved by" the words " that were" shall be inserted.

Shri P. T. A. Rahim : Sir, I move the following amendment :

209. In the proviso to section 47B(2), proposed to be substituted in the principal Act, by clause 3(b), the words “ the areas” shall be deleted.

Shri N. K. Akbar : Sir, I move the following amendment :

211. In the proviso to section 47B(2), proposed to be substituted in the principal Act, by clause 3(b), the words “ the areas notified by the custodian” shall be deleted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 157, 174, 195 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ അവതരിപ്പിച്ച 185, 208 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. സി. മുകുന്ദൻ അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹിം അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**നാലാം വകുപ്പ്**

Shri P. Nandakumar: Sir, I move the following amendment :

220. In section 47E proposed to be amended in the principal Act by clause 4(a) for the word "Department" the word "Officer" shall be substituted.

Shri. Xavier Chittalappilly : Sir, I move the following amendment :

227. Section 47E of the principal Act shall be recast as follows:
"47E Compensation to be paid by the Forest Officer. – Where any quantity of sandalwood is offered under section 47B or any quantity of sandalwood or sandalwood oil surrendered under section 47D, the authorised Forest Officer shall compensate thereof at the rates, as may be fixed by the Government from time to time."

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**അഞ്ചാം വകുപ്പ്**

Shri V. K. Prasanth : Sir, I move the following amendment:

231. In section 53 proposed to be amended in the principal Act, by

clause 5, for the words " Range forest Officer" the words " Assistant Wildlife warden" , shall be substituted.

Shri T. I. Madhusoodanan : Sir, I move the following amendment:

233. In section 53 proposed to be amended in the principal Act, by clause 5, for the words " Range forest Officer" the words " Deputy Range forest Officer" , shall be substituted.

Shri Thottathil Ravindran : Sir, I move the following amendment:

235. Section 53 of the principal Act, shall be recast as follows;

" 53. power to release property confiscated under section 52- any forest Officer of a rank not inferior to that of an Assistant Wildlife Warden, who or whose subordinate has confiscated any tools, boats, vehicles or cattle under the provisions of section 52, may release the same on the execution of a bond by the owner there of for the production of the property so released, as and when so required before the Magistrate having jurisdiction during the trial of the offence on account of which the confiscation has been made"

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 231-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 235-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ആറാം വകുപ്പ്

Shri K. D. Prasenan : Sir, I move the following amendment:

237. In section 64, proposed to be amended in the principal Act, by clause 6, before the word " Range" , the words, " Deputy" shall be inserted.

Shri M. Rajagopalan : Sir, I move the following amendment:

239. In section 64, proposed to be amended in the principal Act, by clause 6, for the words " Range Forest Officer" , the words, " Assistant Wildlife Warden" , shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഏഴാം വകുപ്പ്**

Shri K. P. Kunhammed Kutty Master : Sir, I move the following amendment:

242. In section 68(1) proposed to be substituted in the principal act by clause 7 for the words " an Assistant" the words " a Deputy" shall be substituted.

Shri K. U. Jenish Kumar : Sir, I move the following amendment:

244. In section 68(1) proposed to be substituted in the principal act by clause 7 for the words " an Assistant conservator of Forests" the words " a Divisional Forest Officer" shall be substituted.

Shri K. V. Sumesh : Sir, I move the following amendment:

255. In section 68(1)(a), proposed to be substituted in the principal Act by clause 7 for the word " compensation" the word " penalty" shall be substituted.

Shri V. Sasi : Sir, I move the following amendments:

257. In section 68(1)(a), proposed to be substituted in the principal Act by clause 7 the words " for the offence which may have been committed and" shall be deleted.

276. In section 68(1)(a) proposed to be substituted in the principal Act by clause 7 for the word " estimated" the word " determined" shall be substituted.

Shri Thottathil Ravindran : Sir, I move the following amendment:

261. In section 68(1)(a), proposed to be substituted in the principal Act by clause 7 for the words " seized as liable to confiscation" the word " confiscated" shall be substituted.

Shri Linto Joseph : Sir, I move the following amendment:

287. In section 68(1)(a) proposed to be substituted in the principal Act by clause 7, for the word " confiscate" , the word " forfeit" shall be substituted.

Shri G. Stephen : Sir, I move the following amendment:

297. In section 68(1)(b) proposed to be substituted in the principal Act by clause 7 for the words " institution of the," the word " initiating" shall be substituted.

Smt. Daleema : Sir, I move the following amendment:

303. In the proviso to section 68(1)(b), proposed to be substituted in the principal Act by clause 7, for the words " it shall be deemed to be a previous commission of the same offence for the purpose of determining whether a second or subsequent offence has been committed and" , shall be deleted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ശ്രീ. ആര്യാടൻ ഷൗക്കത്തിന്റെ 241-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

241. In section 68(1) proposed to be substituted in the principal act by clause 7 for the word " officer" the word " Officer" shall be substituted.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 242-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 255-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശശി അവതരിപ്പിച്ച 257, 276 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 261-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 287-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 297-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 303-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 2025-ലെ കേരള വന (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2025-ലെ കേരള വന (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(ii) 2025-ലെ കേരള വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ

**രണ്ടാം വകുപ്പ്**

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

342. In the explanation 1 (a) to section 11(1)(a) proposed to be inserted in the principal Act by clause 2 (1)(ii) after the words " residential area" the words " or agricultural area" shall be inserted.

Shri. C. C. Mukundhan: Sir, I move the following amendments:

151. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) for the word " severe" the word " any" shall be substituted.

163. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) the words " where people are usually gathered for various purposes" shall be deleted.

224. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) for the word " any" after the word " permit" the letter ' a' shall be substituted.

266. In the explanation 1(b) to section 11(1)(a) proposed to be inserted in the principal Act by clause 2(1)(ii) for the word "reside" the word "live" shall be substituted.

289. In section 11 (1) (c) proposed to be inserted in the principal Act by clause 2 (2) for the word "highly" the word "significantly" shall be substituted.

303. In section 11(1)(c) proposed to be inserted in the principal Act by clause 2(2) for the word "animals" the word "animal" shall be substituted.

Smt. Santhakumari K : Sir, I move the following amendment:

160. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) for the words "found in a public place where people are usually gathered for various purposes or in a residential area" the words "dangerous to human life" shall be substituted.

Shri. P. S. Supal : Sir, I move the following amendments:

170. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) the words "for various purposes" shall be deleted.

176. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) after the word and symbol "area," the words and symbol "or in a place outside forest area," shall be inserted.

198. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) the word " a" before the word " Chief" shall be deleted.

238. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) after the word " translocated" the words " without further delay" shall be inserted.

252. In the explanation 1(a) to section 11(1)(a) proposed to be inserted in the principal Act by clause 2(1)(ii) for the words " a residential" the word " any" shall be substituted.

299. In section 11(1)(c) proposed to be inserted in the principal Act by clause 2(2), for the words " any suitable step" the words " necessary steps" shall be substituted.

Shri. Sebastian Kulathunkal : Sir, I move the following amendments:

175. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) after the word and symbol " area," the words and symbol " or in any land outside the forest or protected area," shall be inserted.

254. In the explanation 1(a) to section 11(1)(a) proposed to be inserted in the principal Act, by Clause 2(1)(ii) after the words " residential area" the words " or any lands" shall be inserted.

Shri P. P. Sumod : Sir, I move the following amendment:

200. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) for the words " Chief Conservator of Forests" the words " Divisional Forest Officer" shall be substituted.

Shri Antony John : Sir, I move the following amendment:

206. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) for the words " Chief Conservator of Forests" the words " Wildlife Warden" shall be substituted.

Shri K. U. Jenish Kumar : Sir, I move the following amendment:

220. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) for the words " permit any person" the words " permit authorised person or persons" shall be substituted.

Smt. K. K. Shailaja Teacher : Sir, I move the following amendment:

222. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) for the words " permit any person" the words " permit experienced person or persons" shall be substituted.

Shri C. H. Kunhambu : Sir, I move the following amendment:

239. The third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) shall be recast as follows;
" Provided also that where such a wild animal has attacked any person causing severe injuries, or such animal is dangerous to human life, the Chief Wildlife Warden may, upon a report from the District Collector or a Divisional Forest Officer, immediately, by order in writing and stating the reason therefor, permit authorised persons to kill, tranquilise, capture or translocate such animal or cause such animal to be killed, tranquilised, captured or translocated. "

Shri K. K. Ramachandran : Sir, I move the following amendment:

259. In the explanation 1 (a) to section 11(1)(a), proposed to be inserted in the principal Act, by clause 2(1)(ii), after the words " of the forest or protected area" the words " or posing severe threat of destruction to properties" shall be inserted.

Shri P. T. A. Rahim : Sir, I move the following amendment:

284. In section 11 (1) (c) proposed to be inserted in the principal Act by clause 2 (2) for the words " population of" the words " number of" shall be substituted.

Shri K. Premkumar : Sir, I move the following amendment:

301. In section 11(1)(c) proposed to be inserted in the principal Act by clause 2(2) for the words " suitable step" the words " mitigation measures" shall be substituted.

Shri P. Mammikutty : Sir, I move the following amendment:

309. In section 11(1)(c) proposed to be inserted in the principal Act by clause 2(2) before the words " without killing" the words " with or" shall be inserted.

Smt. U. Prathibha : Sir, I move the following amendment:

311. In section 11(1)(c) proposed to be inserted in the principal Act, by clause 2(2) for the words and symbol " without killing, by birth control" the words " with or without killing or by birth control" shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സി. സി. മുകുന്ദൻ അവതരിപ്പിച്ച 151, 163, 224, 266, 289, 303 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 170, 176, 198, 238, 252, 299 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 175, 254 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 222-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 259-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 284-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 301-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Shri M. M. Mani : Sir, I move the following amendment:

316. In section 62(2) proposed to be inserted in the principal Act, by Clause 3 for the words " the Government" the words " the State Government or Central Government" shall be substituted.

Shri P. S. Supal : Sir, I move the following amendment:

318. In section 62(2) proposed to be inserted in the principal Act by Clause 3 after the word " Warden," the words " there on" shall be inserted.

Shri Thottathil Ravindran : Sir, I move the following amendment:

323. In section 62(2) proposed to be inserted in the principal Act by clause 3 for the word " population" the word " number" shall be substituted.

Shri Antony John : Sir, I move the following amendment:

325. In section 62(2) proposed to be inserted in the principal Act by clause 3 the words " in the Gazette" shall be deleted.

Shri Sebastian Kulathunkal : Sir, I move the following amendment:

330. In section 62(2) proposed to be inserted in the principal Act by clause 3 for the words " six months" the words " one year" shall be substituted.

Shri H. Salam : Sir, I move the following amendment:

331. In section 62(2) proposed to be inserted in the principal Act by clause 3 after the word " time" the words " that may be extended to maximum two times" shall be inserted.

Shri T. I. Madhusoodanan : Sir, I move the following amendment:

338. In the proviso to section 62(2) proposed to be inserted in the principal Act by clause 3 for the word " successive" the word " consecutive" shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. എം. മണി അവതരിപ്പിച്ച 316-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 318-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 323-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 325-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 330-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 331-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri K. P. Kunhammed Kutti Master : Sir, I move the following amendment:

107. In the long title, before the words " to amend" the word " further" shall be inserted.

Shri Xavier Chittilappilly : Sir, I move the following amendment:

113. In the preamble before the words " to amend" the word " further" shall be inserted.

Shri Linto Joseph : Sir, I move the following amendment:

132. In clause 1 (1), for the word " Protection" the word and symbols " (Protection)" shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഡോ. എൻ. ജയരാജിന്റെ 130-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

തത്വപ്രഖ്യാപനവാക്യം

130. In the enacting formula, for the word “ Sixth” the word “ sixth” shall be substituted.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 2025-ലെ കേരള വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ കേരള വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(iii) 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ.

(iv) 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. എം. ബി. രാജേഷ്: സർ, ഇപ്പോൾ സംസാരിക്കുന്നില്ല. ചർച്ചയ്ക്കുശേഷം സംസാരിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ട് ബില്ലുകളുടെയും ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്. 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ,

2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾക്ക് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങളൊന്നുംതന്നെ സഭയിൽ ഹാജരായിട്ടില്ല.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. ബാലചന്ദ്രൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അതിലെ ജനകീയ സഹകരണം വിപുലപ്പെടുത്തുന്നതിനുംവേണ്ടിയുള്ള നിയമ ഭേദഗതികളാണ്. 1994-ലെ മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനുശേഷം ഇന്ത്യൻ

സ്വാതന്ത്ര്യത്തിന് 76 വർഷം തികയുമ്പോഴാണ് പുതിയ മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സഭയിൽ അവതരിപ്പിക്കുന്നത്. ജീവിതത്തിന്റെ വിവിധ വിധാനങ്ങളിലുള്ള ജനവിഭാഗങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി എങ്ങനെ ബന്ധപ്പെടുത്തണമെന്നും അതിലുള്ള നിയമപരമായ തടസ്സങ്ങൾ എങ്ങനെ ഒഴിവാക്കാമെന്നും ആദ്യമായി ആലോചിക്കുന്നത് അധികാര വികേന്ദ്രീകരണത്തിന്റെ കാലത്താണ്. പദ്ധതി വിഹിതത്തിന്റെ 40 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുന്നതോടുകൂടി അധികാരത്തിന്റെ പുനർവിന്യാസം അതുവഴി സാധ്യമാക്കാനാണ് ഇടതുപക്ഷ സർക്കാരുകൾ ശ്രമിച്ചത്. ഇന്ന് ശ്രീ. എം. ബി. രാജേഷ് നയിക്കുന്ന ഈ വകുപ്പ് പലതരത്തിലുള്ള വിവിധങ്ങളായ നിയമഭേദഗതികളിലൂടെ മുനിസിപ്പാലിറ്റി ആക്റ്റിൽ വരുത്തുന്ന ഭേദഗതിയും പഞ്ചായത്ത് രാജ് ആക്റ്റിൽ വരുത്തുന്ന ഭേദഗതിയും നടപ്പിൽ വരുന്നതോടെ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കുള്ള സീറ്റ് സംവരണത്തിന്റെ പ്രശ്നം പുനർനിർണയം ചെയ്യാനും പൊതുസ്ഥലങ്ങളിലെ കൈയേറ്റങ്ങൾ തടയുന്നതിനും, അതുപോലത്തന്നെ മുനിസിപ്പാലിറ്റിക്കും പഞ്ചായത്തുകൾക്കും

ലഭിക്കേണ്ട വരുമാനത്തിൽ വർധനവുണ്ടാക്കുന്നതിനുവേണ്ടിയുള്ള വിവിധ സംവിധാനങ്ങളും വിവിധ തരത്തിൽ ഇന്ന് കോടതിപോലും ചൂണ്ടിക്കാണിച്ചിട്ടുള്ള നമ്മുടെ പൊതുയിടങ്ങളിലെ ബോർഡുകളും കമാനങ്ങളുമെല്ലാം വയ്ക്കുന്നത് നിയമപരമായി എങ്ങനെ സാധൂകരിക്കണമെന്നുള്ളതിനെ സംബന്ധിച്ചും ഒരു പൊതുസംവിധാനം ഇതിനെല്ലാമുണ്ടാക്കികൊടുക്കുന്നതിനുമാണ് ഈ നിയമ ഭേദഗതി ലക്ഷ്യം വയ്ക്കുന്നത്. ഈ നിയമ ഭേദഗതികളുമായി ബന്ധപ്പെട്ട ചർച്ച നടക്കുമ്പോൾ പ്രതിപക്ഷം ഇവിടെയില്ലെന്ന് നമുക്കറിയാം. പ്രതിപക്ഷമില്ലെന്ന് പറഞ്ഞാൽ പോരാ, വിറളി പിടിച്ച പ്രതിപക്ഷം ഇവിടെ ഇല്ലെന്ന് പറയണം. കാരണം, കഴിഞ്ഞ കുറച്ച് മാസങ്ങളായി കേരളത്തിൽ വീശിയടിക്കുന്ന കാറ്റ് ഇടതുപക്ഷത്തിന് അനുകൂലമാണെന്ന് മനസ്സിലാക്കിക്കൊണ്ട് ആഗോള അയ്യപ്പ സംഗമത്തിനുശേഷം ചില സംഭവവികാസങ്ങൾ കേരളത്തിൽ ഉരുത്തിരിഞ്ഞ് വന്നിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിലുള്ള ഒരുതരം വിഭ്രാന്തിയാണ് ഇവിടെ പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. ആഗോള അയ്യപ്പ സംഗമത്തെ കേരളത്തിലെ സാമുദായിക നേതൃത്വങ്ങളെല്ലാം

അംഗീകരിക്കുകയും പ്രത്യേകിച്ച് ഇടതുപക്ഷത്തോട് മമതയൊന്നും പുലർത്താതെ നിന്നിരുന്ന പ്രസ്ഥാനങ്ങൾപോലും വളരെയധികം അപ്രീഷിയേറ്റ് ചെയ്യുകയും ചെയ്യുന്ന സന്ദർഭത്തിൽ ഒരു സംഭവമുണ്ടായി. നിങ്ങളും ഞാനും അത് മറന്നിട്ടുണ്ടാകില്ല. ജനകീയമായ ഈ സംവിധാനത്തെ പ്രതിരോധിക്കുന്നതിനുവേണ്ടി ബി.ജെ.പി.-യുടെ നേതൃത്വത്തിൽ ഒരു വിശ്വാസ സംഗമം നടത്തുകയുണ്ടായി. ആ വിശ്വാസ സംഗമം അവരെ അബദ്ധത്തിലാണ് കൊണ്ടുചെന്നെത്തിച്ചത്. കാരണം അവിടെ ഒരു മഹാ മണ്ഡലേശ്വർ സ്വാമി സംസാരിച്ചത് വാവരും അയ്യപ്പനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ്. ജാതി വിദ്വേഷത്തിന്റെയും മതപ്രസംഗത്തിന്റെയും പേരിൽ അദ്ദേഹത്തിനെതിരെ കേസ്സെടുത്തിട്ടുണ്ട്. വെളുക്കാൻ തേച്ചത് പാണ്ടായി എന്ന് പറഞ്ഞതുപോലെ ബി.ജെ.പി.-ക്കാർക്കും അടികിട്ടിയപ്പോൾ അല്ലെങ്കിൽ അവർക്കും ജനകീയമായി ഒറ്റപ്പെടേണ്ട സ്ഥിതിയുണ്ടായപ്പോൾ കേരളത്തിന്റെ പുരാവൃത്തങ്ങളും കേരളത്തിന്റെ നിരവധികാലത്തെ ചരിത്രവും പരിശോധിച്ചാൽ എരുമേലിയിലെ പള്ളിയും അയ്യപ്പക്ഷേത്രവും തമ്മിലുള്ള ബന്ധവും

അതുപോലെ വാവരും അയ്യപ്പനും തമ്മിലുള്ള ബന്ധവും വ്യക്തമാണ്. ചരിത്രത്തെ തിരുത്തുന്നതിനുവേണ്ടി വാപുരനാണ് വാവരല്ലെന്ന് സ്ഥാപിക്കാനാണ് ആ സ്വാമി അവിടെ ശ്രമിച്ചത്. അവരും ഒറ്റപ്പെട്ടതോടുകൂടി കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി മൂന്നാംവട്ടവും വമ്പിച്ച ജനകീയ ഭൂരിപക്ഷത്തോടെ അധികാരത്തിൽ വരുമെന്നുള്ളതുകൊണ്ടാണ് ഈ നിയമസഭയ്ക്കകത്ത് ഇത്തരത്തിലുള്ള വ്യക്തമായ പ്രശ്നങ്ങളുന്നയിക്കാതെ ഈ നാടകം അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ഇനിയുള്ള ദിവസങ്ങളിൽ സഭയോട് സഹകരിക്കുമെന്ന് വിശ്വസിക്കാൻ നമുക്കാകുന്നില്ല. ഇങ്ങനെയുള്ളൊരു പ്രതിപക്ഷം പൊതുകേരളത്തിന്റെ പ്രശ്നങ്ങൾ ബില്ലായി ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ അവരുടെ അസാന്നിദ്ധ്യം കൊണ്ടാണ് ശ്രദ്ധിക്കപ്പെടേണ്ടതെന്ന് സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ കൂടുതൽ ജനകീയമായി അവർ ഒറ്റപ്പെടുമെന്നുള്ളത് മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, അധികാര വികേന്ദ്രീകരണത്തോട് എന്നും മുഖം തിരിച്ച് നിന്നിട്ടുള്ള അനുഭവമാണ് യു.ഡി.എഫ്.-ന്റെയും പ്രത്യേകിച്ച് കോൺഗ്രസ്സിന്റെയും കാലത്തുണ്ടായിട്ടുള്ളത്. കേരളത്തിലെ അധികാര വികേന്ദ്രീകരണ ചരിത്രത്തിൽ ഏറ്റവും ശ്രദ്ധേയമായ ജില്ല കൗൺസിലുകൾ രൂപീകരിച്ച കാര്യം നമുക്കെല്ലാമറിയാം. ജില്ലയെ മൊത്തം ഒരു ഭരണഘടകമായി എടുത്തുകൊണ്ട് ജില്ലാ കളക്ടർ സെക്രട്ടറിയും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധി പ്രസിഡന്റുമായിട്ടുള്ള ശ്രദ്ധേയമായ കാൽവയ്പ്പായിരുന്നു അത്. ആ ജില്ലാ കൗൺസിലിനെ മുഴുവനും തകർക്കുകയും നോക്കുകുത്തിയാക്കി മാറ്റുകയും ചെയ്തത് യു.ഡി.എഫ്.-ന്റെയും കോൺഗ്രസ്സിന്റെയും ഭരണകാലത്തായിരുന്നുവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിലില്ലേ?

ശ്രീ. പി. ബാലചന്ദ്രൻ: സർ, അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് മാത്രമല്ല, കേരളത്തിലെ സാമാന്യ ജനങ്ങൾ ചർച്ച ചെയ്ത കാര്യമാണ്. അധികാര വികേന്ദ്രീകരണവും യു.ഡി.എഫും. എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നുള്ളത് നമുക്കറിയാം; ഇത് മോരും മുതിരയും പോലെയാണ്. അവർ തമ്മിലൊരു

ബന്ധവുമില്ല. അധികാര വികേന്ദ്രീകരണത്തെക്കുറിച്ച്, അധികാരം ജനങ്ങൾക്ക് കൊടുക്കുന്നതിനെക്കുറിച്ച്, ജനകീയ ഗവൺമെന്റുകളെക്കുറിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച്, യു.ഡി.എഫ്.-ൽ അങ്ങനെ പ്രബലമായ ധാരണകളൊന്നും അവർക്ക് ഭരണം കരഗതമായ സന്ദർഭത്തിൽ ഉണ്ടായിട്ടില്ലെന്നുള്ളത് അവരുടെ ഭരണം പരിശോധിച്ചാൽ അറിയാം. കൂടുതൽ സമയം ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ നിയമഭേദഗതികളെ ഞാൻ പിന്തുണയ്ക്കുകയാണ്.

ശ്രീ. വി. ജോയി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഒരു സുവർണ്ണ കാലഘട്ടമാണ് ഈ കഴിഞ്ഞുപോയതെന്ന് പറയാതിരിക്കാൻ സാധിക്കില്ല. അതിന്റെ ഭാഗമായി ഒട്ടേറെ മാറ്റങ്ങൾ ഈ മേഖലയിൽ വരുത്താൻ സാധിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും മുനിസിപ്പാലിറ്റികളെയും കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങളുടെ ഭാഗമായാണ് ഈ ഭേദഗതികൾ കൊണ്ടുവരുന്നത്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ, പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ സംവരണവുമായി ബന്ധപ്പെട്ട ചില മാറ്റങ്ങൾ ഈ ഭേദഗതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്; ചെയർപേഴ്സൺമാരുടെ അധികാരങ്ങളെ സംബന്ധിച്ചുള്ള ചില കാര്യങ്ങൾകൂടി ഈ ബില്ലിൽ സൂചിപ്പിച്ചിട്ടുണ്ട്. ചെയർപേഴ്സൺമാരുടെ സാമ്പത്തിക ചുമതലകൾ, മറ്റ് ചില വിഷയങ്ങളുമായും അതിന്റെ പരിഷ്കരണവുമായും ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവയെല്ലാം ഈ ബില്ലിൽ സൂചിപ്പിക്കുന്നുണ്ട്. പ്രത്യേകിച്ച് ആഭ്യന്തരം, വിജിലൻസ് എന്നീ വകുപ്പുകളുടെ മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട കാര്യങ്ങളിലും മാറ്റങ്ങൾ വരികയാണ്.

കൊടിതോരണങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ചലല പ്രശ്നങ്ങൾ ഇപ്പോൾ നിലനിൽക്കുന്നുണ്ട്. പൊതുസ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുക, കൊടി തോരണങ്ങൾ കെട്ടുക എന്നിവയ്ക്കെതിരെ

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ശക്തമായ ഇടപെടലുകൾ വരുന്നുണ്ട്. പക്ഷെ, ജനാധിപത്യ സംസ്ഥാനത്ത് ജനങ്ങളെ പൊതുവായി അറിയിക്കേണ്ട കാര്യങ്ങൾ അറിയിക്കാൻ സാധിക്കണം. അത് ചിലപ്പോൾ സമ്മേളനങ്ങളിലൂടെയോ പൊതുയോഗങ്ങളിലൂടെയോ അറിയിക്കേണ്ടതായി വരും. ഈ അറിയിപ്പുകൾ നൽകുന്നതിന് ബോർഡുകൾ സ്ഥാപിക്കുകയെന്നത് അനിവാര്യമായ കാര്യമാണ്. ബോർഡുകളൊന്നുംതന്നെ സ്ഥാപിച്ചുകൂടെന്ന നിലപാട് എടുക്കുന്നതിനുപകരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആളുകൾ ശ്രദ്ധിക്കപ്പെടുന്ന ചില പ്രത്യേക ഏര്യകൾ ഇത്തരം പ്രചരണങ്ങൾ നടത്തുന്നതിനായി നീക്കിവയ്ക്കാൻ സാധിക്കുമോയെന്ന കാര്യം ആലോചിക്കേണ്ടതാണ്. വേണമെങ്കിൽ ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെറിയൊരു ഫീസ് ഈടാക്കുന്നതിൽ തെറ്റില്ല. പക്ഷെ, ഇന്നത്തെ സാഹചര്യത്തിൽ യഥാർത്ഥത്തിൽ ജനങ്ങളെ അറിയിക്കേണ്ട നിരവധി പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങൾ അറിയിക്കുന്നതിന് ഇത്തരം പ്രചരണ സാധനസാമഗ്രികൾ ഉപയോഗപ്പെടുത്തേണ്ടതായിട്ടുണ്ട്. സ്വാഭാവികമായും അതിന് പ്രത്യേക

പരിരക്ഷ നൽകേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ അത്തരം കാര്യങ്ങൾകൂടി ശ്രദ്ധിക്കണമെന്ന് വിനീതമായി അഭ്യർഥിക്കുകയാണ്.

ജനപ്രതിനിധികൾ, പ്രത്യേകിച്ച് എം.എൽ.എ.-മാർ പ്രധാനമായും ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യമുണ്ട്, ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പണ്ടത്തേത് പോലെയല്ല. റോഡരികിൽ മികച്ച രീതിയിലുള്ള വെയിറ്റിങ് ഷെഡ്ഡുകൾ നിർമ്മിക്കുന്നുണ്ട്. ചില സ്ഥലങ്ങളിൽ എല്ലാ ആധുനിക സംവിധാനങ്ങളോടും കൂടിയ വെയിറ്റിങ് ഷെഡ്ഡുകളാണ് നിർമ്മിച്ചിരിക്കുന്നത്. 'വൈഫൈ' ഉൾപ്പെടെയുള്ള സൗകര്യങ്ങളൊരുക്കി എഫ്.എം. റേഡിയോ കേൾക്കാൻ കഴിയുന്ന രീതിയിലാണ് വെയിറ്റിങ് ഷെഡ്ഡുകൾ നിർമ്മിച്ചിരിക്കുന്നത്. ബസ് കാത്തിരിക്കുന്ന സ്ഥലത്ത് ആളുകൾക്ക് സ്വാഭാവികമായും കുറച്ച് നേരം ചെലവഴിക്കേണ്ടിവരികയാണെങ്കിൽ മുഷിപ്പ് തോന്നാത്ത രീതിയിലുള്ള ഒട്ടേറെ സംവിധാനങ്ങൾ വെയിറ്റിങ് ഷെഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ചെയ്യുന്നുണ്ട്. എല്ലാ എം.എൽ.എ.-മാരുടെ നിയോജക മണ്ഡലങ്ങളിലും

ഇത്തരത്തിൽ വളരെ മനോഹരമായ വെയിറ്റിങ് ഷെഡ്ഡുകളാണ് നിർമ്മിച്ചിട്ടുള്ളത്. എന്നാൽ ആ വെയിറ്റിങ് ഷെഡ്ഡിന്റെ പണി പൂർത്തിയായി മൂന്നാമത്തെ ദിവസം മുതൽ അവിടെയെല്ലാം പോസ്റ്ററുകൾ ഒട്ടിക്കുകയാണ്. ആ ഷെഡ് എങ്ങനെ വൃത്തികേടാക്കാമെന്നാണ് ചിലർ ചിന്തിക്കുന്നത്. അവിടെ ഒട്ടിക്കുന്ന ചില പോസ്റ്ററുകളുടെ വിവരങ്ങൾ എന്റെ കൈവശമുണ്ട്. പക്ഷെ, ഇതൊരു പൊതു സഭയായതുകൊണ്ട് ഞാനതൊന്നും ഇവിടെ പറയുന്നില്ല. ചില വൈദ്യന്മാർ ചില ചികിത്സയുമായി ബന്ധപ്പെട്ടുള്ള പോസ്റ്ററുകൾ ഒട്ടിക്കുന്നുണ്ട്. ഇതുപോലുള്ള ധാരാളം കാര്യങ്ങളാണ് വെയിറ്റിങ് ഷെഡ് വൃത്തികേടാക്കാനായി ചെയ്യുന്നത്. ഇക്കാര്യത്തിൽ യാതൊരു പരിരക്ഷയുമില്ല. വെയിറ്റിങ് ഷെഡ് നിർമ്മിക്കുന്നതിനായി രണ്ടോ രണ്ടരയോ ലക്ഷം രൂപയാണ് ചെലവാക്കുന്നത്. WiFi, ഫാൻ, ലൈറ്റ് ഉൾപ്പെടെയുള്ള സംവിധാനങ്ങളോടു കൂടിയ കെട്ടിടമായതിനാൽ നിർമ്മാണച്ചെലവ് കൂടുന്നുവെന്നത് വസ്തുതയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു ബസ് സ്റ്റാൻഡിൽ മുലയൂട്ടുന്ന അമ്മമാർക്ക് ഒരു മുറിയിലേയ്ക്ക് മാറിയിരുന്ന് കുഞ്ഞിന് പാൽ നൽകാൻ കഴിയുന്ന

തരത്തിലുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. പക്ഷെ, ഇവയെല്ലാം നശിപ്പിക്കുന്ന പ്രവണത വളരെ വ്യാപകമായിരിക്കുകയാണ്. ഇതിനെതിരെ എന്ത് നടപടി സ്വീകരിക്കാൻ സാധിക്കും; ഇത്തരം ചില ശ്രമങ്ങൾ വെയിറ്റിങ് ഷെഡ്ഡുകളുടെ ഭംഗി നശിപ്പിക്കുകയാണ്. ഏതുതരത്തിലുള്ള പോസ്റ്ററുകളും വെയിറ്റിങ് ഷെഡ്ഡുകളിൽ ഒട്ടിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഇത്തരമൊരു പ്രവണത ഏതൊക്കെ വിധത്തിൽ നിയന്ത്രിക്കാൻ സാധിക്കുമെന്നതിനെപ്പറ്റി ആലോചിക്കേണ്ടതുണ്ട്.

ശ്രീ. പി. നന്ദകുമാർ: സർ, സംസ്ഥാനത്ത് ഏറ്റവും സുതാര്യമായി പ്രവർത്തിക്കേണ്ടൊരു വകുപ്പാണ് തദ്ദേശസ്വയംഭരണ വകുപ്പ്. അതുകൊണ്ടുതന്നെ ചില കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. മലപ്പുറം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വ്യാപകമായ അഴിമതിയാണ് നടക്കുന്നതെന്ന് മാത്രമല്ല, ഇതുമായി ബന്ധപ്പെട്ട് പല ആക്ഷേപങ്ങളും നിത്യേന പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. സുതാര്യമായി പ്രവർത്തിക്കേണ്ട പഞ്ചായത്തുകളെ ഉപയോഗപ്പെടുത്തി വലിയ രീതിയിലുള്ള

അഴിമതി നടന്നതിന്റെയടിസ്ഥാനത്തിൽ ചില കേസുകളും വന്നിട്ടുണ്ട്. ഏകദേശം 46 കോടി രൂപയോളം അഴിമതി നടത്തിയ ഒരു ജില്ലാപഞ്ചായത്ത് മെമ്പർ ഇപ്പോൾ ജയിലിലാണ്. ഇതുപോലുള്ള ധാരാളം അഴിമതിക്കേസുകൾ പുറത്ത് വന്നിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ വട്ടംകുളം പഞ്ചായത്തിൽ കുടുംബശ്രീയുമായി ബന്ധപ്പെട്ട് വലിയ അഴിമതിയാണ് നടന്നിട്ടുള്ളത്. ഏറ്റവും സുതാര്യമായി പ്രവർത്തിക്കേണ്ട, സാധാരണക്കാർക്ക് സഹായം ചെയ്യേണ്ട ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന അഴിമതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; അവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. വി. ജോയി: സർ, കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതിപ്രശസ്തമാണ്. ജനങ്ങൾക്ക് ഉപകാരപ്രദമായ കാര്യങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ലോകത്തിന്റെയും ഇന്ത്യയുടെയും ശ്രദ്ധ പിടിച്ചുപറ്റുന്ന തരത്തിലാണ് അവയുടെ പ്രവർത്തനങ്ങൾ പോകുന്നതെന്നൊക്കെ പറയുമ്പോഴും ഇത്തരം ചില മോശപ്പെട്ട

പ്രവർത്തനങ്ങൾ നടത്തുന്ന ജനപ്രതിനിധികളുമുണ്ട്. മറ്റാരെങ്കിലും കേട്ടാൽ വളരെ മോശമാകുന്ന രീതിയിലുള്ള സമീപനമാണ് ചില ജനപ്രതിനിധികൾക്കുള്ളത്. പ്രത്യേകിച്ച് മലപ്പുറം ജില്ലാപഞ്ചായത്തിലെ ഒരു യു.ഡി.എഫ്. മെമ്പർ രണ്ടുമാസമായി ജയിലിൽ കിടക്കുകയാണ്. ഇവിടെ ഇന്ന് സഭയ്ക്കുള്ളിൽ കോലാഹലമുണ്ടാക്കിയ ആളുകൾ/ അഴിമതിയെക്കെതിരെ മുദ്രാവാക്യം വിളിക്കുന്ന ആളുകൾ/ഷേയർ ഷേയർ എന്ന് വിളിക്കുന്ന ആളുകൾ ഇതൊക്കെ മനസ്സിലാക്കിയിട്ടാണോ ഇങ്ങനെ വിളിക്കുന്നത്; രണ്ട് മാസത്തിലധികമായി ആ ജില്ലാ പഞ്ചായത്ത് മെമ്പർ ജയിലിൽ കിടക്കുകയാണ്. യു.ഡി.എഫ്. ഭരിക്കുന്ന ചില മുനിസിപ്പാലിറ്റികളിൽ എത്രത്തോളം അഴിമതിയാണ് നടത്തിയിരിക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ അതിശക്തമായ നിലപാടുകൾ സ്വീകരിച്ചുവരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളം എല്ലാ കാര്യങ്ങളിലും വളരെ മുന്നിലാണ്. എല്ലാ കാര്യങ്ങളിലും കേരളം മുന്നിലാണെന്ന് പറയുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയല്ല.

കർണ്ണാടകയിലെ റവന്യൂ വകുപ്പുമന്ത്രി കേരളത്തെ സംബന്ധിച്ച് പറഞ്ഞത് ഇക്കഴിഞ്ഞ ദിവസങ്ങളിലാണ്. അതായത്, 'നിങ്ങൾ കേരളത്തെ നോക്കൂ! കേരളത്തിലെ ആരോഗ്യരംഗം ഒന്നാമതാണ്, വിദ്യാഭ്യാസ മേഖലയിലും സമഗ്രവികസനത്തിലും കേരളം ഒന്നാമതാണ്' എന്നാണ് അദ്ദേഹം പറഞ്ഞത്. കേരളത്തെ കണ്ടുപഠിക്കാൻ കർണ്ണാടകയിലെ ഒരു മന്ത്രി തന്റെ മുമ്പിലിരിക്കുന്ന ആളുകളോട് ആഹ്വാനം ചെയ്യുകയാണ്. ആ നിലയിലേയ്ക്ക് കേരളം വളർന്നുകൊണ്ടിരിക്കുകയാണ്. കേരളം ഇന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാര്യങ്ങളാണ് സമീപഭാവിയിൽ ഇന്ത്യയിൽ ചെയ്യാൻ പോകുന്നത്. അപ്പോൾ കേരളമാണ് മറ്റ് സംസ്ഥാനങ്ങളെക്കാൾ മുന്നിൽ ഇക്കാര്യങ്ങൾ ചെയ്യുന്നതെന്ന് നമ്മൾ മനസ്സിലാക്കണം.

കേരളത്തിന് ഏറ്റവും വലിയ തലവേദനയുണ്ടാക്കിയ പ്രശ്നമാണ് മാലിന്യ നിർമ്മാർജനം. എന്നാൽ, മാലിന്യനിർമ്മാർജനത്തിൽ കേരളത്തിലെ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ചരിത്രനേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. സമീപകാലത്ത് കേന്ദ്ര സർക്കാർ 100 നഗരങ്ങളിൽ രേഖപ്പെടുത്തിയ ശുചിത്വ സർവെയിൽ ഈ കൊച്ചു

കേരളത്തിലെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം തുടങ്ങിയ ഏതാണ്ട് എട്ട് കോർപ്പറേഷനുകൾക്ക് മാലിന്യം നിർമ്മാർജനത്തിൽ മുൻപന്തിയിലെത്താൻ സാധിച്ചു. 'ഡിജിറ്റൽ കേരളം' പദ്ധതി, വളരെയധികം അഭിമാനിക്കാൻ കഴിയുന്ന രീതിയിലേയ്ക്ക് അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചില്ലേ; വെഞ്ഞാറമൂടിലെ പുല്ലമ്പാറയിൽ തുടങ്ങിവച്ച ജൈത്രയാത്ര ഇന്ന് അതിഗംഭീരമായി കേരളം മുഴുവൻ ഏറ്റെടുക്കുന്ന സാഹചര്യമാണുണ്ടായത്. കേരളം നടപ്പിലാക്കിയിട്ടുള്ള ഈ ഡിജിറ്റൽ സർവെയുടെ ഭാഗമായാണ് ഇപ്പോൾ ഇന്ത്യാ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കേരളത്തെ കണ്ടുപഠിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇന്ന് ഇന്ത്യയിലാകെ നടക്കുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇത്തരം ചില പ്രധാനപ്പെട്ട കാര്യങ്ങൾ നമ്മുടെ നാട്ടിലുണ്ട്. ഇക്കാര്യങ്ങളിൽ ഭേദഗതി വരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി ഈ രംഗത്ത് പുതിയൊരു കാൽവയ്പ്പ് നടത്താൻ സാധിക്കുമെന്നതാണ് പ്രധാനം. രണ്ടുമൂന്ന് ദിവസമായി സഭ നടത്താതെ തടസ്സപ്പെടുത്തുന്നതിനുള്ള വലിയ പരിശ്രമം പ്രതിപക്ഷം നടത്തുകയാണ്.

ചോദ്യോത്തരവേള സാധാരണ നിലയിൽ തടസ്സപ്പെടുത്താറില്ല. ചോദ്യോത്തരവേളയിൽ അംഗങ്ങൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. സ്വാഭാവികമായും എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അത് ചോദ്യോത്തരവേളയെ ബാധിക്കാറില്ല. പക്ഷെ, പുതിയ പ്രതിപക്ഷ നേതാവ് വന്നശേഷം ഏതുതരത്തിലാണ് സഭയെ അലങ്കോലപ്പെടുത്താൻ സാധിക്കുകയെന്നാണ് നോക്കുന്നത്; ആ രീതിയിൽ കീഴ്വഴക്കങ്ങളെല്ലാം ലംഘിക്കപ്പെടുകയാണ്. ചോദ്യോത്തരവേള മൂന്ന് ദിവസമായി നിരന്തരം സ്തംഭിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പ്രതിപക്ഷാംഗങ്ങൾ ഉന്നയിക്കുന്ന പ്രശ്നമെന്താണ്? ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിമാരായ ശ്രീ. പി. രാജീവ്,

ശ്രീ. എം. ബി. രാജേഷ്, ശ്രീ. കെ. എൻ. ബാലഗോപാൽ എന്നിവരും ഇന്ന് ബഹുമാന്യരായ മുഖ്യമന്ത്രിയും സ്പീക്കറും വളരെ കർക്കശമായി പ്രതികരിക്കുകയുണ്ടായി. ശബരിമലയുമായി ബന്ധപ്പെട്ട വിഷയം പ്രതിപക്ഷാംഗങ്ങൾക്ക് സഭയിൽ ഉന്നയിക്കുന്നതിന് ഗവൺമെന്റ് തടസ്സമാണോ; ഗവൺമെന്റ് തടസ്സമല്ല. അവർക്ക് ആ വിഷയം ഉന്നയിക്കാം.

അങ്ങനെയല്ലേ ഇക്കഴിഞ്ഞകാലങ്ങളിലൊക്കെ അവർ സീറോ അവറിൽ കാര്യങ്ങൾ ചെയ്തുകൊണ്ടിരുന്നത്. സീറോ അവറിൽ ഈ വിഷയം ഉന്നയിച്ചശേഷം ഗവൺമെന്റിന് പറയാനുള്ള മറുപടി കേൾക്കാം; പക്ഷെ, അവർ അതിന് തയ്യാറാകുന്നില്ല; അപ്രകാരം തയ്യാറാകാത്തത് എന്തുകൊണ്ടാണ്? ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടുകളും കൃത്യമായ മറുപടിയും സസൂക്ഷ്മം ഈ സഭയെ അറിയിക്കാൻ ഭരണപക്ഷത്തിന് കഴിയുമെന്ന പേടികൊണ്ടാണ് മന്ത്രിമാരെക്കൊണ്ട് സംസാരിപ്പിക്കില്ലെന്ന നിലപാട് സ്വീകരിച്ചുകൊണ്ട് പ്രതിപക്ഷം ഇത്തരം കാര്യങ്ങൾ ചെയ്യുന്നത്. സ്വർണ്ണം അടിച്ചുമാറ്റലും അത് ചെമ്പാണോ സ്വർണ്ണമാണോ എന്ന് പരിശോധിക്കലുമൊന്നും ഞങ്ങളുടെ പണിയല്ല; ഞങ്ങൾ അത്തരം കാര്യങ്ങളിലൊന്നും ഇടപെടാറുമില്ല. കേരളത്തിലെ ഗവൺമെന്റ് മറ്റേതൊരു ഗവൺമെന്റ് ചെലവഴിക്കുന്നതിനേക്കാൾ കൂടുതൽ തുക ശബരിമലയ്ക്ക് നൽകിയിട്ടുണ്ട്. ശബരിമലയുടെ സുവർണ്ണ കാലമെന്ന് പറയുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുന്ന ഈ കാലഘട്ടമാണെന്നത് യു.ഡി.എഫ്. മനസ്സിലാക്കണം. അവർക്ക് അക്കാര്യങ്ങൾ നന്നായിട്ടറിയാം.

സഖാവ് പിണറായി വിജയൻ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഒൻപതര വർഷമായി. കഴിഞ്ഞ ഒൻപതര വർഷക്കാലത്തിനിടയിൽ ദേവസ്വം ബോർഡുകൾക്ക് സംസ്ഥാന ഗവൺമെന്റ് നൽകിയ പണം സർവകാല റെക്കോർഡാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിനുമാത്രം 144.96 അതായത് 145 കോടി രൂപയാണ്. ഈ ബജറ്റിലൂടെ അനുവദിക്കുന്ന പണംകൂടി ഉൾപ്പെടുത്തിയാൽ 150 കോടിയിലധികം രൂപ ശബരിമലയ്ക്കും തിരുവിതാംകൂർ ദേവസ്വം ബോർഡിനുമായി ഈ സർക്കാർ നൽകുന്നുണ്ട്. ശബരിമലയ്ക്ക് പ്രത്യേകമായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന് 30 കോടി രൂപയും മലബാർ ദേവസ്വം ബോർഡിന് 250.77 കോടി രൂപയും കൂടൽമാണിക്യം ദേവസ്വത്തിന് 15 ലക്ഷം രൂപയും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് 18 കോടി രൂപയും പത്മനാഭസ്വാമി ക്ഷേത്രത്തിന് 4 കോടിയോളം രൂപയും നൽകി. അമ്പലങ്ങളിൽനിന്നും പണം വാങ്ങുന്നുവെന്ന ബി.ജെ.പി.യുടെ പ്രചരണത്തിന് കോൺഗ്രസ് കുടപിടിച്ചുകൊടുക്കുകയാണ്. അമ്പലങ്ങളിൽ നിന്നോ ദേവസ്വങ്ങളിൽ നിന്നോ ഒരു രൂപപോലും സ്വീകരിക്കാതെ കോടിക്കണക്കിന് രൂപ

ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും ദേവസ്വത്തിന്റെ പ്രവർത്തനങ്ങൾക്കുമായി നൽകുന്ന ഗവൺമെന്റാണിത്. ഇതെല്ലാം ഞങ്ങൾ പറയും... പറയുന്നത് കേൾക്കാൻ ഞങ്ങൾക്ക് സമയമില്ല; അതിനാലാണ് അസ്വസ്ഥത പ്രകടിപ്പിക്കുന്നതെന്നത് നിങ്ങൾ കാണണം. ശബരിമല വിഷയത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. എ. പി. അനിൽ കുമാർ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ. സി. ആർ. മഹേഷ് എന്നിവർ 17-09-2025-ന് ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിയിലുൾപ്പെടുത്തി ശബരിമല വികസനത്തിനായി നൽകിയ തുകയെ സംബന്ധിച്ച് ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി കൃത്യമായ കണക്കാണ് നിയമസഭാംഗങ്ങൾക്ക് നൽകിയത്. എന്നിട്ട് ആ മറുപടി വായിച്ചുനോക്കാൻ നിങ്ങൾ തയ്യാറായോ? 2022-2023, 2023-2024 എന്നീ സാമ്പത്തിക വർഷങ്ങളിൽ 30 കോടി രൂപ വീതവും 2024-2025 സാമ്പത്തിക വർഷം നാളിതുവരെ 27.6 കോടി രൂപയും ഗവൺമെന്റ് നൽകിയെന്ന് ബഹുമാനപ്പെട്ട തുറമുഖ-സഹകരണ-

ദേവസ്വം വകുപ്പുമന്ത്രി മറുപടി നൽകിയിരിക്കുകയാണ്. അപ്പോൾ എന്തായിരുന്ന ഇവിടത്തെ പ്രശ്നം?

എനിക്ക് മുമ്പ് ഇവിടെ സംസാരിച്ച ശ്രീ. പി. ബാലചന്ദ്രൻ സൂചിപ്പിച്ചതുപോലെ ആഗോള അയ്യപ്പസംഗമം നടത്തിയപ്പോൾ പ്രതിപക്ഷാംഗങ്ങൾ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ പിന്തുണ നാനാഭാഗത്തുനിന്നും അതിന് ലഭ്യമായി. അങ്ങനെയൊരു പിന്തുണ ലഭ്യമായപ്പോൾ അതിനെ തകർക്കണമല്ലോ; ആഗോള അയ്യപ്പസംഗമത്തിന് മൂന്നുദിവസം മുമ്പാണ് ഒരു ഉണ്ണി പോറ്റി രംഗപ്രവേശനം ചെയ്യുന്നത്. ഉണ്ണി പോറ്റിയെന്ന് വളരെ വാത്സല്യത്തോടെ വിളിക്കുകയാണ്. ശ്രീ. അടൂർ പ്രകാശ് ഇപ്പോൾ 'വീണിതല്ലോ കിടക്കുന്നു ധരണിയിൽ .......................' എന്ന് പറയുന്നതുപോലെ, ഇവിടെ റേഷൻ കടയ്ക്ക് പണം വാങ്ങിയതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിച്ചു. പ്രസ്തുത കേസ് വിജിലൻസ് കോടതി തള്ളുകയും തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോയി തന്നെ ഒഴിവാക്കണമെന്ന് പറഞ്ഞുവെങ്കിലും ഹൈക്കോടതിയും തള്ളിയതിനാൽ അവസാനം ബഹുമാനപ്പെട്ട സുപ്രീം

കോടതിയെ സമീപിച്ചു. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട സുപ്രീം കോടതി ഇരട്ട ജഡ്ജ്മെന്റ് പ്രഖ്യാപിച്ചു. ഒന്ന് ശ്രീ. അടൂർ പ്രകാശിനെ കേസിൽനിന്നും ഒഴിവാക്കണമെന്ന ആവശ്യം ബഹു. കോടതി തള്ളുകയും പ്രസ്തുത കേസിന്മേൽ വിചാരണ നേരിടണമെന്ന് വിധിക്കുകയും ചെയ്തു. മന്ത്രിയായിരുന്ന സമയത്ത് വിജിലൻസ് കേസ് നേരിട്ടൊരു വ്യക്തി ഇന്ന് യു.ഡി.എഫ്.-നെ നയിക്കുകയാണ്. മറ്റൊന്ന്, കുഴലിലൂടെ സഞ്ചരിക്കുന്ന........ കുഴലിലൂടെ നോക്കുന്ന ഒരു മാന്യനായ നിയമസഭാംഗത്തിനോട് കോടതി 10 ലക്ഷം രൂപ പിഴ അടയ്ക്കേണ്ടിവരുമെന്ന് പറഞ്ഞപ്പോൾ കുഴൽ ഊരിപ്പോയി. ഇന്നിവിടെ ചില അഭ്യാസങ്ങൾ കാണിച്ചു. ഇതിനകത്ത് പ്രധാനമായും നാം മനസ്സിലാക്കേണ്ടത്, ഉണ്ണി പോറ്റിയുടെ ബന്ധം എങ്ങനെയാണ്? 'എനിക്കറിയാമെന്ന്' അറിഞ്ഞോ അറിയാതെയോ ശ്രീ. അടൂർ പ്രകാശിന്റെ വായിൽനിന്നും വീണു.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, എൽ.ഡി.എഫ്. സർക്കാർ ആഗോള അയ്യപ്പസംഗമം നടത്തി വിശ്വാസികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനെപ്പറ്റി ബഹുമാന്യനായ വി. ജോയി വളരെ സമർഥമായി

ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ശബരിമലയെന്നത് കേരളത്തിലെ ഏറ്റവും വലിയ ആരാധനാലയമാണ്. ഇടതുപക്ഷ ഗവൺമെന്റ്/ദേവസ്വം ബോർഡ് ആഗോള അയ്യപ്പസംഗമം നടത്തി വിശ്വാസികളുടെ താൽപര്യം സംരക്ഷിക്കാൻ ശ്രമിക്കുന്നതിൽ പ്രകോപിതരായ പ്രതിപക്ഷം വസ്തുതാവിരുദ്ധവും ബഹു. കോടതിയുടെ പരിഗണനയിലുള്ളതുമായ വിഷയം ഉന്നയിച്ച് ഇവിടത്തെ ജനങ്ങളെയും വിശ്വാസികളെയും തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നുവെന്ന കാര്യം വളരെ സമർത്ഥമായി അങ്ങിവിടെ അവതരിപ്പിക്കുകയുണ്ടായി. ഈ ചർച്ചയുടെ ഭാഗമായി ഒരു കാര്യം സൂചിപ്പിക്കുകയാണ്, ലെനിൻ സോവിയറ്റ് യൂണിയന്റെ ഭരണാധികാരിയായിരുന്ന ഘട്ടത്തിൽ അസുഖബാധിതയായി ആശുപത്രിയിൽ കിടന്ന ഒരു പെൺകുട്ടി അദ്ദേഹത്തെ കാണണമെന്ന ആഗ്രഹം പ്രകടിപ്പിച്ചു. ലെനിൻ ആ കുട്ടിയെ കണ്ട് കുശലങ്ങൾ പറയുകയും അസുഖവിവരങ്ങളൊക്കെ അന്വേഷിക്കുകയുമൊക്കെ ചെയ്തു. ആശുപത്രിയിൽ നിന്നും പോകാൻ നേരത്ത് കുട്ടി സോവിയറ്റ് യൂണിയന്റെ മഹാനായ ഭരണാധികാരിയോട്, അങ്ങ് എനിക്കുവേണ്ടി പ്രാർഥിക്കുമോ

എന്ന് ചോദിച്ചപ്പോൾ ലെനിൻ കുട്ടിക്കുവേണ്ടി കുട്ടിയുടെ മുന്നിൽനിന്ന് പ്രാർഥിക്കുകയാണ്. സോവിയറ്റ് യൂണിയന്റെ ഭരണാധികാരിയും കമ്മ്യൂണിസ്റ്റുകാരനുമായ ലെനിൻ പ്രാർഥിക്കുന്നത് ശരിയാണോ; എന്ന വലിയൊരു ചോദ്യം അന്ന് ശക്തമായി ഉയർന്നുവന്നപ്പോൾ ലെനിൻ അതിന് പറഞ്ഞൊരു മറുപടിയുണ്ട്... ഞാനൊരു ഭരണാധികാരിയാണ്.... ഭരണാധികാരിയുടെ ചുമതല ആ നാട്ടിലെ ജനങ്ങൾ ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്ന നിഷ്കളങ്കമായ ആവശ്യം അവർക്കുവേണ്ടി ചെയ്യുന്നതിൽ തെറ്റില്ല. കുട്ടിയുടെ ഈ നിഷ്കളങ്കമായ ആവശ്യം നിറവേറ്റാൻ ഞാൻ ശ്രമിച്ചത് ആ കുട്ടിയുടെ ഒരു ഭരണാധികാരിയെന്ന നിലയിൽ എന്റെ ആവശ്യം നിറവേറ്റലാണ്. എൽ.ഡി.എഫ്. സർക്കാർ/ദേവസ്വം ബോർഡ് ഭരണഘടനാപരമായ ചുമതല നിറവേറ്റുന്നതിനെ പ്രതിപക്ഷം ഇകഴ്ത്തുകയും ആക്ഷേപിക്കുകയും ചെയ്യുന്നത് ശരിയാണോ; അതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. വി. ജോയി</u>: സർ, കമ്മ്യൂണിസ്റ്റുകാരെ സംബന്ധിച്ച് പൊതുവെ പറഞ്ഞ് പരത്തുന്ന ഒരു പ്രചാരണമാണ് വിശ്വാസത്തെ സംബന്ധിച്ചുള്ളത്.

കമ്മ്യൂണിസ്റ്റുകാരെ സംബന്ധിച്ചിടത്തോളം വിശ്വസിക്കുന്നവന് വിശ്വസിക്കാനും വിശ്വസിക്കാതിരിക്കുന്നവന് വിശ്വാസിക്കാതിരിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വോട്ട് ചെയ്യുന്നതിൽ വലിയൊരു വിഭാഗം വിശ്വാസികളാണ്. ആ വിശ്വാസം സംരക്ഷിക്കപ്പെടേണ്ടതിന്റെ ബാധ്യത ഇന്ന് സംസ്ഥാനം ഭരിക്കുന്ന ഗവൺമെന്റിനുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ സംസ്ഥാനം ഭരിക്കുന്ന മുഖ്യമന്ത്രി ലക്ഷോപലക്ഷം വരുന്ന അയ്യപ്പഭക്തന്മാരുടെ കാര്യങ്ങൾ സംരക്ഷിക്കാൻ ഗവൺമെന്റ് ബാധ്യസ്ഥരാണ്. കഴിഞ്ഞ ശബരിമല തീർഥാടന കാലഘട്ടത്തിൽ ഏകദേശം അൻപത് ലക്ഷത്തിലധികം വിശ്വാസികൾ ശബരിമല ക്ഷേത്രത്തിൽ ദർശനത്തിന് എത്തിച്ചേർന്നുവെന്നാണ് മനസ്സിലാക്കുന്നത്. അയ്യപ്പനെ ആർക്കെങ്കിലും സ്വയം പിടിച്ചുവയ്ക്കാൻ സാധിക്കുമോ; ഒരിക്കലും സാധിക്കില്ല. ജനങ്ങളുടെ വിശ്വാസത്തെ വ്രണപ്പെടുത്താനല്ല, ആ വിശ്വസത്തെ മുറുകെ പിടിക്കാനാണ് ഗവൺമെന്റ് തയ്യാറാകുന്നതെന്നതാണ് ഏറ്റവും പ്രധാനം. അതാണ് അക്കാര്യത്തെ സംബന്ധിച്ച് മറുപടിയായി പറയാനുള്ളത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് ശബരിമലയുമായി ബന്ധപ്പെട്ട വിഷയം. സഭയിൽ ഈ വിഷയം ഗൗരവത്തോടെ ചർച്ച ചെയ്യാൻ സമ്മതിക്കാതെ മൂന്നാം ദിവസവും പ്രതിപക്ഷം ഒച്ചപ്പാടും ബഹളവും ഉണ്ടാക്കി. <u>ബഹു</u>. മുഖ്യമന്ത്രിയെപോലും അപമാനിക്കുന്ന തരത്തിലുള്ള വാക്കുകളാണ് പ്രതിപക്ഷാംഗങ്ങൾ ഉപയോഗിച്ചത്. അത്തരത്തിൽ അസാധാരണമായ ഒരു സാഹചര്യം ഇവിടെയുണ്ടായി. <u>ബഹു</u>. പ്രതിപക്ഷനേതാവ് സഭാനടപടികളുമായി സഹകരിക്കുന്നില്ലെന്ന് പറഞ്ഞ് ഇറങ്ങിപ്പോയതിനുശേഷം അദ്ദേഹം നിയമസഭയുടെ ഗേറ്റിനുമുമ്പിൽവച്ച് പത്രപ്രവർത്തകരോട് നടത്തിയ ഒരു പ്രസ്താവനയുണ്ട്. യഥാർഥത്തിൽ ഒരു മാനസികനില തെറ്റിയ ആളിന്റെ സ്റ്റേറ്റ്മെന്റ് പോലെയായിരുന്നു ആ പ്രസ്താവന ഞാൻ കേട്ടത്. അധികാരത്തിനുവേണ്ടിയുള്ള ആർത്തി മുഴുത്ത്, അധികാരത്തിൽ എത്തുന്നതിനുവേണ്ടി ഏത് തരത്തിലുള്ള നീചപ്രവൃത്തിക്കും താൻ തയ്യാറാണെന്ന് പ്രഖ്യാപിക്കുന്ന മട്ടിലായിരുന്നു ഇന്ന് അദ്ദേഹം നിയമസഭയുടെ പുറത്ത് സംസാരിച്ചത്. അന്നത്തെ ദേവസ്വം വകുപ്പുമന്ത്രി

ഞാനായിരുന്നു. ദേവസ്വം വകുപ്പുമന്ത്രിയുടെയും ദേവസ്വം ബോർഡിന്റെയും ക്ഷേത്രങ്ങളുടെ പ്രവർത്തനം നടത്തുന്ന ഭരണസമിതികളുടെയും ഉത്തരവാദിത്വം എന്താണെന്നും വ്യവച്ഛേദിച്ച് മനസ്സിലാക്കുന്നവർ തന്നെയാണ് ഈ സമൂഹത്തിലുള്ളത്. ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നു. ദേവസ്വം ബോർഡിനുകീഴിലുള്ള ആയിരക്കണക്കിന് ക്ഷേത്രങ്ങളിൽ ആ തീരുമാനങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രത്യേകമായ ഉദ്യോഗസ്ഥസംഘമുണ്ട്. അവരെല്ലാമാണ് കാര്യങ്ങൾ ചെയ്യുന്നത്. അവിടെയൊന്നും ദേവസ്വം വകുപ്പുമന്ത്രിക്കോ ദേവസ്വം വകുപ്പിനോ ഒരുകാര്യവുമില്ലെന്നകാര്യം പകൽപോലെ വ്യക്തമായിട്ടുള്ള സംഗതിതന്നെയാണ്. സമനില തെറ്റിയ ഒരു ആളിന്റെ ആക്ഷേപം പോലെയായിരുന്നു ബഹു. പ്രതിപക്ഷനേതാവ് ഇന്ന് ഉന്നയിച്ച ആക്ഷേപം. ശബരിമലയിലെ ദ്വാരപാലക ശില്പം അന്നത്തെ ദേവസ്വം വകുപ്പുമന്ത്രിയായ കടകംപള്ളി സുരേന്ദ്രൻ ഇടനിലക്കാരനായി നിന്ന് ഒരു കോടീശ്വരന് വിറ്റുവെന്നും ആ കോടീശ്വരൻ ആരാണെന്ന് കടകംപള്ളി സുരേന്ദ്രന് അറിയാമെന്നും അത് പറയണമെന്നുമാണ് അദ്ദേഹം

പറയുന്നത്. സംസ്ഥാനത്തെ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടിക്ക് നേതൃത്വം നൽകുന്നൊരു രാഷ്ട്രീയ നേതാവ് എത്രമാത്രം അധഃപതിക്കാമെന്നതിന്റെ പ്രകടമായ ഉദാഹരണമായി നമുക്കിതിനെ ചൂണ്ടിക്കാണിക്കാൻ കഴിയും. ഞാൻ അദ്ദേഹത്തെ വെല്ലുവിളിക്കുകയാണ്, അദ്ദേഹത്തിന് *********+ തന്റേടമുണ്ടെങ്കിൽ/അഭിമാനമുണ്ടെങ്കിൽ ശബരിമലയിലെ ദ്വാരപാലക ശില്പം ഏത് കോടീശ്വരനാണ് ഞാൻ വിറ്റതെന്ന് വ്യക്തമാക്കണം; അല്ലെങ്കിൽ ഇടനിലക്കാരനായി നിന്നതെന്ന് വ്യക്തമാക്കണം. അങ്ങനെ ചെയ്യാൻ അദ്ദേഹത്തിന് സാധിച്ചില്ലെങ്കിൽ ഈ രാഷ്ട്രീയ പ്രവർത്തനം അവസാനിപ്പിച്ച് വനവാസത്തിന് പോകാൻ തയ്യാറാകണം. അതിന് അടുത്ത തിരഞ്ഞെടുപ്പുവരെ കാത്തുനിൽക്കേണ്ട കാര്യമില്ല. എന്തുംപറയാമെന്ന രീതിയാണ് അദ്ദേഹം സ്വീകരിക്കുന്നത്. രാഷ്ട്രീയപരമായ താൽപര്യങ്ങൾ സംരക്ഷിക്കാൻ അദ്ദേഹം ബി.ജെ.പി.-യുമായി ചേരുകയാണ്. എന്റെ നിയോജകമണ്ഡലമായ കഴക്കൂട്ടത്ത് വരാൻപോകുന്ന തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ കച്ചകെട്ടിയിറങ്ങിയൊരു ബി.ജെ.പി. നേതാവുണ്ട്. ഈ ദ്വാരപാലക ശില്പത്തിന്റെ പ്രശ്നം വന്ന ദിവസം മുതൽ അദ്ദേഹം

---

\+ പ്രസ്തുത പരാമർശം ബഹുമാനപ്പെട്ട അംഗം പിൻവലിച്ചു.

അദ്ദേഹത്തിന്റേതായ രീതിയിൽ കടകംപള്ളി സുരേന്ദ്രനാണ് ഇതിന് ഇടനിലക്കാരനായി നിന്നതെന്നോ, അന്നത്തെ ദേവസ്വം വകുപ്പുമന്ത്രി ഞാനാണെന്നോ സ്ഥാപിക്കാൻവേണ്ടി പരിശ്രമം നടത്തുന്നുണ്ടായിരുന്നു. അതൊന്നും അങ്ങനെ ഏൽക്കുന്നുണ്ടായിരുന്നില്ല. ഇവർ രണ്ടുപേരുംകൂടി ചേർന്ന് സമൂഹത്തിലൊരു പുകമറ സൃഷ്ടിക്കുന്നതിനുള്ള പരിശ്രമമാണ് ഈ പ്രചാരണത്തിലൂടെ നടത്തുന്നത്.

1957-ലെ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലഘട്ടം മുതൽ 2016-ലെ ശ്രീ. പിണറായി വിജയൻ ഗവൺമെന്റിന്റെ കാലഘട്ടം വരെ പരിശോധിച്ചാൽ 2016-ലെ ഒന്നും രണ്ടും പിണറായി വിജയൻ ഗവൺമെന്റുകളാണ് കേരളത്തിലെ ആരാധനാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടിയുള്ള സഹായങ്ങൾ സംസ്ഥാന ഖജനാവിൽനിന്നും ചെയ്തിട്ടുള്ളത്. ക്ഷേത്രങ്ങളുടെ ഭണ്ഡാരങ്ങളിൽ വിശ്വാസികൾ അർപ്പിക്കുന്ന നയാപൈസ പോലും സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യത്തിനുവേണ്ടി വിനിയോഗിക്കുന്നില്ലെന്ന് എനിക്ക് അഭിമാനത്തോടെ പറയാൻ സാധിക്കും. എന്നാൽ സംസ്ഥാന

ഗവൺമെന്റിന്റെ ഖജനാവിൽനിന്നും കോടിക്കണക്കിന് രൂപയാണ് സംസ്ഥാനത്തെ ക്ഷേത്രങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നത്. ക്ഷേത്രങ്ങളിൽ നടക്കുന്ന ഉത്സവ ആവശ്യങ്ങൾക്കും അതുപോലുള്ള മറ്റ് കാര്യങ്ങൾക്കും ഖജനാവിൽനിന്നും തുകകൾ ചെലവഴിക്കുന്നുണ്ടായിരുന്നു. ഒന്നും രണ്ടും പിണറായി ഗവൺമെന്റുകൾ സംസ്ഥാനത്തെ ആരാധനാലയങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടി ഏതാണ്ട് അഞ്ഞൂറ് കോടിയോളം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. മറ്റൊരു ഗവൺമെന്റും ചെയ്യാത്തൊരു കാര്യമാണ് വിശ്വാസ സമൂഹത്തിനുവേണ്ടി ഒന്നും രണ്ടും പിണറായി വിജയൻ ഗവൺമെന്റുകൾ ചെയ്തിട്ടുള്ളതെന്ന യാഥാർഥ്യം ഈ സമൂഹത്തിൽ നിറഞ്ഞ് നിൽക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു ഇടത്താവളത്തിന്റെ ഉദ്ഘാടനത്തിനായി തീയതി നിശ്ചയിച്ചിരിക്കുകയാണ്. പത്തുകോടി രൂപയാണ് സംസ്ഥാന സർക്കാർ ഇതിനുവേണ്ടി ചെലവഴിച്ചത്. കേരളത്തിലെ വിവിധ ക്ഷേത്രങ്ങളിൽ പത്ത് ഇടത്താവളങ്ങൾ നിർമ്മിക്കുകയെന്നത് ബഹു. മുഖ്യമന്ത്രിയുടെ സ്വപ്ന പദ്ധതിയാണ്. കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ

കഴക്കൂട്ടം മഹാദേവക്ഷേത്രത്തിൽ 10 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ഇടത്താവളത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഉദ്ഘാടനത്തിന്റെ സമയമായിരിക്കുകയാണ്. ഇത്തരത്തിൽ കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള ഇടത്താവളങ്ങളടക്കം നമ്മുടെ സംസ്ഥാനത്തെ മറ്റ് അമ്പലങ്ങൾക്കും ആരാധനാലയങ്ങൾക്കും വെട്ടുകാട് പള്ളി, (മാദ്രെ ദെ ദേവൂസ് ദേവാലയം) ബീമാപള്ളിയിലെ മുസ്ലീം ദേവാലയം എന്നിവിടങ്ങളിലെല്ലാം സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയെത്തുകയും അവിടങ്ങളിലെല്ലാം സഹായം ചെയ്യുകയും ചെയ്തിട്ടുണ്ട്.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം ദയവായി ചുരുക്കണം......

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാന ഗവൺമെന്റിന്റെയും ഇടതുപക്ഷത്തിന്റെയും നിലപാടും ഇതാണ്. കള്ളനെ കണ്ടുപിടിക്കുന്നതിന് വേണ്ടി ഗവൺമെന്റ് പരിശ്രമം നടത്തുമ്പോൾ, അതും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിയന്ത്രണത്തിന് വിധേയമായി അവർ നിയമിച്ച പൊലീസ് ഉദ്യോഗസ്ഥരുടെ ഒരു പ്രത്യേകസംഘം ശബരിമലയെയും കൊള്ളയെയും മോഷണത്തെയും സംബന്ധിച്ചും വിശദമായി പരിശോധന

നടത്തുമ്പോൾ യഥാർഥ കുറ്റവാളികളെ പിടിക്കുമെന്ന ഘട്ടത്തിൽ അത്തരത്തിൽ കൊള്ളനടത്തിയ കുറ്റവാളികളെ സംരക്ഷിക്കാൻ വേണ്ടിയാണ് ഈ പുകമറ പരത്താൻ പരിശ്രമിക്കുന്നത്. ഇന്ന് അതിൽ ചിലരുടെ പേരുകൾ പുറത്ത് കൊണ്ടുവന്നിട്ടുണ്ട്. യാഥാർഥ കുറ്റവാളികളായ കോൺഗ്രസിന്റെ അന്നത്തെ സംഘടനാ നേതാക്കന്മാരെല്ലാം ജയിലിലാകുന്നൊരു ഘട്ടത്തിലേയ്ക്ക് കാര്യങ്ങൾ നീങ്ങുന്നുണ്ട്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ജോയി: സർ, കേരളത്തിന്റെ ബഹു. പ്രതിപക്ഷ നേതാവിന് എന്തോ സംഭവിച്ചിരിക്കുന്നുവെന്ന നിലയിലാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. ആഗോള അയ്യപ്പ സംഗമം നടന്നതിനുശേഷം യഥാർഥത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ്, ദേവസ്വം ബോർഡ് എടുത്ത തീരുമാനത്തിന് എല്ലാവിധ സഹായങ്ങളും നൽകിയത് ശബരിമലയുടെ ഖ്യാതി വർധിപ്പിക്കണമെന്ന രീതിയിലും ഇന്നുള്ളതിനെക്കാൾ കൂടുതൽ ആളുകൾ ശബരിമലയിലേയ്ക്ക് വരണമെന്നുള്ള തരത്തിലുമാണ്. ആഗോള അയ്യപ്പ സംഗമം കഴിഞ്ഞതോടുകൂടി ഇടതുപക്ഷ ഗവൺമെന്റിന് അനുകൂലമായൊരു

സ്ഥിതി നാട്ടിലുണ്ടായി. എന്നാൽ അതിനെ തകർക്കാൻ പറ്റാത്തൊരു സാഹചര്യം ഇന്ന് യു.ഡി.എഫ്.-നുണ്ട്. നൂറ് സീറ്റുമായി തിരിച്ചുവരുമെന്നാണ് ബഹു. പ്രതിപക്ഷ നേതാവ് ഈ അടുത്ത കാലങ്ങളിൽ സ്വപ്നങ്ങളിൽ കാണുകയും പിന്നീട് അത് പുറത്തുപറയുകയും ചെയ്തുകൊണ്ടിരിക്കുന്നത്. അങ്ങനെ വന്നില്ലെങ്കിൽ ഞാൻ വനവാസത്തിന് പോകുമെന്നാണ് അദ്ദേഹം പറയുന്നത്. അതാണ് അദ്ദേഹത്തെ ഇന്ന് അലട്ടിക്കൊണ്ടിരിക്കുന്നത്. ഇങ്ങനെ അലട്ടിക്കൊണ്ടിരിക്കുമ്പോൾ, പത്രസമ്മേളനങ്ങൾ നടക്കുമ്പോൾ സ്വാഭാവികമായും എന്താണ് പറയുന്നതെന്നതിനെ സംബന്ധിച്ച് അറിയാതെ അദ്ദേഹം പ്രതികരിക്കുകയാണ്. അതാണ് അങ്ങ് ഇവിടെ സൂചിപ്പിച്ച പ്രധാനപ്പെട്ട കാര്യം.  ശബരിമല വിഷയവുമായി ബന്ധപ്പെട്ട് യു.ഡി.എഫ്.-നെയും കോൺഗ്രസിന്റെ നേതാക്കന്മാരെയുമൊന്നും കുത്തിനോവിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാലത് ഞങ്ങളെക്കൊണ്ട് പറയിപ്പിക്കും. കാരണം അവർ തമ്മിൽ ആഭ്യന്തര പ്രശ്നങ്ങളുണ്ട്. തിരുവനന്തപുരത്തുകാരനായ ഒരു മുൻമന്ത്രി, ഞാൻ അദ്ദേഹത്തിന്റെ പേരൊന്നും പറയുന്നില്ല, അദ്ദേഹത്തിന്റെ ഒരു അനുജൻ അവിടെ

നടത്തിയിട്ടുള്ള അഴിമതിയെ സംബന്ധിച്ച് വിജിലൻസ് കണ്ടുപിടിച്ച കാര്യം നമുക്കറിയാം. അതിന്റെ പൂർണ്ണമായ വിവരങ്ങളിലേയ്ക്ക് പോകുന്നില്ല. ശബരിമലയിൽ എന്തെങ്കിലും കട്ടിട്ടുണ്ടെങ്കിൽ, എന്തെങ്കിലും അടിച്ചുമാറ്റിയിട്ടുണ്ടെങ്കിൽ, അത് അപ്പുറത്തിരിക്കുന്ന ആളുകളുടെ സഹായത്തോടുകൂടിയാണ് നടന്നിട്ടുള്ളതെന്ന് നിസ്സംശയം നമുക്ക് പറയാൻ സാധിക്കുന്ന സന്ദർഭമാണുള്ളത്. യാതൊരു സംശയവുമില്ല. ഇദ്ദേഹത്തിന്റെ അനുജന്റെ പെൻഷൻപോലും തടഞ്ഞുവച്ചിരിക്കുന്ന സാഹചര്യമാണ്. എന്നെ കണ്ടാൽ കിണ്ണം കട്ടവനെന്ന് തോന്നുമോ എന്ന അർഥത്തിലാണ് ഇവർ ഈ കോലാഹലങ്ങൾ മുഴുവനും നടത്തുന്നത്. ഞാൻ ഉണ്ണി പോറ്റിയുടെ കാര്യം പറഞ്ഞല്ലോ; ഉണ്ണി പോറ്റിക്ക് ഇവിടത്തെ നേതാക്കന്മാരുമായി മാത്രമല്ല ബന്ധം, ഡൽഹിയിലും ബന്ധമുണ്ട്. ഈ കഴിഞ്ഞ ദിവസം ഞാൻ നോക്കുമ്പോൾ സോഷ്യൽ മീഡിയയിൽ ഒരു പടം വന്നു. സഭയിൽ ചോദിച്ചാൽ കാണിക്കണമല്ലോ എന്ന് വിചാരിച്ച് അതിന്റെ ഫോട്ടോ എന്റെ മൊബൈൽ ഫോണിൽ എടുത്തുവച്ചു. ഉണ്ണി പോറ്റിയുടെ സാന്നിധ്യത്തിൽ സോണിയാഗാന്ധിക്ക് ഒരു ഉപഹാരം നൽകുന്ന ചിത്രമാണത്. അപ്പോൾ

ബന്ധം എവിടം വരെയാണെന്നുള്ളത് അറിയാമല്ലോ; വരാൻ പോകുന്ന നാളുകളിൽ വേണ്ടപ്പെട്ടവരെല്ലാം ഇതിനകത്ത് പെടുമെന്നുള്ളത് കണ്ടപ്പോൾ, പൊതുജനങ്ങളുടെ മുമ്പിൽ ഒരു പുകമറ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള വലിയൊരു പ്രചരണമാണ് ഇവർ നടത്തിക്കൊണ്ടിരിക്കുന്നതെന്നത് നമ്മൾ മനസ്സിലാക്കണം. ഇന്നത്തെ കാര്യത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സ്പീക്കറും മന്ത്രിമാരുമെല്ലാം പറഞ്ഞു. തള്ളിക്കയറാൻവേണ്ടി ശ്രമിക്കുകയാണ്. ഞങ്ങൾക്ക് ഇവിടിരുന്ന് നേരിട്ട് കാണാൻ സാധിച്ചൊരു രംഗമുണ്ടായിരുന്നു. ഒരു നിയമസഭാംഗം, എട്ടുപത്ത് പുരുഷ വാച്ച് ആൻഡ് വാർഡ് നിൽക്കുന്നിടത്ത്, അതിനിടയിൽ ഒരേയൊരു വനിത വാച്ച് ആൻഡ് വാർഡാണുണ്ടായിരുന്നത്. തള്ളണമെങ്കിൽ XXXXXX+ തന്റേടമുള്ള അല്ലെങ്കിൽ ആരോഗ്യമുള്ള, പ്രതികരിക്കാൻശേഷിയുള്ള ഒരു നിയമസഭാംഗമാണ് അദ്ദേഹമെങ്കിൽ അവിടെ നിന്ന പുരുഷ വാച്ച് ആൻഡ് വാർഡിനെ തള്ളണമായിരുന്നു. പുരുഷ വോളന്റിയർമാരുടെ മധ്യത്തിൽ നിന്ന വനിതാ വാച്ച് ആൻഡ് വാർഡിനെ പോയി തള്ളുകയാണ്. എങ്ങനെയിരിക്കുന്നു? നാളെ നിങ്ങൾ ഇവിടത്തെ

+ പിൻവലിച്ചു.

വിഷ്വൽസ് എടുത്ത് പരിശോധിച്ചാൽ കാണാൻ സാധിക്കും. ആ വനിത വാച്ച് ആൻഡ് വാർഡിനെച്ചെന്ന് തള്ളി അമർത്തുകയാണ്. എന്ത് തോന്ന്യാസമാണ്, മോശത്തരമാണ് കാണിക്കുന്നത്; എന്താണതിന്റെ ഉദ്ദേശ്യം? പിന്നെ അവിടെനിന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേരെ തിരിയുക, വർത്തമാനം പറയുക, ആക്രോശം നടത്തുക. ഇവിടെ ആക്രോശവും വർത്തമാനവും നടത്തിയവർ ഇപ്പോൾ മുട്ടിലിഴയുകയാണ്. ഈ പറയുന്ന ആളുകൾ പ്രത്യേകം ശ്രദ്ധിക്കണം, കേരളത്തിലെ ജനത എന്നുപറയുന്നത്, നിങ്ങൾക്ക് വിടുപണി ചെയ്യുന്നവരല്ല. അവർക്ക് കേരളത്തിന്റെ മുഖ്യമന്ത്രിയെയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മന്ത്രിമാരെയും നന്നായറിയാം. നിങ്ങളുടെ കാലത്തേതുപോലെ അഴിമതി അന്വേഷണം നേരിടുകയും എന്നെയൊന്ന് ഒഴിവാക്കിത്തരണേ എന്നുപറഞ്ഞ് ബഹുമാനപ്പെട്ട സുപ്രീംകോടതിവരെച്ചെന്ന് യാചിക്കുന്നവരല്ല കേരളത്തിലെ മുഖ്യമന്ത്രിയും ഗവൺമെന്റും അതിലെ മന്ത്രിമാരും. അതിനാൽ നിങ്ങൾക്ക് ഉമ്മാക്കി കാണിച്ചൊന്നും പേടിപ്പിക്കാൻ സാധിക്കില്ല. മുഖ്യമന്ത്രിയുടെ നേരെ വിരൽ ചൂണ്ടുന്നതും അസഭ്യം പറയുന്നതും വനിത വാച്ച്

ആൻഡ് വാർഡിന്റെ മുമ്പിലേയ്ക്ക് ഇടിച്ചുകയറുന്നതും തൊട്ടുമുമ്പിൽ എന്തെങ്കിലുമൊരു പ്രശ്നം വന്നാൽ അത് സ്വന്തം തലയിൽനിന്നും വേറൊരു രൂപത്തിലേയ്ക്ക് മാറ്റാൻ വേണ്ടി ആരോഗ്യപരമായി ബുദ്ധിമുട്ടുവന്ന വനിത സാമാജികയെക്കൊണ്ട് മുന്നിൽ നിർത്തുന്നതുമെല്ലാം ജനങ്ങൾ കാണുന്നുണ്ട്. ഇത് കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കുമെന്നാണ് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്. ഇടപെടലുകൾകൂടി വന്നപ്പോൾ ഞാൻ കുറച്ച് ദീർഘിപ്പിച്ചുപോയി. ഈ ഭേദഗതി ഭാവിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് ഗുണകരമാകുമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: .......(മൈക്ക് ഓഫ്)....... മീഡിയാസിനോട് വളരെ മോശമായി ഇങ്ങനെ പറഞ്ഞതിന്റെ ഒരു വൈകാരികമായിട്ടുള്ള ഒരു നില എന്നെ സംബന്ധിച്ചിടത്തോളമുണ്ട്. വിശദീകരണം പറഞ്ഞകൂട്ടത്തിൽ ഒരു അൺപാർലമെന്ററി എന്ന് നമ്മൾ കരുതുന്നതായിട്ടുള്ള XXXXXX[+] എന്നുപറയുന്നൊരു വാക്ക് ഞാൻ

+ പിൻവലിച്ചു.

ഉപയോഗിച്ചിട്ടുണ്ട്. അതൊരു അൺപാർലമെന്ററി വാക്കാണ്. അത് ഉപയോഗിക്കാൻ പാടില്ലായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു. അത് സഭാ രേഖയിൽനിന്ന് നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഒരുകാലത്ത് ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻപോലും വഴിയില്ലാതെയിരുന്ന പഞ്ചായത്തുകൾ ഇന്ന് സ്വന്തം കാലിൽ നിൽക്കാനുള്ള ഒരു ശേഷിയിലേക്ക് ഉയർത്തുന്ന ബഹുമുഖമായ പ്രവർത്തനങ്ങളാണ് നമ്മുടെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ഗവൺമെന്റും ചെയ്തുകൊണ്ടിരിക്കുന്നത്. ധാരാളം പ്ലാൻ ഫണ്ട് കൊടുക്കുന്നുവെന്ന് മാത്രമല്ല, ജനങ്ങളെ പിഴിയാതെതന്നെ പഞ്ചായത്തുകളുടെ വരുമാനം വർധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിയതിന്റെ പരിണിതഫലം പഞ്ചായത്തുകളിൽ കാണാനും തുടങ്ങിയിട്ടുണ്ട്. ജനോപകാരപ്രദമായ എല്ലാ നടപടികളും, ഒരു

വിശേഷണം കൊടുക്കുകയാണെങ്കിൽ സൂര്യനതാഴെയുള്ള എല്ലാ പ്രവൃത്തികളും ഇപ്പോൾ പഞ്ചായത്തുകളിലൂടെയും മുനിസിപ്പാലിറ്റികളിലൂടെയും കോർപ്പറേഷനുകളിലൂടെയും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ പ്ലാൻ ഫണ്ട് കൊടുക്കുന്നതിനുപുറമെ, ഈ അടുത്തകാലത്തായി കെട്ടിട നികുതി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി. ടി പദ്ധതി നടപ്പാക്കിയതിന്റെ പേരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 58.16 കോടി രൂപയുടെ പുതിയ വരുമാനമുണ്ടായിയെന്നുമാത്രമല്ല, ജനങ്ങൾക്ക് അഞ്ച് കോടി രൂപയുടെ ലാഭവുമുണ്ടായി. ജനങ്ങൾക്ക് ദോഷകരമല്ലാത്ത രീതിയിൽ വരുമാനം വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിൽ പ്രകടമായിക്കൊണ്ടിരിക്കുന്നു. ഉദാഹരണത്തിന്, മലയാളികൾക്ക് ഓണമാഘോഷിക്കുന്നതിന്റെ ഭാഗമായി, കുടുംബശ്രീക്കാരുടെ പച്ചക്കറികൾ, പഴങ്ങൾ, പൂക്കൾ, മറ്റ് ഭക്ഷ്യോല്പന്നങ്ങൾ എന്നിവ വിതരണം ചെയ്തതിന്റെ പേരിൽ 30 കോടി രൂപയുടെ വിറ്റുവരവുണ്ടാക്കാനുള്ള സൗകര്യം പഞ്ചായത്ത് ഏർപ്പെടുത്തിക്കൊടുത്തു. ഇത് ലക്ഷക്കണക്കിന് കുടുംബശ്രീ സംരംഭകർക്കും മറ്റിതര

ജനവിഭാഗങ്ങൾക്കും നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചു. മാത്രമല്ല, സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനുവേണ്ടി പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ വ്യവസ്ഥകൾ കൂടുതൽ ജനസൗഹൃദമാക്കി പരിഷ്കരിച്ചത് പുതിയ സംരംഭകർക്ക് കടന്നുവരുന്നതിനുള്ള വഴിയൊരുക്കി. സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയ ആദ്യത്തെ സംസ്ഥാനം കേരളമാണെന്നുള്ളത് നമുക്കൊക്കെ അഭിമാനിക്കാൻ വക നൽകുന്നതാണെന്നുകൂടി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ഇവിടെ ഒരിക്കലും നടപ്പാകില്ലെന്ന് കരുതിയ, ഏറെ ദുർഘടം പിടിച്ച ഒരു പദ്ധതിയായിരുന്നു 'മാലിന്യമുക്ത കേരളം'. ഒരുപരിധിവരെ നമുക്കത് വിജയിപ്പിക്കാൻ കഴിഞ്ഞുവെന്ന് പറയാം. തുടർപ്രക്രിയയിലൂടെ മാത്രമേ നമുക്കത് പൂർണ്ണമായും വിജയിപ്പിക്കാൻ സാധിക്കൂ. തീർച്ചയായും അക്കാര്യത്തിലും ഒരു വ്യക്തിമുദ്ര പതിപ്പിക്കാൻ നമ്മുടെ പഞ്ചായത്തുകൾക്ക് സാധിച്ചിട്ടുണ്ട്.

ശ്രീമതി ശാന്തകുമാരി കെ.: സർ, 'മാലിന്യമുക്ത കേരളം' എന്നത് നമ്മുടെയെല്ലാം അഭിമാനത്തിന്റെ പരകോടിയിലെത്തി നിൽക്കുന്നതാണ്

അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏറ്റവും ഉദാത്തമായ പ്രവർത്തനത്തിന്റെ മകുടോദാഹരണമാണെന്ന് നമുക്ക് പറയാൻ സാധിക്കും. അങ്ങയുടെ ശ്രദ്ധക്ഷണിക്കാൻ ഉദ്ദേശിക്കുന്ന ഒരു കാര്യം, ഇവിടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സെഗ്രിഗേഷനും റീസൈക്കിളിങ്ങും നടത്തി അത് മറ്റൊരു പ്രോഡക്ടാക്കിമാറ്റി അതിന് ഇൻസെന്റീവ് കൊടുക്കുന്ന സ്ഥാപനങ്ങൾ വരികയാണ്. ബഹുമാനപ്പെട്ട മന്ത്രിയും ഇത് കേൾക്കുന്നുണ്ടാകുമെന്ന് ഞാൻ കരുതുന്നു. പാതയോരങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയാൻവേണ്ടി വ്യാപകമായ പ്രചാരപ്രവർത്തനങ്ങൾ നടത്തുകയാണ്. അതേസമയം, മാലിന്യങ്ങൾ മാത്രമല്ല, പാതയോരങ്ങളുടെയും ഹൈവേയുടെയും ടാർ ചെയ്ത റോഡുകളുടെയും ഇരുവശത്തുമുള്ള വീടുകളുടെ മതിലിന് പുറത്തായി പുല്ല് മുളയ്ക്കുന്നത് പൊതുജനങ്ങൾ ശ്രദ്ധിക്കാറേയില്ല. നല്ല ഗതാഗത സംവിധാനത്തിലൂടെ കടന്നുപോകുമ്പോൾ ഇത്തരം കാര്യങ്ങളിൽ പഞ്ചായത്തായാലും ഒരു നിലപാട് സ്വീകരിക്കേണ്ടതുണ്ട്. അതിനാൽ സ്വന്തം വീടിന്റെ മുൻവശത്തുള്ള കാട്ടുചെടികളായാലും പുല്ലുകളായാലും സമയാസമയങ്ങളിൽ വെട്ടിനിരത്തി മനോഹരമാക്കാനുള്ള

ഒരു രീതി ബഹുജനങ്ങൾക്കിടയിൽ വളർത്തിയെടുക്കണം. ഇത് മാലിന്യ സംസ്കരണത്തിന്റെ മറ്റൊരു രീതികൂടിയാണ്. ഞാൻ ഓസ്ട്രേലിയ സന്ദർശിച്ചപ്പോൾ സ്വന്തം വീടിന്റെ മുൻവശത്തുള്ള പുല്ലുകൾ അവരവർതന്നെ വെട്ടിമാറ്റുന്നതാണ് കാണാൻ സാധിച്ചത്. അവിടെ അത് നിർബന്ധമാണ് അല്ലെങ്കിൽ പിഴ നൽകണം. ഇക്കാര്യത്തിൽ കൗൺസിലർ ഉൾപ്പെടെ നിർബന്ധപൂർവം അവർക്ക് നിർദേശം നൽകണം. ഇപ്രകാരം നമ്മുടെ വീടിന് മുൻവശമുള്ള മാലിന്യങ്ങൾ, പുല്ലുകൾ എന്നിവയെല്ലാം കൃത്യമായി വൃത്തിയാക്കാനുള്ള ഒരു അവബോധം പൊതുസമൂഹത്തിന് നൽകാൻ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ശ്രമിച്ചുകൂടേ?

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, 'മാലിന്യമുക്ത നവകേരളം' ലോകശ്രദ്ധ പിടിച്ചുപറ്റാൻ പോകുന്ന ഒരു ക്യാമ്പയിനാണ്. അതിൽ ഒന്ന് കൂട്ടിച്ചേർക്കാൻ സാധിക്കുമോ എന്നതാണ് എന്റെ സംശയം. അത്തരം ഒരു ആലോചന നടത്തണമെന്ന് അഭിപ്രായപ്പെടുകയാണ്. കാരണം, രാഷ്ട്രീയ കേരളത്തിലെ മാലിന്യം നീക്കം ചെയ്യാനുള്ള ഒരു ആഹ്വാനം സർക്കാർ നടത്തിയാൽ 90 ശതമാനം വരുന്ന ജനാധിപത്യ മതനിരപേക്ഷ

വിശ്വാസികളും സ്വയം ഹരിത കർമ്മ സേനാംഗങ്ങളായി മാറി രാഷ്ട്രീയ മാലിന്യമായി പരിണമിച്ചിട്ടുള്ള കേരള നിയമസഭയിലെ പ്രതിപക്ഷത്തിന് നേതൃത്വം നൽകുന്ന പ്രസ്ഥാനത്തെ ശുദ്ധിചെയ്തെറിയാൻ സാധ്യതയുണ്ട്. അതിന് എന്തെങ്കിലും വ്യവസ്ഥ തദ്ദേശസ്വയംഭരണ വകുപ്പിൽ ഉൾപ്പെടുത്താൻ സാധിക്കുമോ?

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ആദ്യം പറഞ്ഞത് നമുക്കൊക്കെ അനുകരിക്കാവുന്ന കാര്യമാണ്. രണ്ടാമത്തെ കാര്യവുമായി ബന്ധപ്പെട്ട വസ്തുത ശരിക്കും ബോധ്യപ്പെടാത്തതുകൊണ്ടാണ് ശ്രീ. കെ. ഡി. പ്രസേനൻ അപ്രകാരം പറയുന്നത്. പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം, എന്തായാലും അടുത്ത ഭരണം അവർക്ക് ലഭിക്കാൻ പോകുന്നില്ലെന്ന ഒരു വിഭ്രാന്തി അവരുടെ തലയിൽ കയറിയിട്ടുണ്ട്. സത്യത്തിൽ അവരുടെ ഊണും ഉറക്കവുമൊക്കെ നഷ്ടപ്പെട്ടിരിക്കുകയാണ്. വിശ്വാസത്തെ മുതലെടുത്തുകൊണ്ട് അധികാരത്തിൽ വരാനാണ് അവർ ശ്രമിക്കുന്നത്. ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലം മലമ്പുഴയാണ്. മൂന്ന് തവണ പ്രസ്തുത നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച ആളാണ്

യശ:ശരീരനായ സഖാവ് ടി. ശിവദാസ മേനോൻ. അദ്ദേഹം തന്റെ പ്രസംഗത്തിൽ "നിങ്ങൾക്ക് ധൈര്യമുണ്ടെങ്കിൽ ഗുരുവായൂർ, കൊടുങ്ങല്ലൂർ, ശബരിമല എന്നിവിടങ്ങളിൽ വോട്ടുപെട്ടി സ്ഥാപിച്ച് പെട്ടിയുടെ ഒരു ഭാഗത്ത് കൈ, ഒരു ഭാഗത്ത് അരിവാൾ ചുറ്റിക നക്ഷത്രം വച്ച് വോട്ടെടുപ്പ് നടത്താം. എന്നിട്ട് ആർക്കാണ് കൂടുതൽ വോട്ട് ലഭിക്കുന്നതെന്ന് നോക്കി കാര്യങ്ങൾ തീരുമാനിക്കാം" എന്ന് പറയുമായിരുന്നു. പ്രസ്തുത വേളയിൽ ഏറ്റവും കൂടുതൽ വോട്ട് ലഭിക്കുക ഇടതുപക്ഷത്തിനായിരിക്കും എന്ന അദ്ദേഹത്തിന്റെ പ്രസംഗമാണ് പ്രതിപക്ഷത്തെ എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്. സത്യത്തിൽ അവർക്ക് വട്ടിളകിയിരിക്കുകയാണ്. ചില മാധ്യമങ്ങൾ പ്രതിപക്ഷത്തെ വല്ലാത്ത രീതിയിൽ പിന്തുണയ്ക്കുകയാണ്. മാധ്യമ പ്രചരണത്തിന്റെ മായാവലയത്തിൽ കുടുങ്ങി ജനങ്ങളാകെ വട്ടത്തിലാകുമെന്നാണ് പ്രതിപക്ഷത്തിന്റെ ധാരണ. മാധ്യമങ്ങൾ പ്രതിപക്ഷത്തെ വട്ടത്തിലാക്കി സ്നേഹിച്ചുകൊണ്ട് തകർക്കുകയാണ് ചെയ്യുന്നത്. ഒരു പത്രത്തിന്റെ ഇന്നത്തെ തലക്കെട്ട് എന്താണ്? ഞാൻ അതിലേക്ക് കൂടുതൽ കടക്കുന്നില്ല. കേരളത്തിലെ രാഷ്ട്രീയ സ്ഥിതി വളരെ

അപകടകരമായ അവസ്ഥയിലേയ്ക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നതെന്ന് തിരിച്ചറിയണം. പ്രതിപക്ഷത്തിന്റെ കാര്യംതന്നെയാണ് പറഞ്ഞത്. ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ടവർ, ക്രിയാത്മകമായ രീതിയിൽ ഇവിടെ ഉന്നയിക്കേണ്ട വിഷയങ്ങളുമായി ബന്ധപ്പെട്ട് വളരെ മോശമായ രീതിയിലുള്ള കാര്യങ്ങളാണ് അവർ പറയുന്നത്. ഞാൻ ആദ്യമായാണ് നിയമസഭാംഗമാകുന്നത്. നിയമസഭാ ഗ്യാലറിയിൽ കുട്ടികളിരിക്കുകയാണെന്നും ഇവിടെ നടന്ന കാര്യങ്ങൾ അവരുടെ മനസ്സിൽ മോശമായ ചിത്രമുണ്ടാക്കുമെന്നും ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് എനിക്കും തോന്നിയതാണ്. ഇങ്ങനെയൊക്കെ ചെയ്യാൻ സാധിക്കുമോ എന്ന് എനിക്കടക്കം തോന്നിപ്പോയി. എന്തായാലും പത്ത് വർഷം പുറത്തിരുന്നു. ഇനിയും പുറത്തിരിക്കേണ്ടിവരും എന്ന തോന്നലിൽ നിന്നുള്ള വിഭ്രാന്തിയും ഭ്രാന്തുമാണ് അവർ പ്രകടമാക്കിക്കൊണ്ടിരിക്കുന്നത്. ഞാൻ നേരത്തെ സഭയിൽ ഉന്നയിച്ച ബില്ലുമായി ബന്ധപ്പെട്ട ഒരു വിഷയമാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. പഞ്ചായത്തുകളുടെ വരുമാനം വർധിപ്പിക്കാനുള്ള ഒരു മാർഗം നമുക്ക് അത്യാവശ്യമാണ്. ഏത്

Uncorrected/Not for publication
08-10-2025

പരിപാടി വിജയിപ്പിക്കാനാണെങ്കിലും രാജ്യത്ത് പ്രചരണം അത്യന്താപേക്ഷിതമാണ്. പ്രചരണത്തിന് സ്വാഭാവികമായും ബോർഡുകളും പോസ്റ്ററുകളുമൊക്കെ സ്ഥാപിക്കേണ്ടിവരും. അപ്പോൾ ഒരു ടെസ്റ്റ് കേസ് എന്ന രീതിയിൽ ഒരു ഗ്രാമപഞ്ചായത്തിൽ 100 സ്ഥലങ്ങൾ കണ്ടെത്തി ആ പ്രദേശങ്ങളിൽ ബോർഡുകൾ സ്ഥാപിക്കാൻ മുൻകൂട്ടി പഞ്ചായത്തിന്റെ അനുമതി വാങ്ങുന്നതിന് ഒരു ഫീസ് ചുമത്തണം. ഇത്തരത്തിൽ മുനിസിപ്പാലിറ്റിയിൽ മിനിമം 500 സ്ഥലങ്ങളും കോർപ്പറേഷനുകളിൽ 1000 സ്ഥലങ്ങളും കണ്ടെത്തണം. എന്തായാലും പ്രചരണം അത്യാവശ്യമാണ്. പ്രചരണം വേണ്ടെന്ന് ബഹുമാനപ്പെട്ട കോടതി തീരുമാനിച്ചാലും അത് നടക്കാത്ത രീതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. എല്ലാ കാര്യത്തിനും പ്രചരണം അത്യന്താപേക്ഷിതമാണ്. അതിന് നിയമപരമായ ഒരു പരിരക്ഷ ഉണ്ടാക്കിയെടുക്കുകയും പല പ്രദേശത്തും അനാവശ്യമായി ബോർഡുകളും മറ്റും സ്ഥാപിച്ച് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഇന്നത്തെ അവസ്ഥ മാറ്റിയെടുക്കാനുള്ള പ്രവർത്തനം കൂടി നടത്തിയാൽ നന്നായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. എന്തായാലും ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പരസ്യബോർഡുകൾക്കൊക്കെ ഫീസ് ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കാമെന്ന് പറയുന്നത് രാഷ്ട്രീയ പാർട്ടികളുടെ പ്രചരണ പരിപാടികൾക്കുകൂടി അത് ബാധകമാക്കണമെന്നാണോ അങ്ങ് ഉദ്ദേശിക്കുന്നത്?

ശ്രീ. എ. പ്രഭാകരൻ: സർ, അതും ആവശ്യമാണ്. രാഷ്ട്രീയ പാർട്ടികളുടെ പരിപാടികൾ വിജയിപ്പിക്കണമെങ്കിൽ പരസ്യം ആവശ്യമില്ലേ? അതുകൂടി ഉൾപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. രാഷ്ട്രീയ പാർട്ടികൾക്ക് ഫീസ് കുറയ്ക്കുമോ എന്നിവിടെ ആരോ ചോദിക്കുകയുണ്ടായി. അതിനൊക്കെ മറുപടി പറയേണ്ടത് ബഹുമാനപ്പെട്ട മന്ത്രിയാണ്. ഞാൻ കൂടുതൽ സമയം എടുക്കുന്നില്ല, എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. ഞാൻ പഞ്ചായത്ത് പ്രസിഡന്റായിരുന്ന കാലത്ത് ഗ്രാന്റ് ലഭിക്കുമോ എന്ന് അന്വേഷിച്ച് തിരുവനന്തപുരത്ത് മന്ത്രിമാരുടെയും ഡയറക്ടർമാരുടെയും ഓഫീസുകൾ കയറിയിറങ്ങുമായിരുന്നു. പക്ഷെ ഇന്ന് പഞ്ചായത്ത് പ്രസിഡന്റുമാർക്കോ ജീവനക്കാർക്കോ അത്തരം ആവശ്യങ്ങൾക്കായി ഇവിടെ വരേണ്ടതില്ല. അതൊക്കെ സ്വന്തം സ്ഥലത്തിരുന്നുകൊണ്ടുതന്നെ

കൈയിലെത്തുന്ന രീതിയിലുള്ള സൗകര്യം ഒരുക്കിക്കൊടുത്ത ബഹുമാനപ്പെട്ട മന്ത്രിയെയും സർക്കാരിനെയും അനുമോദിച്ചുകൊണ്ട് ഞാൻ ഈ ഭേദഗതികളെ പിന്താങ്ങുന്നു.

ശ്രീ. ജി. സ്റ്റീഫൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിലെ എ, ബി എന്നീ ഭേദഗതികൾ ഈ ബില്ലിന്റെ സമ്പുഷ്ടമായ പ്രവർത്തനത്തിന് അനിവാര്യമാണെന്ന് ഞാൻ കരുതുകയാണ്. പഞ്ചായത്ത് രാജ് നിയമത്തിൽ സുപ്രധാനമായ ഭേദഗതികൾ വരുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പട്ടികജാതി/പട്ടിക വർഗക്കാരുടെ എണ്ണം തുല്യമാണെങ്കിൽ സംവരണത്തിൽ ഉറപ്പാക്കേണ്ട വ്യവസ്ഥകളാണ് ഇതിൽ പ്രധാനപ്പെട്ടത്. ഇതിനായി നിയമത്തിൽ പുതിയ ഭേദഗതി മുന്നോട്ടുവച്ചിരിക്കുകയാണ്. വസ്തു നികുതി സംബന്ധിച്ചും

അപായകരമായ വൃക്ഷങ്ങളുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിനുള്ള പുതിയ വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തുന്നത് അക്ഷരാർഥത്തിൽ അധികാര വികേന്ദ്രീകരണ പ്രവർത്തനത്തിന് ഊർജം പകരുന്ന ഭേദഗതികളാണ് സർക്കാരിന്റെ ഭാഗത്തുനിന്ന് മുന്നോട്ടുവച്ചിട്ടുള്ളത്. 73, 74 ഭരണഘടനാ ഭേദഗതികൾ രാജ്യത്തിന്റെ അധികാര വികേന്ദ്രീകരണത്തിലെ സുപ്രധാന ഭേദഗതികളായിരുന്നു. ആ ഭേദഗതികളുടെ അടിസ്ഥാനത്തിലാണ് 1994-ൽ ആദ്യത്തെ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വരുന്നത്. ആ നിയമത്തിന് പല ഘട്ടങ്ങളിലും ഭേദഗതികൾ വന്നിട്ടുണ്ട്. ആ സുപ്രധാനമായ പല ഭേദഗതികളും കേരളത്തിൽ അധികാരത്തിലിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സർക്കാരുകളാണ് മുന്നോട്ടുകൊണ്ടുവന്നിട്ടുള്ളത്. അധികാര വികേന്ദ്രീകരണ പ്രവർത്തനവും വികേന്ദ്രീകൃത ആസൂത്രണവും ഇന്ത്യാരാജ്യത്ത് ഏറ്റവും മാതൃകാപരമായി നടത്തുന്ന ഒരു സംസ്ഥാനമാണ് കേരളം. അതിന്റെ ഭാഗമായി സാധാരണ ജനങ്ങളുടെ എല്ലാ പ്രശ്നങ്ങളിലും ഇടപെടുന്ന ഒരു സമിതിയായി കേരളത്തിലെ 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും

മാറിയിട്ടുണ്ടെന്നതാണ് പ്രത്യേകത. മാത്രമല്ല, കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും കളക്ടറേറ്റിന്റെയും എല്ലാം ഭാഗമായിരുന്ന അധികാരങ്ങൾ താഴെത്തട്ടിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ആ അധികാരം വിനിയോഗിക്കുന്നതിനുവേണ്ടി പദ്ധതി വിഹിതത്തിന്റെ 28 ശതമാനം മുതൽ 33 ശതമാനം വരെ ബജറ്റിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലം മുതൽ നമുക്ക് സാധിച്ചിട്ടുണ്ട്. വികേന്ദ്രീകൃത ആസൂത്രണത്തിന് മഹാനായ ഇ.എം.എസ്. നൽകിയ നേതൃത്വം ഇന്നും നമുക്ക് സ്മരണീയമാണ്. 1997-ൽ ഒൻപതാം പഞ്ചവത്സര പദ്ധതി ആരംഭിക്കുമ്പോൾ അത് വികേന്ദ്രീകൃത ആസൂത്രണത്തിനുവേണ്ടി വിനിയോഗിച്ചു. അതിന്റെ ചലനങ്ങളാണ് ഇന്ന് കേരളത്തിൽ കാണുന്നത്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ 27 എണ്ണവും പൊതുവായ ചുമതലകൾ 14 എണ്ണവും മേഖലാടിസ്ഥാനത്തിലുള്ള 19 ചുമതലകളും നിർവഹിക്കുന്നതിനുള്ള അധികാരം നൽകുകയും ആ അധികാരം വിനിയോഗിക്കുന്നതിനുള്ള പണം നൽകുകയും ചെയ്യുന്ന സ്ഥിതിയാണ്

കേരളത്തിലെ സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. ഇതിന്റെ ഫലമായി കേരളത്തിൽ മൂന്ന് ലക്ഷം കിലോമീറ്റർ റോഡുകളുണ്ടെന്നാണ് കണക്ക്. അതിൽ 270000 കിലോമീറ്റർ റോഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് മെയിന്റെയിൻ ചെയ്യുന്നത്. ഇതിലൊരു പ്രത്യേകത 175000 കിലോമീറ്റർ റോഡ് നിർമ്മിക്കാൻ സാധിച്ചത് ഒൻപതാം പഞ്ചവത്സര പദ്ധതിക്കുശേഷമാണ്. അതായത് അധികാര വികേന്ദ്രീകരണ പ്രവർത്തനവും വികേന്ദ്രീകൃത ആസൂത്രണവും ആരംഭിച്ചതിനുശേഷമാണ് കേരളത്തിൽ ഇത്രയുമധികം റോഡുകൾ പുതിയതായി നിർമ്മിക്കാൻ സാധിച്ചത്. ഇത് അധികാര വികേന്ദ്രീകരണത്തിന്റെ പ്രധാനപ്പെട്ട മുഖമായി കാണാൻ സാധിക്കുന്നുണ്ട്. ഗ്രാമസഭ എന്നത് ഭരണഘടനാപരമായ ഒരു സംവിധാനമാണ്. ഈ സംവിധാനത്തിലെ ഒരു യോഗത്തിനുപോലും ക്വാറം തികയ്ക്കാൻ കഴിയുന്നില്ലെന്നതാണ് ഇന്ന് നാം അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം. ഒമ്പതാം പഞ്ചവത്സരപദ്ധതി ആരംഭിക്കുമ്പോൾ 750 മുതൽ 1500 വരെയുള്ള ആളുകളാണ് ഒരു ഗ്രാമസഭാ യോഗത്തിൽ പങ്കെടുത്തിരുന്നത്. എന്നാലിപ്പോൾ അതിൽ വലിയ

കുറവുണ്ടായിട്ടുണ്ടെന്നതാണ് വസ്തുത. സർക്കാർ വളരെയധികം ഗൗരവമായി ഇക്കാര്യത്തിൽ ഇടപെടണം. ഉദ്യോഗസ്ഥന്മാരും പല ജനപ്രതിനിധികളും രാഷ്ട്രീയ പ്രവർത്തകരും സർക്കാർ ആനുകൂല്യം വാങ്ങുന്ന ആളുകളും ഗ്രാമസഭാ യോഗങ്ങളിൽ കൃത്യമായി പങ്കെടുക്കുന്നില്ല. വ്യക്തിഗത ആനുകൂല്യങ്ങൾ ആവശ്യമുള്ളവർ മാത്രം പോകേണ്ട ഒരിടമായി ഗ്രാമസഭകൾ മാറുന്നുണ്ടോയെന്ന ചോദ്യവും നമുക്ക് മുന്നിലുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെയും വികേന്ദ്രീകൃതാസൂത്രണത്തിന്റെയും ഭാഗമായി ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ഈ ഘട്ടത്തിൽ പ്രത്യേകം നടപ്പാക്കേണ്ടതുണ്ട്. കേരളത്തിന്റെ വികസനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് വളരെ വലുതാണെന്ന കാര്യം എനിക്കുമുമ്പ് ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട നേതാക്കളെല്ലാം സൂചിപ്പിച്ചിട്ടുണ്ട്. 90,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഇക്കാലയളവിൽ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. കിഫ്ബി പ്രവർത്തനങ്ങളും മലയോര-തീരദേശ പാതകളുടെ പ്രവർത്തനങ്ങളും മറ്റ് വികസന പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഗ്രാമീണ മേഖലയുടെ

വികസനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സുപ്രധാനമായ പങ്കുവഹിക്കുന്നുണ്ട്. അതിദരിദ്രരുള്ള ഒരു സംസ്ഥാനമായിരുന്നു കേരളം. രണ്ടാം പിണറായി സർക്കാർ അധികാരത്തിലെത്തിയപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീയുടെ സഹായത്തോടുകൂടി അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള നടപടി ആരംഭിച്ചതിന്റെ ഭാഗമായി 64006 പേരെ കണ്ടെത്തുകയും ഈ ആളുകളെ അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കാനുള്ള ഒരു കഠിനപ്രയത്നമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. ഓരോ കുടുംബങ്ങൾക്കും ഭക്ഷണവും പാർപ്പിടവും ആരോഗ്യസൗകര്യവും ഉപജീവനവും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇക്കാലയളവിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. വീട് എന്ന സ്വപ്നം ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങൾക്ക് അന്യമായിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ഒന്നാം പിണറായി സർക്കാരിന്റെ കാലയളവിൽ കേരളത്തിൽ ലൈഫ് ഭവന പദ്ധതി നടപ്പാക്കിത്തുടങ്ങി. നിലവിൽ

ഏകദേശം അഞ്ച് ലക്ഷത്തി തൊണ്ണൂറായിരത്തിലേറെ ആളുകൾക്ക് ഈ പദ്ധതിയിലേക്ക് പണം നൽകുകയും അതിൽ നാലര ലക്ഷത്തിലേറെ ആളുകൾ വീട് പണി പൂർത്തിയാക്കുകയും ബാക്കിയുള്ളവരുടെ വീട് പണി നടന്നുകൊണ്ടിരിക്കുകയുമാണ്. കേരളത്തിന്റെ അധികാര വികേന്ദ്രീകരണ പ്രവർത്തനത്തിലെ സുപ്രധാനമായൊരു കാര്യമാണ് കേരളം സ്മാർട്ടാകുക എന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ സമീപനം. കെ-സ്മാർട്ട് പദ്ധതി നടപ്പാക്കിയതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപന ഓഫീസുകളിൽ ജനങ്ങൾ കയറിയിറങ്ങേണ്ട സ്ഥിതിയില്ലാതായി. ഇന്ന് മുഴുവൻ സേവനങ്ങളും കെ-സ്മാർട്ട് വഴി ലഭ്യമാകുന്ന സാഹചര്യമാണ്. ഇന്ന് വീട് നിർമ്മാണത്തിനുള്ള പെർമിറ്റ് മിനിട്ടുകൾക്കകം നേടാനാകും. ലോകത്തെ ഏത് സ്ഥലത്തുനിന്നും വിവാഹം രജിസ്റ്റർ ചെയ്യാനും നികുതി അടയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാനും ഈ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ കുറച്ചുകാലമായി നമ്മൾ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം ഫയലിന്റെ പുറകെ പോകുകയെന്നതാണ്. ഉദ്യോഗസ്ഥരുടെ ജോലിഭാരം....

<u>മി.സ്പീക്കർ</u>: പ്ലീസ്....ശ്രീ. ജി. സ്റ്റീഫൻ എം.എൽ.എ. കൺക്ലൂഡ് ചെയ്യണം.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ഞാൻ  പ്രസംഗം ആരംഭിച്ചിട്ട് കുറച്ചുസമയമേ ആയിട്ടുള്ളൂ.

ജനങ്ങൾ അവരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ നിരന്തരം കയറിയിറങ്ങുന്ന രീതിക്ക് പരിഹാരമുണ്ടാക്കാനും ഉദ്യോഗസ്ഥരുടെ ജോലി ഭാരം ലഘൂകരിക്കാനും കഴിഞ്ഞു. മാലിന്യ സംസ്കരണരംഗത്ത് കേരളം മികച്ച നേട്ടമാണ് കൈവരിച്ചുകൊണ്ടിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശക്തമായ പ്രവർത്തനങ്ങളാണ് ഇതിനുവേണ്ടി നടത്തുന്നത്. മട്ടന്നൂർ മാതൃക ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. കൂടാതെ പ്രത്യേക വിഭാഗത്തിലെ മിനിസ്റ്റീരിയൽ അവാർഡ് നേടാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ, കേരളത്തിലെ 82 നഗരസഭകളും അതത് വിഭാഗങ്ങളിൽ ആദ്യത്തെ ആയിരം റാങ്കിനുള്ളിൽ ഉൾപ്പെട്ടിട്ടുണ്ട്. ആദ്യമായി കേരളത്തിലെ ഇരുപത്തിമൂന്ന് നഗരങ്ങൾ ഗാർബേജ് ഫ്രീ സിറ്റി സ്റ്റാർ റേറ്റിങ്

സ്വന്തമാക്കിയിട്ടുണ്ട്. വെളിയിട വിസർജ്യമുക്തം എന്ന പദവിയും കേരളത്തിന് നേടാൻ കഴിഞ്ഞു. കൂടാതെ വികേന്ദ്രീകൃത ആസൂത്രണം രാജ്യത്തിന് മാതൃകയായി മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. മാലിന്യവിഷയത്തിൽ പതിറ്റാണ്ടുകളായി അഭിമുഖീകരിച്ചുകൊണ്ടിരുന്ന പ്രശ്നങ്ങൾക്കാണ് കേരള സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ശക്തമായ നിലപാടുകളിലൂടെ പരിഹാരമുണ്ടായത്. 59 ഡമ്പ് സൈറ്റുകളിൽ നിന്ന് 24 മാലിന്യക്കൂനകൾ നീക്കം ചെയ്തതിലൂടെ 56 ഏക്കർ 95 സെന്റ് ഭൂമിയാണ് സർക്കാർ വീണ്ടെടുത്തത്. ബ്രഹ്മപുരം ഉൾപ്പെടെയുള്ള 10 കേന്ദ്രങ്ങളുടെ പ്രവൃത്തി അവസാനഘട്ടത്തിലാണ്. 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. ഗ്രാമീണമേഖലയിലെയും നഗരമേഖലയിലെയും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന്റെ 98 ശതമാനം പ്രവർത്തനങ്ങളും നടപ്പാക്കാൻ കഴിഞ്ഞു. ഹരിതകർമ്മസേനയെ ശാസ്ത്രീയമായി വിന്യസിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പെടുത്ത നിലപാടുകളാണ് ഈ നേട്ടങ്ങളുണ്ടാക്കിയെടുക്കുന്നതിനുള്ള

സാഹചര്യമൊരുക്കിയത്. 2025 ജനവരി മുതൽ ഏപ്രിൽ വരെ 91429.61 മെട്രിക് ടൺ അജൈവമാലിന്യമാണ് ശേഖരിച്ചിട്ടുള്ളത്. ഇത് ഹരിതകർമ്മസേനയുടെ പ്രവർത്തനം എത്രത്തോളം മാതൃകാപരമാണെന്ന് സൂചിപ്പിക്കുന്നു.

മി.സ്പീക്കർ: ശ്രീ. ജി. സ്റ്റീഫൻ.. പ്ലീസ്..... നിയമനിർമ്മാണവുമായി ബന്ധപ്പെട്ട പ്രസംഗങ്ങളിൽ ഒരു understanding ആവശ്യമാണ്. അക്കാര്യം സൂചിപ്പിച്ചെന്നേയുള്ളൂ. പ്രധാനപ്പെട്ട ബില്ലുകളുടെ ചർച്ച നടക്കുമ്പോൾ അംഗങ്ങളുടെ എണ്ണവും വളരെ കുറവാണെന്ന കാര്യം ശ്രദ്ധിക്കണം.

ശ്രീ. ജി. സ്റ്റീഫൻ: സർ, രണ്ട് മിനിട്ടിനുള്ളിൽ അവസാനിപ്പിക്കാം. സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയ...

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഒരു വിഷയത്തെക്കുറിച്ചാണ് ഞാനിവിടെ പറയാൻ പോകുന്നത്. പാഴ്വസ്തുക്കൾ ശേഖരിക്കുന്ന ആളുകൾ ഇപ്പോൾ സമരത്തിലാണ്. കാരണം നിലവിലുള്ള മാലിന്യ സംസ്കരണ പ്രക്രിയയിൽ, മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന മൂന്ന് ലക്ഷത്തോളം വരുന്ന സ്ക്രാപ്പ്

മർച്ചെന്റ്സിനേയും കൂടി ഉൾപ്പെടുത്തണമെന്നതാണ് അവരുടെ ആവശ്യം. ഈ മേഖലയിൽ തൊഴിൽസുരക്ഷയുമായി ബന്ധപ്പെട്ട് വലിയ രീതിയിലുള്ള പ്രശ്നങ്ങൾ നേരിടുന്നുണ്ട്. മാത്രമല്ല റീസൈക്ലിങ് വസ്തുക്കൾ ഹരിതകർമ്മ സേനയ്ക്ക് മാത്രമേ ശേഖരിക്കാൻ കഴിയുകയുള്ളൂവെന്ന ഉത്തരവ് നിലവിലുള്ളതുകാരണം പാഴ്വസ്തുക്കൾ ശേഖരിക്കുന്ന ആളുകൾക്ക് തൊഴിലെടുക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ട് അവരെക്കൂടി ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തി അവരുടെ ഉപജീവനം നിലയ്ക്കാത്ത രീതിയിലുള്ള സമീപനം ആവശ്യമാണ്. അസംഘടിത മേഖലയിലുള്ള പാഴ്വസ്തുക്കൾ ശേഖരിക്കുന്ന വ്യാപാരികൾ ആയതിന്റെ ഫീഡർമാരായ ആളുകളെക്കൂടി ഉൾപ്പെടുത്തി മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ഊർജസ്വലമായി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതല്ലേ?

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം ഈ ബില്ലിന്റെ ചർച്ചയുടെ ഭാഗമായി ഉന്നയിക്കപ്പെട്ട് പരിഹരിക്കപ്പെടേണ്ടതാണ്. സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതയുടെ

കാര്യത്തിൽ മാതൃകാപരമായ പ്രവർത്തനമാണ് കേരളം കൈവരിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ആയതിന് നേതൃത്വം നൽകുന്നത്. 83.45 ലക്ഷം കുടുംബങ്ങളെ സർവെ ചെയ്ത് 2188398 പേരെ പഠിതാക്കളാക്കാൻ ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ പ്രസ്ഥാനം മാതൃകാപരമായ മുന്നേറ്റമാണ് ഈ കാലയളവിൽ നടത്തിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പും സ്ഥാപനങ്ങളും ഇതിന് ശക്തമായ നേതൃത്വമാണ് നൽകിയതെന്ന് സൂചിപ്പിക്കാതിരിക്കാൻ കഴിയില്ല. 'കേരള ചിക്കൻ' അടക്കമുള്ള പ്രവർത്തനങ്ങൾ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് രാജ്യത്ത് ആദ്യമായി ക്ഷേമനിധി ഏർപ്പെടുത്തിയത് കേരളത്തിലാണ്. തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് ഗ്രാമീണ മേഖലയിലും നഗരമേഖലയിലും നേതൃത്വം നൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഈ നിലയിൽ ഏറ്റവും പ്രതിബദ്ധതയോടുകൂടിയാണ് കേരളത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. പുതിയ ഭേദഗതികൾ അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്യുന്നതിലൂടെ

ഇത് കുറച്ചുകൂടി ജനകീയമാക്കാൻ സാധിക്കും. ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ ഭരണസംവിധാനത്തിന്റെ പരമമായ ഉത്തരവാദിത്വം ജനങ്ങളോടാണ്. ഈ തത്വം അക്ഷരാർഥത്തിൽ എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കുകയാണ്. പക്ഷെ നിർഭാഗ്യമെന്ന് പറയട്ടെ, സഭാനടപടികൾ തടസ്സപ്പെടുത്തി ഇതിനെയെല്ലാം വക്രീകരിക്കുന്ന നടപടിയാണ് പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അടിയന്തരപ്രമേയത്തിൽ അടിതെറ്റി വീണ പ്രതിപക്ഷം ജനങ്ങൾക്കുമുമ്പിൽ നാണംകെട്ടിരിക്കുകയാണ്. പ്രതിദിനം ഇളിഭ്യരായി മാറുന്ന പ്രതിപക്ഷത്തെയാണ് നമുക്ക് കാണാൻ കഴിയുന്നത്. കോടതികളിൽ നിന്ന് തുടർച്ചയായി തിരിച്ചടി കിട്ടിയ ഇതുപോലൊരു പ്രതിപക്ഷം കേരള ചരിത്രത്തിലോ ഇന്ത്യാ ചരിത്രത്തിലോ ഉണ്ടായിട്ടില്ല. പിണറായി സർക്കാരിന്റെ നേട്ടങ്ങളെ ജനങ്ങളുടെ ഇടയിൽ എത്തിക്കുന്നതിനെ മന:പൂർവമായി തടയാനാണ് പ്രതിപക്ഷാംഗങ്ങൾ നിയമസഭാ നടപടികളെപ്പോലും തടസ്സപ്പെടുത്തുന്ന നിലപാട് സ്വീകരിക്കുന്നത്.

Uncorrected/Not for publication
08-10-2025

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2025, കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2025, എന്നിവ ഒട്ടേറെ കാര്യങ്ങളിൽ വ്യക്തത കൊണ്ടുവരാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്ന സമയത്ത് ഇക്കാര്യങ്ങൾ പരാമർശിച്ചതാണ്. വാർഡ് വിഭജനവും സംവരണവും നിശ്ചയിക്കുന്നത് ഒരു പ്രായോഗികമായ പ്രശ്നമായി സർക്കാരിനുമുമ്പിൽ ഉയർന്നുവന്നിട്ടുണ്ട്. ഒരു തദ്ദേശസ്ഥാപന അതിർത്തിയിൽ ജനസംഖ്യാ അനുപാതികമായിട്ടാണല്ലോ സംവരണം നൽകുന്നത്. കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യ തുല്യമായി വന്ന സാഹചര്യമുണ്ടായി. അതിൽ വ്യക്തത വരുത്തുന്നതിനുവേണ്ടിയുള്ളതാണ് ഇതിലെ ഒരു ഭേദഗതി. അങ്ങനെ തുല്യമായി വന്നാൽ നറുക്കെടുപ്പിലൂടെ ആദ്യത്തെ തവണ സംവരണം നിശ്ചയിക്കുകയും പിന്നീട് ആവർത്തനം വരാതെ റൊട്ടേഷൻ അടിസ്ഥാനത്തിൽ സംവരണം

മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യുകയെന്നതാണ് ഈ ഭേദഗതികൊണ്ട് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

നഗരസഭ ചെയർപേഴ്സൺമാരുടെ അധികാരങ്ങൾ കുറച്ചുകൂടി വിപുലീകരിക്കുന്നതിനുള്ള ഭേദഗതികളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സെക്രട്ടറിയുടെ അധികാരങ്ങൾ കുറച്ചുകൂടി വിപുലീകരിക്കുന്നതിനും അതുപോലെതന്നെ ആഭ്യന്തര വിജിലൻസ്, മോണിറ്ററിങ് സംവിധാനങ്ങൾ എന്നിവയെ ശക്തിപ്പെടുത്തുന്നതിനും നേരത്തെ തീരുമാനിച്ചതാണ്. 'പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിലവിലുള്ള സാഹചര്യത്തിൽ പ്രസക്തമല്ലാത്തതിനാൽ അവിടുത്തെ ജീവനക്കാരെ താഴെതലങ്ങളിലേക്ക് പുനർവിന്യസിക്കണമെന്ന് 2020-2021-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 208-ാമത്തെ ഖണ്ഡികയിൽ പറഞ്ഞിട്ടുണ്ട്. നാലാം ഭരണ പരിഷ്കാര കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശകൾ പരിഗണിച്ചുകൊണ്ട് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് 2022 മേയ് 25-ന് ഉത്തരവിറക്കിയിരുന്നു. ആ ഉത്തരവിലെ ക്രമനമ്പർ 11 തീരുമാനപ്രകാരം പെർഫോമൻസ് ഓഡിറ്റ് സംവിധാനം അവസാനിപ്പിക്കാൻ തീരുമാനിച്ചു. പിന്നീട് തദ്ദേശ വകുപ്പിൽ

ഏകീകരണം വന്ന സമയത്ത് ഈ വിശേഷാൽ ചട്ടങ്ങളിലെ ഇന്റേണൽ വിജിലൻസ് ഓഫീസർ തസ്തിക അസിസ്റ്റന്റ് ഡയറക്ടർ തസ്തികയ്ക്ക് തുല്യമായി രൂപപ്പെടുത്തുകയും പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിർത്തലാക്കുകയും ചെയ്തു. അങ്ങനെയുള്ള ജീവനക്കാരെ ആഭ്യന്തര വിജിലൻസ് സംവിധാനത്തിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും പുനർവിന്യസിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചത്. പക്ഷേ ഈ വ്യവസ്ഥ ആക്റ്റിൽ വന്നിരുന്നില്ല, സർക്കാർ ഉത്തരവ് വഴിയാണ് അത് നടപ്പാക്കിയത്. ആ വ്യവസ്ഥ ആക്റ്റിൽ കൂടി ഇപ്പോൾ കൊണ്ടുവരികയാണ് ഇതിലൂടെ ചെയ്യുന്നത്. ഇതൊരു ചരിത്രപ്രാധാന്യമുള്ള നിയമ ഭേദഗതിയാണെന്ന സവിശേഷതകൂടിയുണ്ട്. ഇന്ത്യയിൽ ആദ്യമായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള വികസന, ക്ഷേമ പ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കാനുള്ള ഭേദഗതി നാം കൊണ്ടുവരികയാണ്. അധികാര വികേന്ദ്രീകരണത്തിൽ കേരളം രാജ്യത്തിന് മാതൃകയാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ബഹുമാന്യരായിട്ടുള്ള അംഗങ്ങളിൽ പലരും

ഇക്കാര്യം അടിവരയിടുകയുണ്ടായി. മറ്റൊരു മാതൃകകൂടി രാജ്യത്തിന് കേരളം ഈ ഭേദഗതിയിലൂടെ സൃഷ്ടിക്കുകയാണ്. വികസന ക്ഷേമ പ്രവർത്തനങ്ങൾ ഇനി മുതൽ ജനകീയമായ സോഷ്യൽ ഓഡിറ്റിന് വിധേയമാകുന്നു എന്ന വസ്തുത വേണ്ടത്ര ഈ സഭയോ, മാധ്യമങ്ങളോ ശ്രദ്ധിച്ചോയെന്ന് എനിക്ക് സംശയമുണ്ട്. ഗുണഭോക്താക്കൾക്ക് മാത്രമല്ല, ജനങ്ങൾക്കാകെ അതിന്റെ നിർവ്വഹണത്തെ പരിശോധിക്കാനുള്ള അധികാരം വരികയാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, സർക്കാർ ചെയ്യുന്ന വികസന പ്രവർത്തനങ്ങൾ ജനങ്ങളെ അറിയിക്കാനുള്ള സർക്കാരിന്റെ പുതിയ നിർദേശം വളരെ സ്വാഗതാർഹമാണ്. പക്ഷെ, നിർഭാഗ്യവശാൽ ഇന്നലെ എന്റെ നിയോജകമണ്ഡലത്തിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിൽ സർക്കാരിന്റെ നിർദേശപ്രകാരം വികസന സദസ്സുകൾ നടത്തേണ്ടതില്ലെന്ന് പഞ്ചായത്ത് ഭരണസമിതി യോഗം ചേർന്ന് തീരുമാനിക്കുകയുണ്ടായി. കേരളത്തിലെ ആയിരത്തോളം വരുന്ന പഞ്ചായത്തുകളിൽ സർക്കാരിന്റെ ഒരു ഫണ്ടും പഞ്ചായത്തുകൾക്ക് കൊടുക്കാൻ കഴിയുന്നില്ല. എൻ.ഒ.സി.-യും നൽകുന്നില്ല. ഒരു പ്രാദേശിക കക്ഷി ഭരിക്കുന്ന നാല് പഞ്ചായത്തുകളിലും

ഫണ്ടുകൾ ഒരു വികസന പ്രവർത്തനത്തിനും ചെലവഴിക്കാതെ ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുകയാണ്. ടി വിഷയം ശരിയായ രീതിയിൽ കൊണ്ടുപോകുന്നതിനുള്ള നടപടികൾ അങ്ങ് സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, സോഷ്യൽ ഓഡിറ്റിന്റെ നിർവ്വഹണം വിലയിരുത്താനും പരിശോധിക്കാനുമുള്ള അധികാരം ജനങ്ങൾക്ക് നൽകുകയാണ്. ജനങ്ങളുടെ ശ്രദ്ധ കൊണ്ടുവരാനുള്ള പ്രചരണ സംവിധാനമായിട്ടല്ല, മറിച്ച് അധികാര വികേന്ദ്രീകരണത്തെയും ജനങ്ങളുടെ ജനാധിപത്യ അവകാശത്തെയും കൂടുതൽ ആഴമുള്ളതും വിപുലവുമാക്കി മാറ്റുകയാണ് ചെയ്യുന്നത്. ബഹുമാന്യനായ അംഗം ഉന്നയിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതാണ്ട് നൂറോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാത്രമാണ് ഇപ്പോൾ വികസന സദസ്സ് നടത്തേണ്ടതില്ലായെന്ന് തീരുമാനിച്ചത്. അതിന്റെ അർത്ഥം ആ നൂറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാൻ കാര്യമായി ഒന്നുമില്ലായെന്നതാണ്. പ്രതിപക്ഷം ഭരിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾ തന്നെ മലപ്പുറം ജില്ലയിലും മറ്റും വികസന സദസ്സ് നടത്താൻ മുന്നോട്ടുവരുന്നുണ്ട്.

ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാൻ ഒന്നുമില്ലാത്തവർ വികസന സദസ്സ് നടത്തിയിട്ട് എന്തെങ്കിലും കാര്യമുണ്ടോ? അതുകൊണ്ടായിരിക്കാം അവർ മുന്നോട്ടുവരാത്തതെന്നാണ് ഞാൻ കരുതുന്നത്. വികസന ഫണ്ട് ചെലവഴിക്കാത്തത് ഗൗരവമായ വിഷയമാണ്. ഇക്കാര്യം പ്രത്യേകമായി സർക്കാർ പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്ന കാര്യം അറിയിക്കുകയാണ്. അതുപോലെ മറ്റൊരു പ്രശ്നം ഇവിടെ ഉന്നയിച്ചു. ഭേദഗതികളിലൂടെ പ്രചരണം നടത്താനുള്ള അവകാശത്തെ ഹൈക്കോടതി വിധിയുടെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് നിയമവിധേയമാക്കുന്നതിനുള്ള ഒരു വ്യവസ്ഥയാണ്. ഹൈക്കോടതിയുടെ വിധിയെ സർക്കാർ മാനിക്കുന്നു. ആ വിധിയുടെ അന്തസ്സത്ത പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ബോർഡുകൾ, കൊടിതോരണങ്ങൾ എന്നിവ നിയമപരമായി മാത്രമേ സ്ഥാപിക്കാനാകൂയെന്ന് വ്യവസ്ഥ ചെയ്യുന്നതാണ് ഇതിലെ ഒരു ഭേദഗതി.

ശ്രീ. ഇ. കെ. വിജയൻ: സർ, ആന്ധ്രാപ്രദേശിൽ നാരായണ എന്ന പാർട്ടി നേതാവ് ആന്ധ്രാ ഗവൺമെന്റിനെതിരായി നടത്തിയ കേസിൽ പൊതുയോഗം നടത്തേണ്ടതില്ലെന്ന് കോടതി തീർപ്പുകൽപ്പിക്കുകയുണ്ടായി.

എന്നാൽ ടി വിഷയത്തിൽ രാഷ്ട്രീയ പാർട്ടികൾ പ്രകടനം നടത്തുന്നതും പൊതുയോഗം നടത്തുന്നതും ജനാധിപത്യ അവകാശമാണെന്ന് സുപ്രീംകോടതി അസന്നിഗ്ധമായി പ്രഖ്യാപിച്ചു. ഇക്കാര്യം ഞാൻ ശ്രദ്ധക്ഷണിക്കലിലൂടെ കൊണ്ടുവന്നിരുന്നു, പക്ഷെ അന്ന് ഉന്നയിക്കാൻ സാധിച്ചില്ല. ടി വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേരള ഗവൺമെന്റ് അത് ടേക്ക് അപ്പ് ചെയ്യേണ്ട പ്രശ്നമാണ്.

ശ്രീ. എം. ബി. രാജേഷ്: സർ, ആന്ധ്രയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ നേതാവ് കോടതിയിൽ പോയി അനുകൂലമായ വിധി വാങ്ങിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവിടെ കോടതി വിധിയുടെ പശ്ചാത്തലത്തിൽ കോടതി വിധിയെ തന്നെ ഉൾക്കൊണ്ടാണ് സർക്കാർ മുന്നോട്ട് പോകുന്നത്. പ്രചരണം നടത്തുന്നത് ജനാധിപത്യപരമായ അവകാശമാണല്ലോ; ആ ജനാധിപത്യ അവകാശത്തെ നിയമവിധേയമാക്കുന്ന തരത്തിൽ, കോടതി വിധിക്ക് എതിരായിട്ടല്ല അതിന് വിധേയമായി നിയമവിധേയമാക്കുകയെന്നതാണ് ഈ ഭേദഗതികൊണ്ട്

ഉദ്ദേശിക്കുന്നത്. അപ്പോൾ കമാനങ്ങൾ, ബോർഡുകൾ, ഹോർഡിങ്ങുകൾ, ബാനറുകൾ, ഡിജിറ്റൽ ബാനറുകൾ, കൊടികൾ, കൊടിതോരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള ഫീസ് ഒടുക്കി, സെക്രട്ടറിയിൽനിന്ന് രേഖാമൂലമുള്ള അനുമതി വാങ്ങുന്നത് സംബന്ധിച്ച വ്യവസ്ഥയാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. ഒരേസമയം ജനാധിപത്യ അവകാശങ്ങളെ ഉയർത്തിപ്പിടിക്കുകയും കോടതി പറഞ്ഞിട്ടുള്ള വ്യവസ്ഥകളെ നാം ഉൾക്കൊള്ളുകയും ചെയ്യുന്നു. മറ്റ് പ്രധാനപ്പെട്ട ഭേദഗതികൾ ലൈസൻസുമായി ബന്ധപ്പെട്ടവയാണ്. സംരംഭങ്ങൾ പല കാരണങ്ങൾ കൊണ്ട് പലപ്പോഴും തടസ്സപ്പെടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ സംരംഭങ്ങൾ ഏകപക്ഷീയമായി തടസ്സപ്പെടുന്ന സ്ഥിതിയുണ്ടാവരുത്. മറ്റ് വകുപ്പുകളിൽനിന്നുമുള്ള വിദഗ്ധരുടെ ഉപദേശം തേടേണ്ട സന്ദർഭത്തിൽ തേടുന്നത് നിർബന്ധമാക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അദാലത്ത് നടത്തിയപ്പോൾ സെക്രട്ടറി വിദഗ്ധോപദേശം തേടാതെ സംരംഭങ്ങൾ തടസ്സപ്പെടുത്തുകയും സ്റ്റോപ്പ് മെമ്മോ കൊടുക്കുന്ന പ്രവണതയും വ്യാപകമായിട്ടുണ്ടെന്നുള്ള ധാരാളം

പരാതികൾ ലഭിക്കുകയുണ്ടായി. എപ്പോൾ വേണമെങ്കിലും തേടാവുന്നതാണ് വിദഗ്ധോപദേശം. ഉദാഹരണത്തിന് മലിനീകരണ വിഷയങ്ങളിൽ വിദഗ്ധോപദേശം തേടേണ്ടത് പൊല്യൂഷൻ കൺട്രോൾ ബോർഡിൽനിന്നുമാണ്. ഉപദേശം തേടേണ്ട സമയത്ത് നിർബന്ധമായും തേടണം. അങ്ങനെ വിദഗ്ധോപദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ അത്തരം നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഇങ്ങനെയുള്ള കാര്യങ്ങളാണ് ഭേദഗതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഞാൻ അതിന്റെ വിശദാംശങ്ങൾ വീണ്ടും പറയുന്നില്ല. നേരത്തെ ഒരിക്കൽ ഇതൊക്കെ വിശദീകരിച്ചിട്ടുള്ളതാണ്. ചർച്ചയിൽ പൊതുവേ ഈ ഭേദഗതികളെ എല്ലാവരും പിന്തുണയ്ക്കുകയും, അനുകൂലിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വളരെ ശ്രദ്ധേയമായിട്ടുള്ള ചില നിർദേശങ്ങൾ വന്നു. ബഹുമാന്യനായ മലമ്പുഴ അംഗമായ ശ്രീ. എ. പ്രഭാകരൻ ചോദ്യമുയർത്തിയത് ഫീസ് ചുമത്തി ബോർഡുകൾ സ്ഥാപിക്കുന്നതിലൂടെ വരുമാനം വർധിപ്പിക്കാനാവുമോ എന്നതിനെ കുറിച്ചായിരുന്നു. ഇതിന്റെ ഫലപ്രാപ്തി, എത്ര ബോർഡുകൾ സ്ഥാപിക്കപ്പെടുന്നു എന്നതിനെ ആശ്രയിച്ചിരിക്കും.

നമ്മൾ ഇതിൽ പ്രധാനമായും ശ്രദ്ധിക്കേണ്ടത് ഈ പ്രവർത്തനം നിയമാനുസൃതമായിരിക്കണമെന്നും, നിയന്ത്രണവും വ്യവസ്ഥയും ഉണ്ടാവണമെന്നുമാണ്. ഫീസ് ചുമത്തുന്നത് നിയമപരമായ നിയന്ത്രണത്തിന്റെ ഭാഗമായിട്ടാണ് ഇതുവരെ കണ്ടുപോന്നത്. അതിനൊപ്പം ജനാധിപത്യപരമായ അവകാശം സംരക്ഷിക്കപ്പെടേണ്ടതാണ്. കോങ്ങാട് നിയോജകമണ്ഡലത്തിലെ ബഹുമാന്യയായ അംഗം ശ്രീമതി ശാന്തകുമാരി കെ., വളരെ പ്രസക്തമായ ഒരു കാര്യം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. അത് ഓസ്ട്രേലിയ സന്ദർശിച്ച അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്. വിദേശത്ത് സഞ്ചരിക്കുമ്പോഴുള്ള ഒരനുഭവം അതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഇല്ലെന്ന് തോന്നുന്നു. വിദേശത്ത് പോകുമ്പോൾ നമുക്ക് ചില കാര്യങ്ങൾ പഠിക്കാൻ സാധിക്കും. ചില കാര്യങ്ങളിൽ പ്രത്യേകിച്ച് പൗരബോധത്തിന്റെ കാര്യത്തിൽ നമ്മൾ എത്രമാത്രം പിന്നിലാണെന്നും ഏതെല്ലാം കാര്യങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നും നമ്മൾ എങ്ങനെ കൂടുതൽ മുന്നോട്ട് വരണം എന്നൊക്കെയുള്ള ചില തിരിച്ചറിവുകൾക്ക് അത് സഹായമാകും. പുല്ല്

വെട്ടുന്നതിനെക്കുറിച്ച് പലരുടെയും ഇപ്പോഴുള്ള മനോഭാവം എന്നത് പഞ്ചായത്ത് വെട്ടിക്കൊടുക്കണമെന്നാണ്. പക്ഷേ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് തദ്ദേശ സ്ഥാപനം അത് ചെയ്യുകയും അതിനൊരു ഫീസ് ഈടാക്കുകയും ചെയ്യുക എന്ന നിലയിലാണ്. ഇത് ഒരു ആശയമെന്ന നിലയിൽ വളരെ പ്രസക്തമാണ്. അത്തരം കാര്യങ്ങളൊക്കെ ഭാവിയിൽ നമുക്ക് ആലോചിക്കേണ്ടതാണ്. ബഹുമാന്യരായ അംഗങ്ങളിൽ ഒട്ടേറെപ്പേർ മാലിന്യമുക്ത നവകേരളത്തിന്റെ കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. അക്കാര്യത്തിൽ കേരളത്തിന് അഭിമാനകരമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ ഏറ്റവും വലിയ ഉദാഹരണം ബ്രഹ്മപുരം ആണ്. ബ്രഹ്മപുരം തീപ്പിടുത്തമുണ്ടായ സമയത്ത് അങ്ങേയ്ക്കും അറിയുന്നതായിരിക്കും, അന്ന് 12 ദിവസമാണ് തീ നിന്ന് കത്തിയത്. 12-ാമത്തെ ദിവസമാണ് തീ അണഞ്ഞ് പുക അടങ്ങിയത്. അതോടുകൂടി മാധ്യമങ്ങളും പ്രതിപക്ഷവും ഈ വിഷയം മറക്കുകയും ഉപേക്ഷിക്കുകയും ചെയ്തു. പക്ഷെ സർക്കാർ അത് മറന്നില്ല. ഇന്ന് രണ്ട് കൊല്ലം പിന്നിടുകയാണ്. 'ബ്രഹ്മപുരം ഒരു പൂങ്കാവനമാക്കി മാറ്റുമെന്ന്' അന്ന് ഈ സഭയിൽ പ്രഖ്യാപിച്ചിരുന്നു. വലിയ

പരിഹാസവും ട്രോളും അന്ന് ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട്. ഇന്ന് അക്ഷരാർത്ഥത്തിൽ തന്നെ ബ്രഹ്മപുരം ഒരു പൂങ്കാവനമായി മാറിയെന്ന് അഭിമാനത്തോടെ പറയാം. അസാധ്യമെന്നും അവിശ്വസനീയമെന്നും കരുതിയത് ഈ സർക്കാരിന് യാഥാർഥ്യമാക്കാൻ കഴിഞ്ഞു. 'ബ്രഹ്മപുരം പൂങ്കാവനമായപ്പോൾ' എന്ന വാർത്ത പൂക്കൾ വളർന്നു നിൽക്കുന്നതിന്റെ ദൃശ്യങ്ങൾ സഹിതം ഒരു ടെലിവിഷൻ ചാനൽ നൽകിയത് കഴിഞ്ഞ ദിവസം കാണുകയുണ്ടായി. അപൂർവ്വമായിട്ടാണല്ലോ അത്തരത്തിലുള്ള നല്ല വാർത്തകളൊക്കെ വരാറുള്ളത്. അത് കണ്ടപ്പോൾ അതിയായ സന്തോഷം തോന്നി. ബ്രഹ്മപുരം മാത്രമല്ല കേരളത്തിലെ 20 ഡംപ് സൈറ്റുകൾ ഇല്ലാതായെന്ന് നേരത്തെ ഇവിടെ പറഞ്ഞു. നിലവിൽ ബാക്കിയുള്ള 35-ഓളം ഡംപ് സൈറ്റുകൾ ഇല്ലാതാക്കാനുള്ള ബയോ മൈനിങ് പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അടുത്ത ഒന്നര വർഷത്തിനുള്ളിൽ കേരളം ഇന്ത്യയിൽ ഡംപ് സൈറ്റുകൾ ഇല്ലാത്ത ആദ്യത്തെ സംസ്ഥാനമായി മാറും. ഇങ്ങനെ, നിരവധി മേഖലകളിൽ 'ഇന്ത്യയിലെ ആദ്യമായി' എന്ന വിശേഷണവുമായി നിരവധി നേട്ടങ്ങൾ കേരളം ഇതിനകം തന്നെ

കൈവരിച്ചിട്ടുണ്ട്. ഈ നവംബർ ഒന്നാം തീയതി കേരളത്തിന്റെ എഴുപതാം പിറന്നാൾ ആഘോഷിക്കുന്ന അവസരത്തിൽ അഭിമാനകരമായ ഒരു നേട്ടം കൂടി നമുക്ക് സ്വന്തമാകുകയാണ്; ഇന്ത്യയിൽ ആദ്യമായി, അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറുകയാണ്. ലോകത്ത് ചൈനയ്ക്ക് ശേഷം രണ്ടാമത് അതിദാരിദ്ര്യം നിർമ്മാർജനം ചെയ്യുന്ന പ്രദേശമായി കേരളം മാറാൻ പോകുകയാണ്. ഇന്ത്യയിൽ ആദ്യമായി കെ-സ്മാർട്ട് വഴി തദ്ദേശ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാക്കി മാറ്റിയ സംസ്ഥാനം കേരളമാണ്. കെ-സ്മാർട്ടിന്റെ പ്രത്യേകത ഇവിടെ പറഞ്ഞു. ഇന്ന് ഞാൻ കണക്ക് പരിശോധിച്ചപ്പോൾ 30 സെക്കൻഡിൽ താഴെ സമയം കൊണ്ട് 66,862 ബിൽഡിങ് പെർമിറ്റുകളാണ് നൽകിയത്. വീഡിയോ ഇ-കെ.വൈ.സി.-യുടെ സഹായത്തോടെ, വധുവിനും വരനും ലോകത്ത് എവിടെയാണെങ്കിലും, രണ്ട് പേരും ഒരു സ്ഥലത്ത് വേണമെന്നില്ല രണ്ട് സ്ഥലത്താണെങ്കിലും വിവാഹം രജിസ്റ്റർ ചെയ്യാൻ സാധിക്കുന്ന ഏക സംസ്ഥാനം കേരളമാണ്. ഒരു കൊല്ലത്തിനുള്ളിൽ ഇത്തരത്തിൽ 57,500-ൽ അധികം വിവാഹങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിരൽത്തുമ്പിൽ സേവനം

മാത്രമല്ല, പൗരൻമാരുടെ വിരൽ തുമ്പിലാണ് ഇന്ന് തദ്ദേശ സ്ഥാപനങ്ങളുള്ളത്. എല്ലാവരെയും അതിന് പ്രാപ്തരാക്കാൻ വേണ്ടി സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ യജ്ഞം സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. 21,87,000/- പേരെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരരാക്കി മാറ്റാൻ കഴിഞ്ഞു. കഴിഞ്ഞ ദിവസമാണ് ഇന്ത്യയിലെ എല്ലാ പ്രധാന പത്രങ്ങളിലും 'കേരളത്തിൽ വിവാഹ രജിസ്ട്രേഷൻ വിപ്ലവം' എന്ന തലക്കെട്ടിൽ വീഡിയോ ഇ-കെ.വൈ.സി. വഴിയുള്ള വിവാഹ രജിസ്ട്രേഷനെക്കുറിച്ചുള്ള വാർത്ത വന്നത്. The Tribune, ഹിന്ദുസ്ഥാൻ ടൈംസ്, എക്കണോമിക് ടൈംസ്, ബിസിനസ് സ്റ്റാൻഡേർഡ്, സി ന്യൂസ് തുടങ്ങിയ മാധ്യമങ്ങളെല്ലാം പ്രാധാന്യത്തോടുകൂടി ഈ വാർത്ത നൽകിയത് ഓർമ്മിപ്പിക്കുകയാണ്.

ഇന്ത്യയിൽ ആദ്യമായി നഗരനയം ആവിഷ്കരിക്കുന്നതിനുവേണ്ടി ഒരു കമ്മീഷനെ നിയമിച്ചത് കേരളമാണ്. കേരളത്തിൽ നഗരനയം രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ അവസാനഘട്ടത്തിൽ എത്തി നിൽക്കുകയാണ്. അതിന് ആദ്യമായി മുൻകൈയെടുത്ത സംസ്ഥാനം കേരളമാണെന്ന് സഭയെ അറിയിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്.

നവംബർ ആദ്യവാരത്തിൽ ഗവൺമെന്റ് ഓഫ് ഇന്ത്യ കേരളത്തിന്റെ മാതൃകയിൽ 'നഗരനയ കോൺക്ലേവ്' സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. സമയക്കുറവുമൂലം ഞാൻ ചുരുക്കുകയാണ്, പദ്ധതി ചെലവിന്റെ കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ വികസന ഫണ്ട് ഇനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് നൽകിയത് 41,223/- കോടി രൂപയാണ്. ഓരോ വർഷത്തെയും കണക്ക് ഇവിടെ പറയുന്നുണ്ട്. 2021-22-ൽ 7,180/- കോടി രൂപയും 2022-23-ൽ 8,048/- കോടി രൂപയും 2023-24-ൽ 8,248/- കോടി രൂപയും 2024-25-ൽ 8,532/- കോടി രൂപയും 2025-26-ൽ 9,215/- കോടി രൂപയുമാണ് നൽകിയത്. വികസന ഫണ്ട് ഇനത്തിൽ ഈ അഞ്ചുവർഷം ശരാശരി 8,244/- കോടി രൂപ നൽകിയിട്ടുണ്ട്. റോഡ്, നോൺ-റോഡ് മെയിന്റനൻസ് ഗ്രാൻഡ് ഇനത്തിൽ 29,303.77 കോടി രൂപ നൽകിയിട്ടുണ്ട്. അതിനുപുറമെ, ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ അഞ്ച് വർഷം കൊണ്ട് 11,163.34 കോടി രൂപ നൽകിയിട്ടുണ്ട്. ആകെ, രണ്ട് ഇനങ്ങളിലുമായി തദ്ദേശ സ്ഥാപനങ്ങൾക്ക് അഞ്ച് വർഷം കൊണ്ട് നൽകിയത് 70,526.77 കോടി

രൂപയാണ്. ചെലവിന്റെ കണക്ക് ഞാൻ കഴിഞ്ഞ തവണ പറഞ്ഞു, ഏറ്റവും ഒടുവിലത്തെ കണക്ക് 87 ശതമാനത്തിൽ അധികമാണ്. തെറ്റായ പ്രചരണവും പ്രതീതിയും സൃഷ്ടിക്കുന്നതുകൊണ്ടാണ് ഈ കണക്കുകൾ ഇവിടെ പറഞ്ഞത്. ബാക്കി കാര്യങ്ങളെല്ലാം മുമ്പ് പലതവണ പറഞ്ഞിട്ടുള്ളതാണ്. അത് ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. ഗ്രാമസഭകളെ ശക്തിപ്പെടുത്തണമെന്നുള്ള നിർദേശം അഡ്വ. ജി. സ്റ്റീഫൻ ഉന്നയിച്ചത് വളരെ പ്രസക്തമാണ്. ഗ്രാമസഭകളുടെ പങ്കാളിത്തം വർധിപ്പിക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ തീർച്ചയായിട്ടും സർക്കാർ ആലോചിക്കുന്നുണ്ട്. അത്തരം നടപടികൾ കൂടി സർക്കാരിന്റെ ഭാഗത്ത് നിന്നുമുണ്ടാകും. ബസ് സ്റ്റാൻഡുകൾ മാലിന്യമുക്തമാക്കുന്നതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ ഇപ്പോൾ തന്നെ ബസ് സ്റ്റാൻഡുകൾ വൃത്തികേടാക്കിയാൽ ഫൈൻ ചുമത്താൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. ആ അധികാരം തദ്ദേശ സ്ഥാപനങ്ങൾ വിനിയോഗിക്കുകയാണ് ചെയ്യേണ്ടത്. അതിനാവശ്യമായിട്ടുള്ള നിർദേശം നൽകാവുന്നതാണ്. ബഹുമാന്യനായിട്ടുള്ള ശ്രീ. വി. ജോയി ഉന്നയിച്ച

പ്രശ്നവും പ്രധാനപ്പെട്ടതാണ്. അക്കാര്യത്തിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളോട് നടപടി സ്വീകരിക്കാൻ നിർദേശിക്കാവുന്നതാണ്. മലപ്പുറം ജില്ലയിലെ അഴിമതിയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. മലപ്പുറം ജില്ലയിലെ ഒരു ജില്ലാ പഞ്ചായത്ത് അംഗം അഴിമതി കേസിൽ ഉൾപ്പെട്ട് ജയിലിലാണെന്ന കാര്യം ഇവിടെ ബഹുമാന്യരായ അംഗങ്ങൾ ചൂണ്ടിക്കാണിച്ചു. 'ചോർ ഹേ, ചോർ ഹേ' എന്ന് മുദ്രാവാക്യം വിളിക്കുന്നത് നമ്മളെല്ലാം കേട്ടതാണ്. യഥാർത്ഥത്തിൽ ഒരു മുസ്ലിം ലീഗ് അംഗം മലപ്പുറം ജില്ലയിൽ അഴിമതി കേസിൽ പ്രതിയായി ഇപ്പോൾ സർക്കാർ ചെലവിൽ ചോറുണ്ടുകൊണ്ടിരിക്കുകയാണ്. സർക്കാരിന് അഴിതിയോട് വിട്ടുവീഴ്ചയില്ല എന്നതിന്റെ ഉദാഹരണമാണ് ഇത് കാണിക്കുന്നത്. അവിടുത്തെ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ ഈ ആരോപണം വന്ന സമയത്ത് സ്ഥലം മാറ്റി. അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. മലപ്പുറത്ത് മാത്രമല്ല കോട്ടയം മുൻസിപ്പാലിറ്റിയിലെ പ്രശ്നം ഈ സഭയിൽ ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. അവിടെ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് തിരിമറി നടത്തുന്നതും ദുർവിനിയോഗം ചെയ്യുന്നതും

വെച്ചുപൊറുപ്പിക്കുന്ന സർക്കാരല്ല, അത് ഉദ്യോഗസ്ഥരാണെങ്കിലും ജനപ്രതിനിധികളാണെങ്കിലും കർശന നടപടിയുണ്ടാകും. അത്തരക്കാർക്ക് സർക്കാർ ചെലവിൽ ചോറുണ്ണാനുള്ള വിധിയുണ്ടാകും എന്നതാണ് ഇപ്പോൾ അനുഭവങ്ങളെല്ലാം കാണിക്കുന്നത്. അതാണ് സർക്കാരിന്റെ അഴിമതിയോടുള്ള സമീപനം. ഞാൻ അവസാനിപ്പിക്കുകയാണ്.

നിർണ്ണായകമായ ബില്ലുകൾ ചർച്ച ചെയ്ത സഭാ സമ്മേളനമാണിതെന്ന് പലരും നേരത്തെ സൂചിപ്പിച്ചു. ഏക കിടപ്പാട നിയമം, സേവനവകാശ നിയമം, സോഷ്യൽ ഓഡിറ്റ് ആദ്യമായി ഇന്ത്യയിൽ കൊണ്ടുവരുന്ന മുൻസിപ്പൽ പഞ്ചായത്ത് നിയമ ഭേദഗതികൾ ഈ നിർണ്ണായകമായതും ചരിത്രപരമായ പ്രാധാന്യമുള്ളതുമായ ബില്ലുകളെല്ലാം ചർച്ച ചെയ്യുന്ന സമ്മേളനത്തിൽ ഏത് ചർച്ചയ്ക്കും തയ്യാറാണെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചത്. ആറ് ദിവസത്തിനുള്ളിൽ നാല് അടിയന്തര പ്രമേയം ചർച്ച ചെയ്യാൻ തയ്യാറായ, കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ അടിയന്തര പ്രമേയം ചർച്ച ചെയ്യാൻ തയ്യാറായ ഒരു സർക്കാരിന്റെ മുമ്പിലാണ് ഒരു നോട്ടീസ് പോലും നൽകാതെ നിരന്തരമായിട്ട് സഭ

സ്തംഭിപ്പിച്ചുകൊണ്ടിരിക്കുന്നത്. സഭാസമ്മേളനം സുഗമമായി നടത്തുന്നതിനായി അങ്ങ് ചർച്ചയ്ക്ക് വിളിച്ചെങ്കിലും അതുപോലും ബഹിഷ്കരിച്ച സ്ഥിതിയാണുണ്ടായത്. സാധാരണ ചർച്ചയിൽ പങ്കെടുത്ത് ചിലപ്പോൾ വിയോജിപ്പ് പ്രകടിപ്പിച്ച് ഇറങ്ങി പോകുന്നത് മനസ്സിലാക്കാം. പക്ഷേ ചർച്ചയ്ക്കേ വരുന്നില്ലെന്ന് പറഞ്ഞാൽ, പ്രതിപക്ഷത്തിന് ഇപ്പോൾ എല്ലാത്തിനെയും ഭയമാണ്, കോടതിയെയും നിയമസഭയെയും ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ചുചേർക്കുന്ന ചർച്ചയെപ്പോലും ഭയമാണ് എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അങ്ങ് വിളിച്ചുചേർക്കുന്ന ചർച്ചയിൽ ഒന്നും പറയാനില്ലാത്തതുകൊണ്ടും അവിടെ ഒരുതരത്തിലും വഴക്കുണ്ടാക്കാൻ നിർവാഹമില്ലാത്തതുകൊണ്ടും ചർച്ചയ്ക്ക് വരുന്നില്ലെന്നതാണ് നമ്മൾ കാണുന്ന സ്ഥിതി. ഇക്കാര്യം വളരെ നിർഭാഗ്യകരമാണെന്ന് അങ്ങ് ഇവിടെ ചൂണ്ടിക്കാണിക്കുകയും ഈ വികാരത്തോട് പൊതുവിൽ യോജിക്കുകയാണ്. പ്രതിപക്ഷത്തിന് അത്രയും ആത്മവിശ്വാസം ഉണ്ടായിരുന്നെങ്കിൽ ഈ വിഷയങ്ങളെല്ലാം സഭയിൽ ചർച്ച ചെയ്യാമായിരുന്നതാണ്, അതിൽനിന്നുകൂടി അവർ ഒളിച്ചോടുകയാണ്

ചെയ്തത്. നമ്മൾ നേരിടുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നത്തെ അഭിസംബോധന ചെയ്യാനും അത് കൈകാര്യം ചെയ്യാനുമുള്ള നിയമനിർമ്മാണത്തിൽ ജനങ്ങളോട് തരിമ്പെങ്കിലും ഉത്തരവാദിത്വമുണ്ടായിരുന്നെങ്കിൽ പ്രതിപക്ഷം ഈ ചർച്ചയിൽ പങ്കെടുക്കുകയല്ലേ ചെയ്യേണ്ടിയിരുന്നതെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. മാത്യു ടി. തോമസ് സംസാരിച്ചപ്പോൾ പറയുകയുണ്ടായി. പ്രതിപക്ഷം തുറന്നുകാണിക്കപ്പെട്ടിരിക്കുന്നുവെന്നതാണ് ഈ നിയമസഭാ സമ്മേളനത്തിന്റെ പ്രത്യേകത. മുമ്പ് അഴിമതിയുടെ കാര്യത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി, മുഴുവനും പറയാനുള്ള സമയമില്ല. കഴിഞ്ഞ 9 വർഷത്തിനിടയിൽ ഈ ഗവൺമെന്റിനെതിരായി പ്രതിപക്ഷം കൊണ്ടുവന്ന് പൊളിഞ്ഞുപോയ ആരോപണങ്ങൾ 38 എണ്ണമാണ്. പ്രതിപക്ഷവും പ്രതിപക്ഷനേതാക്കളും കൊടുത്ത 11 കേസുകളാണ് വിവിധ കോടതികൾ തള്ളി ചവറ്റുകുട്ടയിലെറിഞ്ഞത്. സമയക്കുറവുകൊണ്ടാണ് ഈ പട്ടിക മുഴുവനും ഞാൻ ഇവിടെ അവതരിപ്പിക്കാത്തത്. ഇതിന്റെ അർത്ഥം, കഴിഞ്ഞ 9 വർഷമായി പ്രതിപക്ഷം നിരന്തരം നിന്ന് ചെളിവാരിയെറിഞ്ഞ് അവർ ഇപ്പോൾ ചെളിയിൽ കുളിച്ചുനിൽക്കുന്നുവെന്നല്ലാതെ ഈ സർക്കാരിനെ ഒരുപോറൽ

പോലും ഏൽപിക്കാൻ സാധിച്ചിട്ടില്ലെന്നതാണ്. ഈ ആരോപണങ്ങളെല്ലാം കോടതിയിൽക്കൊണ്ടുപോയി തെറ്റാണെന്ന് അവർതന്നെ തെളിയിച്ചതിന് യഥാർഥത്തിൽ പ്രതിപക്ഷത്തോട് സർക്കാർ നന്ദി രേഖപ്പെടുത്തുകയാണ്. കോടതിയിൽ പോയില്ലെങ്കിൽ ഇവയെല്ലാം പുകമറയിൽ നിൽക്കുമായിരുന്നല്ലോ? ഇപ്പോൾ സഭയിൽ വന്നാലും കോടതിയിൽ വന്നാലും പൊളിയും, അതുകൊണ്ട് കോടതിയിൽ പോകുന്നതും സഭയിൽ ചർച്ചയ്ക്കിരിക്കുന്നതും നിർത്തിയെന്നതാണ് ഇപ്പോഴത്തെ അവസ്ഥ. കോടതിയിൽപ്പോയാലും നിയമസഭയിൽ ചർച്ചയ്ക്ക് വന്നാലും രക്ഷയില്ലെന്ന് അവർക്കറിയാം, അതുകൊണ്ട് ചർച്ചയില്ല, ഇനി സി.ബി.ഐ. മതിയെന്നാണ് അവർ പറയുന്നത്. ബഹുമാനപ്പെട്ട അംഗം ശ്രീ. മാത്യു ടി. തോമസ് പറഞ്ഞത് വളരെ ശരിയാണ്. ഹൈക്കോടതിയിൽ വിശ്വാസമില്ലാത്തതുകൊണ്ടല്ലേ ഹൈക്കോടതി നിർദേശപ്രകാരമുള്ള SIT (Special Investigation Team) അന്വേഷണത്തെ അവർ എതിർക്കുന്നത്. അതേസമയം അവർക്ക് വിശ്വാസം സി.ബി.ഐ.-യിലാണ്. ശ്രീമതി സോണിയാ ഗാന്ധിയെയും ശ്രീ. രാഹുൽ ഗാന്ധിയെയും ചോദ്യം ചെയ്യുന്ന,

മതിലുചാടിക്കടന്ന് ശ്രീ. പി. ചിദംബരത്തെ അറസ്റ്റ് ചെയ്ത് 105 ദിവസം ജയിലിൽ അടച്ച, കർണാടകയിലെ ഉപമുഖ്യമന്ത്രി ശ്രീ. ഡി. കെ. ശിവകുമാറിനെ നൂറ് ദിവസത്തിലധികം ജയിലിൽ അടച്ച സി.ബി.ഐ.-യിലാണ് കേരളത്തിലെ പ്രതിപക്ഷത്തിന് വിശ്വാസം. ഈ സി.ബി.ഐ.-യിലുള്ള വിശ്വാസം ബി.ജെ.പി.-യിലുള്ള വിശ്വാസമാണെന്ന് നാം കാണണം. കാരണം ബി.ജെ.പി./കേന്ദ്ര സർക്കാർ കൂട്ടിലിട്ട തത്തയാണ് സി.ബി.ഐ. ആത്യന്തികമായി, കേരളത്തിലെ കോൺഗ്രസ് സി.ബി.ഐ.-യിൽ വിശ്വസിക്കുന്നുവെന്നുപറഞ്ഞാൽ ബി.ജെ.പി.-യിൽ വിശ്വസിക്കുന്നുവെന്നാണ് അർഥം. പഴയ ചില അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. വീണ്ടും ബി.ജെ.പി.-യുമായുള്ള ഒരു സഖ്യം/ധാരണ രൂപപ്പെടുത്താൻ ഈ അവസരം ഒരു സുവർണാവസരമാക്കി മാറ്റാൻ കഴിയുമോ എന്നാണ് അവർ ആലോചിക്കുന്നത്. അതെല്ലാം ജനങ്ങൾ തിരിച്ചറിയുമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ഭേദഗതി പാസാക്കണമെന്ന് സഭയോട് അഭ്യർഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

മി. സ്പീക്കർ: 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച് ശ്രീ. പി. ബാലചന്ദ്രൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

ശ്രീ. പി. ബാലചന്ദ്രൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച് ശ്രീ. വി. ജോയി അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ജോയി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ജോയി അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ സംബന്ധിച്ച് ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ സംബന്ധിച്ച് ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.......................

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

## (iii) 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

### രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

'ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി വരുത്താനുദ്ദേശിക്കുന്ന 6(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത്" എന്ന് ചേർക്കുക.'

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

140. പ്രധാന ആക്റ്റിലെ വകുപ്പ് 6(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "ചെയ്യേണ്ടതാണ്" എന്നതിന് പകരം " ചെയ്യാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

145. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 6(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "പട്ടികജാതിക്കാരുടേയും" എന്നതിന് പകരം "പട്ടികജാതി വിഭാഗക്കാരുടെയും" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

157. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6(5)ന്റെ ക്ലിപ്തനിബന്ധനയിൽ "വരുന്നപക്ഷം" എന്നതിന് പകരം '"വരുന്ന സന്ദർഭങ്ങളിൽ" എന്ന് ചേർക്കുക.

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

164. ഖണ്ഡം (2) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "സംവരണം ഏതു വിഭാഗത്തിനാണ് എന്നുള്ളത് ആദ്യ തവണ നറുക്കെടുപ്പിലൂടെ നിശ്ചയിക്കേണ്ടതും തുടർന്നു വരുന്ന സന്ദർഭങ്ങളിൽ ആവർത്തനം ഒഴിവാക്കി അതത് സംഗതി പോലെ, പട്ടികജാതി വിഭാഗത്തിനോ പട്ടികവർഗ്ഗ വിഭാഗത്തിനോ ആയി നിയമിക്കേണ്ടതുമാണ്" എന്നതിന് പകരം "സംവരണം പട്ടികജാതി വിഭാഗത്തിനോ പട്ടികവർഗ്ഗ വിഭാഗത്തിനോ എന്ന് നിശ്ചയിക്കുന്നതിന് ഒരു നറുക്കെടുപ്പ് നടത്തുകയും ഏതൊരവസരത്തിലും അതതുപോലെ നിശ്ചയിക്കാവുന്നതുമാണ്" എന്ന് ചേർക്കുക.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

168. ഖണ്ഡം (2) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "ആദ്യ തവണ നറുക്കെടുപ്പിലൂടെ നിശ്ചയിക്കേണ്ടതും തുടർന്നു വരുന്ന സന്ദർഭങ്ങളിൽ ആവർത്തനം ഒഴിവാക്കി," എന്നതിന് പകരം "ജനസംഖ്യാനുപാതികമായോ, നറുക്കെടുപ്പിലൂടെയോ" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

177. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 6(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "ആവർത്തനം ഒഴിവാക്കി" എന്നത് ഒഴിവാക്കുക.

181. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "ആയി നിശ്ചയിക്കേണ്ടതാണ്" എന്നതിന് പകരം "എന്ന്" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹു. മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 177, 181 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**മൂന്നാം വകുപ്പ്**

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

190. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(3)(ഇഎ)-ൽ "നടപ്പാക്കൽ" എന്നതിന് പകരം "നടപ്പാക്കുന്നതിന്" എന്ന് ചേർക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

193. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(3)(ഇഎ)-ൽ "നഗര" എന്നതിന് പകരം "നഗരത്തിന്റെ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

202. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 15(3) (ഇഎ)-ൽ "മുതലായ" എന്നതിന് പകരം "തുടങ്ങിയ" എന്ന് ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

207. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(3)(ഇഎ)- ൽ "നടപ്പാക്കുന്നുവെന്ന് ഉറപ്പു വരുത്തിക്കുകയും" എന്നതിന് പകരം "നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും" എന്ന് ചേർക്കുക.

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

216. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 15(3) (ഇഎ) താഴെപ്പറയും പ്രകാരം മാറ്റുക:

"നഗരസഭയ്ക്ക് വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനും നഗരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മാലിന്യ സംസ്കരണം മുതലായ കാര്യങ്ങൾക്കായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും;"

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

218. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 15(3) (ഇഎ) താഴെപ്പറയും പ്രകാരം മാറ്റുക:

"നഗരസഭയ്ക്ക് വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനും നഗരത്തിന്റെ അടിസ്ഥാന സൗകര്യ വികസനം വർദ്ധിപ്പിക്കുകയും മാലിന്യ സംസ്കരണം മുതലായ പ്രവർത്തനങ്ങൾക്കായി പദ്ധതികൾ ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും;"

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 193-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാലാം വകുപ്പ്

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

226. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 50(4)-ൽ "2,00,000" എന്നതിന് പകരം "1,00,000" എന്ന് ചേർക്കുക.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

228. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 50(4)- ൽ "2,00,000" എന്നതിന് പകരം "1,00,100" എന്ന് ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

236. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 50(4)-ൽ "2,00,000" എന്നതിന് പകരം "1,90,000" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

238. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 50(4)-ൽ "2,00,000" എന്നതിന് പകരം "2,25,000" എന്ന് ചേർക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

Uncorrected/Not for publication
08-10-2025

244. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 50(4)-ൽ "2,00,000" എന്നതിന് പകരം "3,00,000" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 228-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 236-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 238-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**അഞ്ചാം വകുപ്പ്**

**ശ്രീ. യു. ആർ. പ്രദീപ്:** സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

Uncorrected/Not for publication
08-10-2025

276. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)ൽ "നടത്തുന്നതോ" എന്നതിന് പകരം "നടത്തിക്കൊണ്ടിരിക്കുന്ന" എന്ന് ചേർക്കുക.

304. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)-ൽ "ഭരമേൽപ്പിച്ച" എന്നതിന് പകരം "ഭരണമേൽപ്പിച്ച" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

280. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)-ൽ "വർക്കുകളേയും" എന്നതിന് പകരം "പ്രവൃത്തികളേയും" എന്ന് ചേർക്കുക.

317. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)-ൽ " അതിന് " എന്നതിന് പകരം " ആയതിന് " എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

285. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)-ൽ "വർക്കുകളേയും പദ്ധതികളേയും" എന്നതിന് പകരം "വർക്കുകളും പദ്ധതികളും" എന്ന് ചേർക്കുക.

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

287. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)-ൽ "സംബന്ധിച്ചോ ഉള്ള" എന്നതിന് പകരം "സംബന്ധിച്ചുള്ള" എന്ന് ചേർക്കുക.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

289. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)-ൽ "രേഖകളും" എന്നതിന് ശേഷം "വിവരങ്ങളും" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

295. ഖണ്ഡം 5 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56 (5)-ൽ "വികസനപരവും, ജനക്ഷേമപരവുമായ ചുമതലകളെ ആ മുനിസിപ്പാലിറ്റിയെ ഭരമേൽപ്പിച്ച," എന്നതിന് പകരം "ഭരണപരവും വികസനക്ഷേമ പ്രവർത്തനങ്ങളുടെ ചുമതല ആ മുനിസിപ്പാലിറ്റിയെ ഭരണമേൽപ്പിച്ച," എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

300. ഖണ്ഡം 5 (i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56 (5)-ൽ "ജനക്ഷേമപരവുമായ" എന്നതിന് പകരം "ജനക്ഷേമകരവുമായ" എന്ന് ചേർക്കുക.

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

305. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)-ൽ "നിയന്ത്രണപരവുമായ അധികാരങ്ങളും" എന്നതിന് പകരം " നിയന്ത്രണാധികാരങ്ങളും" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

309. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)-ൽ “ കാര്യക്ഷമമായും” എന്നതിന് പകരം “ കാര്യക്ഷമവും” എന്ന് ചേർക്കുക.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

311. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)-ൽ " കാര്യക്ഷമമായും" എന്നതിന് പകരം " കാര്യക്ഷമതയോടെയും" എന്ന് ചേർക്കുക.

<u>ശ്രീ. എം. രാജഗോപാലൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

313. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)-ൽ " കാര്യക്ഷമമായും ഫലപ്രദമായും" എന്നതിന് പകരം " കാര്യക്ഷമവും ഫലപ്രദവുമായി" എന്ന് ചേർക്കുക.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

326. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(6)-ൽ "നടപ്പാക്കുന്ന" എന്നതിന് പകരം "നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതും" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

328. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(6)-ൽ "വികസന" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

334. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 56(6)-ൽ "നടത്തുന്നതിന്" എന്നതിന് പകരം "നടത്തിവരുന്നതിന്" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 276, 304 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 280, 317 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 285-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 287-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 289-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 295-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 300-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 305-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 313-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 326-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 328-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 334-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ആറാം വകുപ്പ്**

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

347. ഖണ്ഡം 6(i)(എ) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 217(1)(ബി)(i)-ൽ "മൂന്ന് ലക്ഷം"

എന്നതിന് പകരം "രണ്ട് ലക്ഷത്തി അമ്പതിനായിരം" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. കെ. അക്ബർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

353. ഖണ്ഡം 6(i)(ബി) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 217(1)(ബി)(ii) ൽ "മൂന്ന് ലക്ഷം" എന്നതിന് പകരം " അഞ്ച് ലക്ഷം" എന്ന് ചേർക്കുക.

<u>ശ്രീ. എച്ച്. സലാം:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

355. ഖണ്ഡം (6)(ii)(എ) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 217(1)(സി)(i)-ൽ "അഞ്ച് ലക്ഷം" എന്നതിന് പകരം "മൂന്നു ലക്ഷം" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 347-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 353-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 355-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ഏഴാം വകുപ്പ്**

(ഭേദഗതിയില്ല)

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

366. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369(1)-ൽ "യാതൊരാളും" എന്നതിന് പകരം "ഏതൊരാളും" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

373. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369(1)-ൽ "കുളത്തിന്റെയോ" എന്നത് വരുന്നിടത്തെല്ലാം അതിന് ശേഷം "കനാലിന്റെയോ" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

387. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369(1)-ൽ "ആബദ്ധവസ്തുക്കൾ" എന്നതിന് പകരം "തടസ്സം സൃഷ്ടിക്കുന്ന" എന്ന് ചേർക്കുക.

399. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369(2)-ൽ "തുറന്ന ചാലിനോ കിണറിനോ കുളത്തിനോ" എന്നതിന് പകരം "പൊതു-സ്വകാര്യ ജലാഗമന-നിഗമന മാർഗ്ഗങ്ങളിലോ " എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

394. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369(2)-ൽ "പൊതുസ്ഥലത്തോ പൊതുനിരത്തിലോ" എന്നതിന് പകരം "പൊതുഇടങ്ങളിൽ " എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

396. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369(2)-ൽ "ഏതെങ്കിലും തുറന്ന ചാലിനോ കിണറിനോ കുളത്തിനോ" എന്നതിന് പകരം "പൊതു-സ്വകാര്യ ജലസ്രോതസ്സുകളിലോ" എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

403. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369(2)-ൽ “ ഡിജിറ്റൽ ബാനറുകളോ” എന്നതിന് പകരം “ ഡിജിറ്റൽ ബോർഡുകളോ” എന്ന് ചേർക്കുക.

ശ്രീ. വി. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

405. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369(2)-ൽ “ തോരണങ്ങളോ” എന്നതിന് ശേഷം “ മാർഗ്ഗതടസ്സം സൃഷ്ടിക്കുന്ന വിധം” എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

Uncorrected/Not for publication
08-10-2025

407. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369(2)-ൽ " തോരണങ്ങളോ" എന്നതിന് ശേഷം " ഒരു നിശ്ചിത ദിവസത്തേക്ക്" എന്ന് ചേർക്കുക.

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

418. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369(2)ന്റെ ക്ലിപ്തനിബന്ധനയിൽ "വ്യവസ്ഥകൾക്ക്" എന്നതിന് പകരം "വ്യവസ്ഥകൾക്കും അനുബന്ധ വ്യവസ്ഥകൾക്കും" എന്ന് ചേർക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

420. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "വിധേയമായിട്ടായിരിക്കണം" എന്നതിന് പകരം "വിധേയമായി അതത് സംഗതിപോലെ ബന്ധപ്പെട്ട" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 366-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 373-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 387, 399 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 394-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 396-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഒ. എസ്. അംബിക അവതരിപ്പിച്ച 403-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി അവതരിപ്പിച്ച 405-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 407-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 418-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 420-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

440. പ്രധാന ആക്റ്റിൽ വകുപ്പ് 447(2)-ൽ "30 ദിവസത്തിനുള്ളിൽ" എന്നതിന് പകരം "15 ദിവസത്തിനകം" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

442. പ്രധാന ആക്റ്റിൽ വകുപ്പ് 447(2)-ൽ "30 ദിവസത്തിനുള്ളിൽ" എന്നതിന് പകരം "45 ദിവസത്തിനുള്ളിൽ" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

444. പ്രധാന ആക്റ്റിലെ വകുപ്പ് 447 (2)-ൽ “ ദിവസത്തിനുള്ളിൽ” എന്നതിന് പകരം “ ദിവസത്തിനകം” എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 440-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 442-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 444-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

447. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 448(4)-ൽ "നൽകുന്നതിന്" എന്നതിന് പകരം "നൽകാവുന്നതിന്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 447-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(ii) 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

വകുപ്പ് തിരിച്ചുള്ള പരിഗണന

രണ്ടാം വകുപ്പ്

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

137. പ്രധാന ആക്റ്റിലെ വകുപ്പ് 7(4)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ചെയ്യേണ്ടതാണ്" എന്നതിന് പകരം "ചെയ്യേണ്ടുന്നതും" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

144. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(4)- ന്റെ ക്ലിപ്തനിബന്ധനയിൽ "പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും" എന്നതിന് പകരം "പട്ടികജാതി-പട്ടികവർഗ്ഗവിഭാഗം" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

146. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "പട്ടികവർഗ്ഗക്കാരുടേയും" എന്നതിന് പകരം " പട്ടികവർഗ്ഗ വിഭാഗക്കാരുടേയും " എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

168. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7(4)-ൽ "ആദ്യ തവണ" എന്നത് ഒഴിവാക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ശ്രീ. പി. എസ്. സുപാലിന്റെ 164-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

164. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിലെ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത്" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മൂന്നാം വകുപ്പ്</u>

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

Uncorrected/Not for publication
08-10-2025

188. പ്രധാന ആക്റ്റിലെ വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "ചെയ്യേണ്ടതാണ്" എന്നതിന് പകരം "ചെയ്യുകയും" എന്ന് ചേർക്കുക.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

190. പ്രധാന ആക്റ്റിലെ വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "ചെയ്യേണ്ടതാണ്" എന്നതിന് പകരം "ചെയ്യാവുന്നതും" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

194. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ " പട്ടികജാതിക്കാരുടേയും" എന്നതിന് പകരം "പട്ടികജാതി വിഭാഗക്കാരുടേയും" എന്ന് ചേർക്കുക.

202. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ " പട്ടികവർഗ്ഗക്കാരുടേയും" എന്നതിന് പകരം " പട്ടികജാതി വിഭാഗക്കാരുടേയും" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

Uncorrected/Not for publication
08-10-2025

198. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ “ പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും” എന്നതിന് പകരം “ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ” എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

200. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ “ പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും” എന്നതിന് പകരം “ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെയും” എന്ന് ചേർക്കുക.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

209. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "വരുന്നപക്ഷം" എന്നതിന് പകരം "വരുന്ന സംഗതിയിൽ” എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

220. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത് സംബന്ധിച്ച്" എന്ന് ചേർക്കുക.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

237. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8 (4)-ന്റെ ക്ലിപ്ത നിബന്ധനയിൽ "നിശ്ചയിക്കേണ്ടതുമാണ്" എന്നതിന് പകരം "നിശ്ചയിക്കാവുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ശ്രീ. ജി. എസ്. ജയലാലിന്റെ 222-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

222. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത് " എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 194, 202 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>നാലാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

4-ാം ഖണ്ഡം

സമാനമായി ബില്ലിലെ 4-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി വരുത്താനുദ്ദേശിക്കുന്ന 9-ാം വകുപ്പ് (4)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "എന്നുള്ളത്" എന്ന വാക്കിന് പകരം "എന്നത് " എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

271. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 188(1 എ)-ൽ "വികസനപരവും ജനക്ഷേമപരവുമായ ചുമതലകൾ" എന്നതിന് പകരം " വികസന-ജനക്ഷേമ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം" എന്ന് ചേർക്കുക.

ശ്രീമതി ദെലീമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

281. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 188(1 എ)-ൽ "വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോ" എന്നതിന് പകരം "വിനിയോഗിക്കുന്നുണ്ടോ" എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

286. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 188(1 എ)-ൽ "പരിഹരിക്കാൻ യഥാസമയം അതിന് നിർദ്ദേശങ്ങൾ" എന്നതിന് പകരം "പരിഹരിക്കാൻ ആയത് സംബന്ധിച്ച് യഥാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

288. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 188(1 എ)-ൽ "അതിന്" എന്നതിന് പകരം "ആയതിന്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 271-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 281-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 288-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ആറാം വകുപ്പ്</u>

(ഭേദഗതി ഇല്ല.)

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

Uncorrected/Not for publication
08-10-2025

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

343. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 220(എ)(1)-ൽ "ആബദ്ധവസ്തുക്കൾ" എന്നതിന് പകരം "സ്തൂപങ്ങൾ, സ്മാരകങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

352. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 220 (എ) (2)-ൽ "ഡിജിറ്റൽ ബാനറുകളോ" എന്നതിന് പകരം "ഡിജിറ്റൽ ബോർഡുകൾ" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

354. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 220 (എ) (2)-ൽ "ഡിജിറ്റൽ ബാനറുകളോ" എന്നതിന് ശേഷം

"സ്ഥാപിക്കുന്നതിന് നിർണയിക്കപ്പെടാവുന്ന രീതിയിലുള്ള ഫീസ് ഒടുക്കിയും, കൊടികളോ കൊടിമരങ്ങളോ തോരണങ്ങളോ താത്ക്കാലികമായി സ്ഥാപിക്കുന്നതിന് അത് പോലെ സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുമതി വാങ്ങേണ്ടതും" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

356. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 220 (എ) (2)-ൽ "തോരണങ്ങളോ" എന്നതിന് ശേഷം "ഒരു നിശ്ചിത ദിവസത്തേക്ക്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 343-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 352-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 354-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 356-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം  വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>എട്ടാം വകുപ്പ്</u>

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

376. ഖണ്ഡം 8(i) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 233(എ)(2)-ൽ "സെക്രട്ടറി" എന്നതിന്

പകരം "സെക്രട്ടറിയ്ക്ക്, ഉചിതമെന്ന് കരുതുന്ന പക്ഷം" എന്ന് ചേർക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

379. ഖണ്ഡം 8(i) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 233(എ)(2)-ൽ "തേടേണ്ടതും" എന്നതിന് പകരം "സ്വീകരിക്കാവുന്നതും" എന്ന് ചേർക്കുക.

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

381. ഖണ്ഡം 8(ii) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 233(എ)(3)-ൽ "(2)-ാം ഉപവകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച" എന്നതിന് പകരം "നടപടികൾ എടുത്തതിന്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 376-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 379-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 381-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒമ്പതാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഒന്നാം വകുപ്പും പീഠികയും പേരുംബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ബിൽ പാസാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ .....................

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും ഒക്ടോബർ 09-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 ഒക്ടോബർ മാസം 09-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 02.09-ന് പിരിഞ്ഞു.)

Uncorrected/Not for publication
08-10-2025

* * * * * * *